നവംബർ 2019 Price ₹ 25

# ജീവനും വെളിച്ചവും

## നല്കപ്പെടലിന്റെ ചേതനയാണ് നവലോക സൃഷ്ടിയുടെ ചാലകം



# അനുഗ്രഹ ഭവൻ

**തിരുവനന്തപുരം അതിരൂപത ധ്യാനകേന്ദ്രം**



# യേശു വിളിക്കുന്നു

എല്ലാ മാസവും ആദ്യ ആഴ്ചയിൽ **മുക്തി ധ്യാനം**

ആദ്യ ശനിയാഴ്ച വൈകുന്നേരം 4 ന് ആരംഭിച്ച് വെള്ളിയാഴ്ച
രാവിലെ 9 ന് സമാപിക്കുന്നു. (2.11.2019 to 8.11.2019)

എല്ലാ മാസവും അവസാന ആഴ്ചയിൽ **കുടുംബ വിശുദ്ധീകരണ ധ്യാനം**

ഞായറാഴ്ച വൈകുന്നേരം 5ന് ആരംഭിച്ച്
വെള്ളിയാഴ്ച രാവിലെ 8 ന് സമാപിക്കുന്നു. (24.11.2019 to 29.11.2019)

**Contact No. 9446376653, 04712706653, 9446182707, 9489602406, 9496479625**

*ഡയറക്ടർ :* **ഫാ. ജോർജ്ജ് പോൾ**

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 നവംബർ
പുസ്തകം - 43 ലക്കം - 11
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com


**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ




# കുട്ടികളെ നവലോകത്തിന്റെ വഴിവിളക്കാക്കുക

ജീവിതത്തിന്റെ വസന്തമാണ് ബാല്യം. 1 മുതൽ 7 വയസ്സുവരെയുള്ള കാലഘട്ടത്തിലാണ് കുട്ടികളുടെ ബൗദ്ധിക-വൈകാരിക-കായിക വളർച്ചയ്ക്കുള്ള അടിത്തറ പാകപ്പെടുന്നത്. അമ്മമാരും അമ്മൂമ്മമാരും ചൊല്ലിക്കൊടുക്കുന്ന ശ്ലോകങ്ങളും, കഥകളും, കാര്യങ്ങളും മനസ്സിനെ തരളിതമാക്കുന്ന കാലം.

ഈയിടെ കുട്ടികളുടെ ഭക്ഷണത്തെച്ചൊല്ലിയുള്ള ദുർവാശി കണ്ട അച്ചൻ സമീപത്തെ കുട്ടികളുമായി റസിഡൻസ് അസോസിയേഷന്റെ സഹകരണത്തോടെ കൂട്ടുക്കൂട്ടം നടത്തി. ഭക്ഷണത്തെച്ചൊല്ലിയുള്ള ദുർവാശി അകറ്റുകയാണ് ലക്ഷ്യം. വഴിയോരങ്ങളിലെ സഹോദരങ്ങൾക്ക് ഭക്ഷണം നൽകാൻ നിശ്ചയിച്ചു. മാതാപിതാക്കൾ നൽകിയ തുകകൊണ്ട് കുട്ടികൾ തന്നെ ഭക്ഷണ വിതരണം ചെയ്യാൻ നിശ്ചയിച്ചു.

ഭക്ഷണ സാധനങ്ങൾ ചന്തയിൽപോയി വാങ്ങാനുള്ള ടീം. ഭക്ഷണം പാചകം ചെയ്യാനുള്ള ടീം, ഭക്ഷണം വിതരണം ചെയ്യാനുള്ള ടീം. പാത്രങ്ങൾ കഴുകാനുള്ള ടീം. കാര്യങ്ങൾ ക്രമീകരിക്കാനുള്ള ടീം. ഈ പങ്കുചേരലും ഭക്ഷണവിതരണവും കുട്ടികളിൽ മറക്കാനാകാത്ത ഓർമകളാണ് ഉണ്ടാക്കിയത്. സഹജീവികളുടെ ദുഃഖങ്ങളും വേദനകളും, ഒറ്റപ്പെടലുകളും, മനസ്സിലാക്കാനും തങ്ങളുടെ ജീവിതങ്ങൾക്ക് കരുതിവയ്ക്കാൻ ഗുണപാഠവും നല്ല ഓർമകളും. എത്ര എളുപ്പം ഭക്ഷണത്തെച്ചൊല്ലി ശുണ്ഠി കൂടിയിരുന്ന കുട്ടികളിൽ മാറ്റത്തിന്റെ ഓളങ്ങൾ തീർത്തു.

ഇന്ന് വിവരങ്ങൾ വിരൽത്തുമ്പത്താണ്. മാധ്യമങ്ങളാണ് എന്ത് ഭക്ഷിക്കണം, എന്ത് ഉടുക്കണം, എന്ത് പഠിക്കണം എന്നൊക്കെ നിശ്ചയിക്കുന്നത്. മാധ്യമലോകത്ത് സാമൂഹ്യമാധ്യമങ്ങൾ വലിയ ഒരു കടന്നുകയറ്റം തന്നെ നടത്തിയിരിക്കുന്നു. വിവരലോകത്ത് അനന്ത സാധ്യതകളുടെ വഴികൾ തുറന്നിട്ട നവമാധ്യമങ്ങൾ. സൈബർ ക്രൈം ഉൾപ്പെടെ കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്ന, ബാല്യങ്ങൾ ഞെരിഞ്ഞമർന്ന് പോകുന്ന മറ്റൊരു ലോകവും രൂപംകൊള്ളുകയാണ്.

കുട്ടികളെ പൊതുസമൂഹത്തിന്റെ പൊതുധാരയിലേക്ക് നിലനിർത്താനുള്ള പാഠ്യപദ്ധതികൾ ആവിഷ്കരിക്കണം. പഠനം വിരസമായ അഭ്യാസമാകരുത്. പ്രവർത്തികളിലൂടെ, ഇടപെടലുകളിലൂടെ നവമനോഭവങ്ങൾ രൂപപ്പെടുത്തുന്നതാകണം. കാലം കൈവിട്ടുപോകുമ്പോൾ, കാലാവസ്ഥ കലിതുള്ളുമ്പോൾ, മാലിന്യം അന്യന്റെ മുഖത്തേക്ക് വലിച്ചെറിയപ്പെടുമ്പോൾ സഹകരണത്തിന്റെ, സഹാനുഭൂതിയുടെ സ്നേഹത്തിന്റെ നവലോകം പടുത്തുയർത്താൻ കുട്ടികളുടെ ചേതനകളെ ഉണർത്താം. അവരെ നവലോകത്തിന്റെ വഴിവിളക്കുകളായി പരുവപ്പെടുത്താം.

\- പത്രാധിപർ




## യഥാർഥ ക്രിസ്ത്യാനി

സൂസപാക്യം പിതാവ് വിശ്വാസികൾക്കായി നൽകിയ സന്ദേശം "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" വായിച്ചു. നമ്മുടെ രൂപതകളിൽ എന്തെങ്കിലും സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ ഫലം പുറപ്പെടുവിക്കുന്ന തരത്തിൽ ആത്മാർഥമായി നടക്കുന്നുണ്ടോ? വിശേഷാൽ മാസങ്ങളും വിശേഷ ചിന്തയിൽ ഊന്നിയ വർഷങ്ങളും അതിന്റെ തുടർച്ചയെന്നോണം ചർച്ചകളും ചർച്ചാ ക്ലാസുകളും പ്രബന്ധാവതരണവും ഉഷാറായിത്തന്നെ നടക്കുന്നു. അവ എത്രമേനി ഫലം പുറപ്പെടുവിച്ചു എന്നാരെങ്കിലും വിലയിരുത്തിയിട്ടുണ്ടോ എന്തോ?

ഈശോ പറഞ്ഞത് പറയുകയും തോന്നതു പോലെ പ്രവർത്തിക്കുകയും ചെയ്താൽ അത് ക്രൈസ്തവന് ചേർന്ന പണിയല്ല. എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് ഗാന്ധിജി പറഞ്ഞു. ക്രിസ്ത്യാനി എന്നഭിമാനിക്കുന്ന നമ്മിൽ എത്ര പേർക്ക് ഞാൻ യഥാർഥ ക്രിസ്ത്യാനിയാണെന്ന് നെഞ്ചിൽ കൈവച്ച് പറയാൻ കഴിയും? പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെയും അഭിവന്ദ്യ സൂസപാക്യം പിതാവിന്റെയും ആഗ്രഹങ്ങൾക്കൊത്ത് പ്രേഷിതമാസം 100 മേനിഫലം പുറപ്പെടുവിക്കട്ടെ.

– വിജയമ്മ, പാളയം.

## വിശ്വാസ ജീവിതം ആഴപ്പെടുത്തുന്ന പ്രേഷിതമാസാചരണം

അസാധാരണ പ്രേഷിതമാസാചരണത്തെപ്പറ്റി കഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസികയിൽ വായിച്ചു.

ഫ്രാൻസിസ് മാർപാപ്പയുടെ അസാധാരണ മാസാചരണത്തെ വിഷയമാക്കി ബിസിസി ഭാരവാഹികൾ, ശുശ്രൂഷാ പ്രതിനിധികൾ, മതബോധന അധ്യാപകർ എന്നിവരെ പ്രത്യേകം ഗ്രൂപ്പുകളാക്കി ഇടവകകളിൽ ക്ലാസുകൾ നടന്നു. പങ്കെടുത്തവർ ഞായറാഴ്ചകളിലും അധികം പേരും അനുദിന ബലികളിലും പങ്കെടുക്കുന്നവരാണ്. കൂടുതൽ പേരും ഒന്നിലധികം ഭക്തസംഘടനകളിൽ അംഗങ്ങളുമാണ്. ഇടവക പ്രവർത്തനങ്ങളിലും ദേവാലയവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും നിസ്വാർഥ സേവനം ചെയ്യുന്നവരുമാണ്. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച വളരെയധികം പേരും വിശ്വാസജീവിതവുമായി ബന്ധമില്ലാതെ കഴിയുന്നവരാണ്. വിമർശനവുമായി നിരീശ്വര പ്രസ്താനങ്ങളിൽ പ്രവർത്തിക്കുന്നവരുമുണ്ട്. ഭവനങ്ങളിൽ, കോളനികളിൽ, ഫ്ളാറ്റുകളിൽ, ദുരിതാശ്വാസ കേന്ദ്രങ്ങളിൽ കഴിയുന്ന ഇവർ വിശ്വാസ ജീവിതത്തിൽ ഇടയനില്ലാത്ത ആടുകളെപ്പോലെയാണ്. ഇവരെ വിശ്വാസ ജീവിതത്തിൽ ആഴപ്പെടുത്തുവാൻ പ്രേഷിത മാസാചരണം വഴിതുറക്കട്ടെ എന്ന് ആഗ്രഹിക്കുന്നു.

– ജോൺസൺ ബ്രദർ
വലിയതുറ

### ജീവനും വെളിച്ചവും പ്രത്യേക പതിപ്പ്

തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പിതാവിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ജീവനും വെളിച്ചവും 2019 ഡിസംബർ ലക്കം പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത പതിപ്പിലേക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ ക്ഷണിക്കുന്നു. ലേഖനങ്ങൾ രണ്ടു പേജിലും, കവിതകൾ 16 വരികളിലും കവിയാൻ പാടില്ല. കഥകളുടെയും കവിതകളുടെയും ഇതിവൃത്തം ക്രിസ്മസ് ആയിരിക്കണം. രചനകൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 15 ആണ്. വിലാസം: എഡിറ്റർ, ജീവനും വെളിച്ചവും, ആർച്ച് ബിഷപ്പ്സ് ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം - 695003. ഇ-മെയിൽ: jeevanumvelichavum@gmail.com

### വിദ്യാഭ്യാസ സ്കോൾഷിപ്പിനായി അപേക്ഷ ക്ഷണിക്കുന്നു

ബിഷപ്പ് പെരേര എഡ്യൂക്കേഷൻ ട്രസ്റ്റ് 2019 വർഷത്തിലെ വിദ്യാഭ്യാസ സ്കോളർഷിപ്പിനായി അപേക്ഷകൾ ക്ഷണിക്കുന്നു. ട്രസ്റ്റിൽ നിക്ഷേപമുള്ള ഇടവകകളിൽ നിന്നുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പിനപേക്ഷിക്കാം. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും ഇടവക വികാരിമാരെ സമീപിക്കുക. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 25. ഫോൺ : 9446326183



# താളുകളിൽ



**8** ക്രിസ്തീയ വിശ്വാസ ജീവിതപരിശീലനം ഒരു ആനുകാലിക ദർശനം
ഡോ. ലോറൻസ് കുലാസ്

**11** കാനോൻ നിയമം
ഡോ. ജോസ് ജി.

**12** കുട്ടികളെ പറഞ്ഞിട്ടെന്തുകാര്യം
ഡോ. എ.ആർ.ജോൺ

**14** കഥ: മാതൃകാ അധ്യാപിക
കേണൽ എച്ച്.പദ്മനാഭൻ

**16** കുട്ടികളും ലഹരിയും
ഡോ. ദേവ് അഗസ്റ്റിൻ അക്കര

**18** ശ്രേഷ്ഠ ഭാഷയാം മലയാളം
ജോയ് ജോസഫ്

**22** തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

**24** കെസിഎസ്എൽ: നേതൃത്വത്തിലേക്കുള്ള ആദ്യപടി
ഫാ. ജേക്കബ് സ്റ്റെല്ലസ്

**26** വാർത്തകൾ

**32** നീർച്ചാലുകൾ

**38** വചനജ്വാല

**40** ഇളംതൂവൽ

**42** നേർക്കാഴ്ച



**വിദഗ്ധ ചികിത്സയ്ക്കുശേഷം തിരുവനന്തപുരം ലത്തീൻ അതിരൂപതാ ധ്യാനകേന്ദ്രമായ അനുഗ്രഹ ഭവനിൽ വിശ്രമിക്കുന്ന അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പിതാവ് അതിരൂപതാംഗങ്ങളായ തന്റെ പ്രിയ ജനത്തിന്റെ സ്നേഹത്തിനും പ്രാർഥനയ്ക്കും നന്ദി അറിയിച്ചുകൊണ്ട് എഴുതിയ കത്ത്**

## മരണത്തിന്റെ താഴ്‌വരയിൽ നിന്ന് ദൈവിക ഇടപെടലിന്റെ സാക്ഷ്യവുമായി

# വല്യപിതാവ്

കഴിഞ്ഞ ദിവസങ്ങളിൽ എന്റെ ആരോഗ്യത്തെ സംബന്ധിച്ച സംഭവവികാസങ്ങൾ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. തികച്ചും അപ്രതീക്ഷിതമായി ഗുരുതരമായ രോഗം പിടിപെട്ട് ഞാൻ അത്യാസന്ന നിലയിലായിരുന്നപ്പോൾ അതിരൂപതാമക്കളായ നിങ്ങളും ജാതി മത ഭേദമന്യേ മറ്റ് പതിനായിരക്കണക്കിന് ആളുകളും എനിക്കുവേണ്ടി മനമുരുകി രാവും പകലും ദൈവത്തോട് പ്രാർഥിക്കുകയായിരുന്നു. നിങ്ങളെല്ലാവരും എന്നോട് പ്രദർശിപ്പിച്ച ഈ സ്നേഹത്തിനും താല്പര്യത്തിനും കരുതലിനും നന്ദി പറയേണ്ടത് എന്റെ കടമയാണല്ലോ.

ദൈവത്തോടും നിങ്ങളോടും വാക്കുകൾകൊണ്ട് എങ്ങനെ നന്ദി പറയണമെന്ന് എനിക്കറിയില്ല. ഇക്കഴിഞ്ഞ സഹനത്തിന്റെ ദിനങ്ങളെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന തിരുവചനമിതാണ്:

"മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല. അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു" (സങ്കീ. 23:4).

അതെ, മരണത്തിന്റെ താഴ്‌വരയിലൂടെ കടന്നുപോയ ഒരു അനുഭവമായിരുന്നു എന്റേതും. എവിടെയാണെന്നോ എന്തൊക്കെയാണ് സംഭവിക്കുന്നതെന്നോ എനിക്ക് ഒരു നിശ്ചയവുമില്ലായിരുന്നു. ഡോക്ടർമാരെല്ലാം പകച്ചുനിന്ന ഒരു അവസരമായിരുന്നു അത്. അർദ്ധബോധാവസ്ഥയിലാണെങ്കിലും ഗൗരവമായ എന്തൊക്കെയോ സംഭവിക്കാൻ പോകുന്നു എന്ന തോന്നൽ എനിക്കുണ്ടായിരുന്നു. ഒരു ഘട്ടത്തിൽ നല്ല മരണത്തിനായി പ്രാർഥിക്കുകയും എന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സ്വീകരിക്കാൻ അഭ്യർത്ഥിച്ചതായും തോന്നുന്നു.

നിങ്ങളുടെയെല്ലാം തീവ്രമായ പ്രാർഥനയുടെ ഫല

മായി സുബോധാവസ്ഥയിൽ വന്നപ്പോഴാണ് കാര്യങ്ങൾ ഒന്നുകൂടി വ്യക്തമായി ഞാൻ മനസ്സിലാക്കുന്നത്. ആരോഗ്യാവസ്ഥ ഒന്നിനൊന്ന് വഷളായിക്കൊണ്ടിരുന്ന അവസരത്തിൽ ക്രിസ്തുദാസ് പിതാവ്, കർദ്ദിനാൾ ക്ലീമിസ് പിതാവിനോടൊപ്പം ഡോക്ടർമാരെ സമീപിച്ച് യഥാർത്ഥ അവസ്ഥ എന്താണെന്ന് രഹസ്യമായിട്ടെങ്കിലും വെളിപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചു. വൈദ്യശാസ്ത്രത്തിനു സാധിക്കുന്നതെല്ലാം ചെയ്യുന്നുണ്ടെന്നും ദൈവികമായ ഇടപെടലിനു മാത്രമേ എന്തെങ്കിലും പ്രതീക്ഷ നല്കാൻ സാധിക്കുകയുള്ളൂ എന്നുള്ള സൂചനയാണ് അവർക്ക് ലഭിച്ചത്. മറ്റൊരു പോംവഴിയും കാണാതെ എനിക്ക് രോഗീലേപനം തന്നശേഷം രണ്ടുപിതാക്കന്മാരും നിറകണ്ണുകളോടെയാണ് മടങ്ങിയത് എന്നാണ് കേൾക്കുന്നത്.

അതുകഴിഞ്ഞാണ് കൊച്ചുപിതാവിന്റെയും സഹപ്രവർത്തകരുടെയും നേതൃത്വത്തിൽ അതിരൂപതയിൽ മാത്രമല്ല, സാധ്യമായ സ്ഥലങ്ങളിലെല്ലാം വ്യാപിക്കുന്ന പ്രാർഥനാ ശൃംഖലയ്ക്ക് തുടക്കം കുറിച്ചത്. ദിവ്യകാരുണ്യ സന്നിധിയിലിരുന്ന് ധാരാളംപേർ ഹൃദയമുരുകി ഉപവസിച്ച് പ്രാർഥിച്ചതായും ധാരാളം ജപമാല എത്തിച്ചതായും കേൾക്കുന്നു. വിദഗ്ദ ചികിത്സയ്ക്കായുള്ള സൗകര്യങ്ങൾ വാഗ്ദാനംചെയ്തുകൊണ്ട് സർക്കാർതന്നെ മുന്നോട്ടുവന്നതായും സാധാരണ ജനങ്ങൾക്കൊപ്പം അഭിവന്ദ്യ പിതാക്കന്മാരും നിരവധി പ്രമുഖ വ്യക്തികളും കൂടെക്കൂടെ എന്റെ ആരോഗ്യാവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ ഈ ദിവസങ്ങളിൽ അന്വേഷിക്കുന്നുണ്ടായിരുന്നുവെന്നും ഞാനറിഞ്ഞു. ജൂബിലി ഹോസ്പിറ്റലിന്റെയും കിംസ് ഹോസ്പിറ്റലിന്റെയും സന്ദർഭോചിതമായ ഇടപെടലുകളും വിദഗ്ദമായ പരിചരണവും ഞാൻ നന്ദിയോടെ ഓർക്കുന്നു.

സഭയ്ക്കും സമൂഹത്തിനുംവേണ്ടി കാര്യമായിട്ടൊന്നും ചെയ്യാൻ സാധിക്കാത്ത സാധാരണക്കാരനായ എന്നോട് നിങ്ങളെല്ലാം ഇത്രയേറെ സ്നേഹവും താല്പര്യവും കരുതലും പ്രകടിപ്പിക്കുന്നതിനെക്കുറിച്ചോർക്കുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞുപോകുന്നു. നിങ്ങളുടെയൊക്കെ പ്രാർഥനയുടെ ഫലമായി എന്റെ ആരോഗ്യാവസ്ഥ മെച്ചപ്പെട്ടതിനെക്കാളുപരിയായി ഞാൻ നിമിത്തം ഈ ദിവസങ്ങളിൽ അനേകായിരങ്ങൾക്ക് ദൈവത്തോട് ബന്ധപ്പെടാനും ദൈവത്തെ അനുഭവിച്ചറിയുവാനും പ്രാർഥനയുടെ ഫലം വ്യക്തമായി കാണാനും സാധിച്ചുവല്ലോ എന്നതിലാണ് ഞാൻ കൂടുതൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നത്.

എനിക്കുവേണ്ടി നിങ്ങൾ പ്രാർഥിച്ചു. തീവ്രമായ പ്രാർഥനയുടെ ഫലം നിങ്ങൾ തിരിച്ചറിയുകയും ചെയ്തു. എന്നാൽ എന്നെക്കാളുപരി പ്രാർഥന ആവശ്യമുള്ള, ശാരീരികമായും മാനസികമായും സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോകുന്ന അതിനെക്കാളുപരി, പാപത്തിന്റെ അടിമത്തത്തിൽ നിപതിച്ചുകൊണ്ടിരിക്കുന്ന അനേകായിരങ്ങൾ നമുക്കു ചുറ്റുമുണ്ടല്ലോ. അവരും ദൈവമക്കളും നമ്മുടെ സഹോദരങ്ങളുമല്ലേ? അവർക്കുവേണ്ടിക്കൂടി തീവ്രമായി പ്രാർഥിക്കാനും പരിത്യാഗമനുഷ്ഠിക്കുവാനും നാം തയ്യാറാകേണ്ടതാണ്. നമ്മുടെ സ്വർഗ്ഗീയ മാതാവായ പരിശുദ്ധ കന്യകാമറിയം എവിടെയൊക്കെ പ്രത്യക്ഷപ്പെട്ടുവോ അവിടെയെല്ലാം സ്വയം പരിത്യജിച്ച് പാപികളുടെ മാനസാന്തരത്തിനായി പരിത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കുവാനാണ് തന്റെ മക്കളെ ആഹ്വാനം ചെയ്യുന്നത്. ഫാത്തിമായിലെ കുഞ്ഞുങ്ങളെ മാതാവുതന്നെ പഠിപ്പിച്ച പ്രാർഥന ഇന്ന് അനുദിനം നാം ചൊല്ലുന്ന ജപമാലയുടെ ഭാഗമാണ്: "എന്റെ ഈശോയേ, എന്റെ പ്രാർഥന കേൾക്കണമേ, നിത്യനരകാഗ്നിയിൽനിന്ന് എന്നെ രക്ഷിക്കണമേ. നിർഭാഗ്യരായ സകല ആത്മാക്കളെയും സ്വർഗ്ഗത്തിലേക്ക് ആനയിക്കണമേ. വിശിഷ്യാ, അങ്ങേ സഹായം ഏറ്റവും കൂടുതൽ ആവശ്യമായിരിക്കുന്നവരെ സഹായിക്കുകയും ചെയ്യണമേ". പാപികളുടെ മാനസാന്തരത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടിയുള്ള ഈ പ്രാർഥന കൂടുതൽ ഭക്തിയോടുകൂടി ചൊല്ലി ദൈവത്തിനു കാഴ്ചവയ്ക്കുവാൻ നമുക്കു ശ്രമിക്കാം.

എന്നെക്കുറിച്ച് ചിന്തിച്ച് ഞാൻ അസ്വസ്ഥനാകാറില്ല. ദൈവാനുഗ്രഹത്താൽ മരണത്തെ ഞാൻ ഭയപ്പെടുന്നില്ല. കുറെയേറെ സഹനശക്തി ദൈവം എനിക്ക് നല്കിയിട്ടുള്ളതായി തോന്നുന്നു. എല്ലാ ദിവസവും നല്ല മരണത്തിനായി ഞാൻ പ്രാർഥിക്കാറുണ്ട്. അപ്പോഴെല്ലാം ഞാൻ ഓർമ്മിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ വാക്യമിതാണ്:

"മാലാഖമാർ ഭൂമിയിൽ വസിക്കാറില്ല. കാരുണ്യവാനായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റിക്കഴിയുമ്പോൾ അവർ സ്വർഗ്ഗത്തിലേക്ക് പറക്കുന്നു. അതിനാണ് അവർക്ക് ചിറകുകൾ ഉള്ളത്".

ഈ വാക്യത്തിന്റെ പശ്ചാത്തലത്തിൽ ഞാൻ എന്നെക്കുറിച്ചുതന്നെ ഇപ്രകാരം ചിന്തിക്കുകയായിരുന്നു. മരണത്തിന്റെ വക്കിലെത്തിയ എന്നെ എന്തുകൊണ്ട് ദൈവം വീണ്ടും ഈ ജീവിതത്തിലേക്ക് കൊണ്ടുവന്നു? ഇതിന് എനിക്കു കിട്ടുന്ന ഉത്തരമിതാണ്: കാരുണ്യവാനായ ദൈവത്തിന്റെ ഇഷ്ടം, അതായത് നല്ല ദൈവം എന്നെ ഏല്പിച്ച ദൗത്യം അവിടുത്തെ ആഗ്രഹത്തിനൊത്ത് ഇനിയും പൂർണ്ണമായി ഞാൻ നിറവേറ്റിയിട്ടില്ല. ദൈവത്തിലേക്ക് പറന്നുയരുവാൻ തക്കവിധത്തിൽ സുകൃതങ്ങളാകുന്ന എന്റെ ചിറകുകൾ ഇനിയും പാകമായിട്ടില്ല. ദൈവം നിശ്ചയിച്ച സമയത്ത് ദൈവേഷ്ടം നിറവേറ്റിക്കൊണ്ട് അവിടുത്തെ പക്കലേക്ക് പറന്നുയരുവാൻ എനിക്കുവേണ്ടി തുടർന്നും പ്രാർഥിക്കണമെന്ന് നിങ്ങളേവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

അനുദിന ദിവ്യബലിയിലും ദിവസംമുഴുവനും ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ. ഒരിക്കൽക്കൂടി എന്നെത്തന്നെ മുഴുവനായും നിങ്ങളുടെ വിശുദ്ധീകരണത്തിനായി ദൈവതിരുസന്നിധിയിൽ ഞാൻ സമർപ്പിക്കുന്നു. ഞാൻ അർഹിക്കുന്നതിലുമധികമായി നിങ്ങൾ എന്നോടു കാണിച്ച സ്നേഹത്തിനും താല്പര്യത്തിനും കരുതലിനും ഹൃദയപൂർവ്വം നന്ദിപറയുന്നു.

ദൈവം നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം,

സൂസപാക്യം എം
തിരുവനന്തപുരം മെത്രാപ്പോലീത്ത

ലേഖനം

ഡോ. ലോറൻസ് കുലാസ്



# ക്രിസ്തീയവിശ്വാസ ജീവിതപരിശീലനം ഒരു ആനുകാലിക ദർശനം

**ധാരാളം നന്മകളുടെ വിളനിലമാണ് വിശ്വാസപരിശീലനം. സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന ഏറെ പേരെ വാർത്തെടുക്കുവാൻ വിശ്വാസപരിശീലനം സഹായകമായിട്ടുണ്ട്. ഈ യാഥാർഥ്യം ഉൾക്കൊണ്ട് ഭാവി തലമുറയുടെ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം എപ്രകാരമാണെന്നും നാളെ എപ്രകാരമായിരിക്കണമെന്നും ചിന്തിക്കുകയാണ് ഈ ലേഖനം**

നവംബർ 14 ഭാരതീയർ ശിശുദിനമായി ആഘോഷിച്ചുവരുന്നു. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ (ചാച്ചാജിയുടെ) ജന്മദിനമാണ് ഇപ്രകാരം ആഘോഷിക്കപ്പെടുന്നത്. ധിഷണശാലിയായിരുന്ന ചാച്ചാജി ഭാരതത്തിന്റെ ശോഭനമായ ഭാവി തനിക്ക് ചുറ്റും കൂടിയ കുഞ്ഞുങ്ങളിൽ ദർശിച്ചിരുന്നു. ജീവിത മൂല്യങ്ങൾ ഉയർത്തിപിടിക്കുന്ന ഒരു ഭാവി തലമുറയെ ഈ വലിയ മനുഷ്യൻ സ്വപ്നം കണ്ടിരുന്നു. ഈ സന്ദർഭത്തിൽ ഭാവിതലമുറയുടെ ക്രിസ്തീയവിശ്വാസജീവിതപരിശീലനം (ഈ ലേഖനത്തിന്റെ തുടർന്നുള്ള ഭാഗത്ത് 'വിശ്വാസപരിശീലനം' എന്നാണ് കുറിക്കുന്നത്) ഇന്ന് എപ്രകാരമാണെന്നും നാളെ എപ്രകാരമാകണമെന്നും ചിന്തിക്കുന്നത് ഉചിതമാണ്.

## നിർവ്വചനം

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥമാണ് വിശ്വാസപരിശീലനത്തിന് വളരെ ആഴമായ ഒരു നിർവ്വചനം നല്കുന്നത്. ഇത് ഇപ്രകാരമാണ്: "ശിഷ്യന്മാരാക്കുക, വിശ്വസിക്കുന്നതിലൂടെ യേശുവിന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിന് അവനാണ് ദൈവത്തിന്റെ പുത്രനെന്ന് വിശ്വസിക്കാൻ മനുഷ്യരെ സഹായിക്കുക, ക്രിസ്തുവിലുള്ള ജീവിതത്തിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക; അങ്ങനെ അവിടുത്തെ ശരീരം പണിതുയർത്തുക. സഭയുടെ ഈവിധ പ്രവർത്തനങ്ങളുടെ ആകെതുകയാണ് ക്രിസ്തീയവിശ്വാസപരിശീലനം" (നമ്പർ 4).

മേൽ ഉദ്ധരിക്കപ്പെട്ട അടിസ്ഥാന നിർവ്വചനം വിശ്വാസ പരിശീലന പ്രക്രിയയുടെ വിവിധ തലങ്ങളെ ഉയർത്തിപിടിക്കുന്നു. വിശ്വാസ പരിശീലന പ്രക്രിയയിലൂടെ എന്താണ് സംഭവിക്കേണ്ടതെന്ന് ഈ നിർവ്വചനം നമ്മേ പഠിപ്പിക്കുന്നു. ഒന്ന്, കുഞ്ഞുങ്ങളെ യേശുവിന്റെ-ദിവ്യഗുരുവിന്റെ-പാത പിൻതുടരുന്നവരാക്കുക (ശിഷ്യരാക്കുക). രണ്ട്, ദൈവപുത്രനായ യേശുവിൽ കുഞ്ഞുങ്ങളെ രൂപപ്പെടുത്തുക. മൂന്ന്, വിശ്വാസത്തിൽ ജീവിക്കുവാൻ മനുഷ്യരെ സഹായിക്കുക. നാല്, ദൈവത്തിന്റെ ദാനമായി ലഭിച്ച ജീവിതം ക്രിസ്തുവിൽ ജീവിക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക. അഞ്ച്, കുട്ടികളെ ഭൂമിയിൽ അവതരിച്ച ക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന സഭയെ പടുത്തുയർത്തുന്ന പണിയാളുകളാക്കുക. വളരെ സുദീർഘമായ ഒരു പ്രക്രിയയിലൂടെയാണ് ഓരോ കുഞ്ഞും കടന്നുപോകേണ്ടതെന്ന് നമ്മേ ഓരോരുത്തരെയും ഓർമ്മപ്പെടുത്തുന്നതാണ് മേലുദ്ധരിച്ച നിർവചനം. ഇത്രയെറെ പ്രാധാന്യമുള്ള ഈ പരിശീലനപ്രക്രിയ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽസംഭവിക്കുന്നുണ്ടോയെന്ന് ചിന്തിക്കേണ്ട ഒരു കാലമാണിത്.

## പദപരിചയം

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട് കിടക്കുന്ന മൂന്ന് പ്രധാന പദങ്ങൾ ഇവയാണ്: 'കെറ്റക്കിസം' (Catechism), 'കെറ്റകെസിസ്' (Catechesis), 'കെറ്റകെറ്റിക്സ്' (Catechetics). 'കെറ്റക്കിസം' എന്ന പദം വിശ്വാസപരിശീലന പാഠങ്ങളുടെ ഉള്ളടക്കത്തെ (content) കുറിക്കുന്നു. ഇന്ന് നാം പാഠക്രമമനുസരിച്ച് ഒരോ ക്ലാസിലേക്കും പാഠപുസ്തകങ്ങൾ നല്കുന്നു. പ്രസ്തുത പാഠപുസ്കത്തിന്റെ ഉള്ളടക്കമാണ് അതാത് ക്ലാസുകളിലെ കുട്ടികളെ പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും അധ്യാപകർ ശ്രമിക്കുന്നത്.

'കെറ്റകെസിസ്' എന്ന പദം വിശ്വാസപരിശീലന പ്രക്രിയയേ (process) സൂചിപ്പിക്കുന്നു. ഒരു പ്രത്യേക പ്രായവിഭാഗത്തിൽപ്പെടുന്നവർക്ക് വേണ്ടി മാത്രമുള്ളതല്ല വിശ്വാസപരിശീലനം. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നതുപോലെ 'ഗർഭാവസ്ഥ മുതൽ ശവകുടീരം വരെ' (from womb to tomb) തുടരേണ്ടുന്ന ഒരു പ്രക്രിയയാണ് വിശ്വാസപരിശീലനം. ഒ



രു മനുഷ്യന്റെ എല്ലാ ഘട്ടങ്ങളിലും നല്കപ്പെടേണ്ട പ്രക്രിയയാണ് വിശ്വാസപരിശീലനം.

'കെറ്റകെറ്റിക്സ്' എന്ന പദം വിശ്വാസ പരിശീലനത്തെ ശാസ്ത്രീയമായി (science) ഉൾക്കൊള്ളുക എന്നതിനെ സൂചിപ്പിക്കുന്നു. മറ്റേന്ത് ശാസ്ത്രവിഷയം കൈകാര്യം ചെയ്യുന്നതുപോലെ തന്നെ വിശ്വാസ പരിശീലനവും നിർവ്വഹിക്കപ്പെടേണ്ടതാണ്. ഇതര വിഷയങ്ങൾ പഠിപ്പിക്കുന്നതുപോലെതന്നെ പഠന സഹായി മാധ്യമങ്ങൾ - ചാർട്ട്, ലൈബ്രറി, ഓഡിയോ, വീഡിയോ, സൂചികാഗ്രന്ഥങ്ങൾ, പ്രവൃത്തിതലങ്ങൾ - ലഭ്യമാക്കുന്നതും വിശ്വാസപരിശീലനത്തിന്റെ ഭാഗമാകണം.

## വിശ്വാസപരിശീലനം ഇന്ന്

ധാരാളം നന്മകളുടെ വിളനിലമാണ് വിശ്വാസപരിശീലനം. സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന ഏറെ പേരെ വാർത്തെടുക്കുവാൻ വിശ്വാസ പരിശീലനം സഹായകമായിട്ടുണ്ട്. ആഴ്ചയിലെ ആറ് ദിവസവും പഠിപ്പിക്കുന്ന വിഷയങ്ങളിൽ നിന്നും കുട്ടികളെ വ്യത്യസ്ഥമാക്കുന്നത് വിശ്വാസപരിശീലനമാണ്. ആറ് ദിവസവും ഒരു മാത്സര്യബോധത്തോടെ പരിശീലനം നേടുന്ന വിദ്യാർത്ഥികൾ ഞായറാഴ്ചകളിലെ ഒന്നരമണിക്കൂർ മനുഷ്യജീവിതത്തിന്റെ അന്തസിനെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും മനസിലാക്കുന്നു. പൗരോഹിത്യ-സന്യസ്തവൃത്തിയിൽ ഏർപ്പെടുന്നവരോടൊപ്പം നിന്നുകൊണ്ട് അല്മായർ നിസ്വാർത്ഥമായി പങ്കുചേരുന്ന ഏറ്റവും വലിയ മേഖലയാണ് വിശ്വാസപരിശീലനം. ഏറെ അഭിമാനിക്കത്തക്കരീതിയിൽ പണ്ഡിതോചിതമായ (academic) തലത്തിൽത്തന്നെ കെ.ജി. ക്ലാസ് മുതൽ പി.ജി. ക്ലാസ് വരെ കൃത്യനിഷ്ഠയോടെ ക്ലാസുകൾ ക്രമീകരിക്കപ്പെടുന്നുവെന്നതും വിശ്വാസപരിശീലനത്തിലെ നന്മയാണ്.

മേൽസൂചിപ്പിക്കപ്പെട്ടതെല്ലാം തികച്ചും സ്വാഗതാർഹമാണെങ്കിലും ഏതാനും ചില ന്യൂനതകളും ഈ രംഗത്ത് ഇന്ന് നിലനില്ക്കുന്നുണ്ട്. വിശ്വാസപരിശീലനം നാല് ചുവരുകൾക്കുള്ളിൽ (class room) ഒതുക്കപ്പെടുന്നില്ലേ? ഒപ്പം തത്വാധിഷ്ഠിതവും (doctrinal) വിജ്ഞാനകേന്ദ്രീകൃതവും (knowledge) പരീക്ഷയെ (exam) മാത്രം ലക്ഷ്യമാക്കിയിട്ടുള്ളതുമൊക്കെയായ ഒരു പരിശീലമായി വിശ്വാസപരിശീലനം ഭവിക്കുന്നു. പാഠ്യപദ്ധതിപ്രകാരമുള്ള ഉള്ളടക്കത്തിൽ മാത്രം (catechism) ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. ഉള്ളടക്കത്തെ പ്രവർത്തിപഥത്തിലേക്ക് എത്തിക്കുവാനും ജീവിത വിജയം കൈവരിക്കുവാനുമൊക്കെ പരാജയപ്പെടുന്ന അനുഭവങ്ങളും വിശ്വാസപരിശീലനത്തിൽ ഉള്ളതായി കാണുന്നു. കേവല വിദ്യാഭ്യാസ കാലഘട്ടത്തിൽ മാത്രം നടക്കേണ്ട പ്രക്രിയ മാത്രമായി വിശ്വാസപരിശീലനം മാറിയിരിക്കുന്നു. ഒരു മനുഷ്യന്റെ ആജീവനാന്ത കാലഘട്ടത്തിൽ (catechesis) നല്കപ്പെടെണ്ടതാണ് വിശ്വാസപരിശീലനമെന്ന ചിന്ത ഇന്നും ആഴപ്പെട്ടിട്ടില്ല. കൂടാതെ, ഇതര വിഷയങ്ങൾ പരിശീലിപ്പിക്കപ്പെടുന്ന ശാസ്ത്രീയ അടിസ്ഥാനത്തിൽ വിശ്വാസപരിശീലനം നിർവ്വഹിക്കപ്പെടുന്നില്ല എന്നതും ഇന്നിന്റെ ഒരുപോരായ്മയാണ്. മാധ്യമ-സാങ്കേതിക പഠനസഹായികൾ (catechetics) വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ കഴിയാതെ വരുന്നതും ഇന്നിന്റെ ശോച്യാവസ്ഥയാണ്.

## പുനഃക്രമീകരണം

വിശ്വാസപരിശീലനത്തിൽ മേൽസൂചിപ്പിച്ചിട്ടുള്ള പോരായ്മകളെ എപ്രകാരം മറികടക്കാം എന്നുകൂടി ചിന്തിക്കുന്നത് ഉചിതമാണ്. അതിന് സഹായകമായ മൂന്ന് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു: ഒന്ന്, പാഠപുസ്തകത്തിന്റെ ഉള്ളടക്കം മനസിലാക്കുവാൻ വിദ്യാർത്ഥിയെ സഹായിക്കുന്ന അധ്യാപനരീതി മാനുഷിക സമീപനരീതിയിലാകണം (Anthropological Approach). നിശ്ചിത സമയപരിധിക്കുള്ളിൽ

പാഠപുസ്തകത്തിലെ ഉള്ളടക്കം പഠിപ്പിച്ചു തീർക്കുവാൻ ബദ്ധപ്പെടുന്നതിന് പകരം പരിശീലകൻ ശ്രമിക്കേണ്ടത് തന്റെ കൈകളിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതാവസ്ഥയോട് പാഠ്യഭാഗം എപ്രകാരം ചേർത്ത് നിർത്താമെന്നതാണ്. അനുദിന സാമൂഹികസംഭവങ്ങളിലൊന്ന് വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ആ സംഭവത്തെ വിശുദ്ധ ഗ്രന്ഥത്തിന്റെയും സഭാപഠനങ്ങളുടെയും പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുകയും ആ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ ജീവിതാനുഭവങ്ങളെ നോക്കി കാണുകയും ചെയ്യുന്ന രീതിയാണ് മാനുഷിക സമീപന രീതി.

രണ്ട്, പാഠപുസ്തകങ്ങൾ പഠിപ്പിക്കുവാൻ മുതിരുന്നത് പലപ്പോഴും താത്വിക ബോധ്യങ്ങളുടെ നടുവിൽ നിന്നുകൊണ്ടാണ്. ഈ രീതിയിൽ നിന്നും യേശുവിന്റെ ശിഷ്യത്വത്തിലേക്ക് (Discipleship) വളരുന്ന ഒരു പ്രക്രിയയായി വിശ്വാസപരിശീലനം മാറേണ്ടതുണ്ട്. ഔപചാരികമായ ബുദ്ധിയുടെ വിശകലനത്തിനുപരിയായി ഗുരുവുമായി വൈകാരികമായ ഒരാത്മബന്ധം വളർത്തിയെടുക്കുവാൻ വിദ്യാർത്ഥിയെ സഹായിക്കുകയാണ് വിശ്വാസപരിശീലനം നല്കുന്നയാൾ ചെയ്യേണ്ടത്. ഉദാഹരണത്തിന്, അപ്പം വർദ്ധിപ്പിച്ച് അയ്യായിരം പേരുടെ വിശപ്പടക്കുന്ന യേശുവിന്റെ ചിത്രം അവതരിപ്പിക്കുമ്പോൾ യേശുവിന്റെ ദിവ്യത്വത്തെക്കുറിച്ച് പറയുന്നത് താത്വികമായ പഠനമാണ്. എന്നാൽ വിശക്കുന്നസഹോദരരോടുള്ള യേശുവിന്റെ അനുകമ്പ പഠിപ്പിക്കുമ്പോൾ താത്വികയിൽ നിന്നും ശിഷ്യത്വത്തിലേക്ക് വിദ്യാർത്ഥികളെ ഉയർത്തുവാൻ സാധിക്കുന്നു.

മൂന്ന്, മനുഷ്യബുദ്ധിയുടെ വികാസത്തിന് സഹായിയാകുന്ന ഘടകമാണ് അറിവ്. വിശ്വാസപരിശീലനം യേശുവിനെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള ബുദ്ധിപരമായ അറിവിൽ ഒതുക്കേണ്ട ഒന്നല്ല. മറിച്ച്, യേശുവിനെയും യേശു സ്ഥാപിച്ച സഭയേയും ഹൃദയം കൊണ്ട് അനുഭവിക്കുവാനുള്ള വിശ്വാസപരിശീലനമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടത്. അറിവല്ല അനുഭവമാണ് (Experience)പ്രധാനം എന്നുള്ള ബോധ്യമാണ് വിദ്യാർത്ഥിക്ക് ലഭിക്കേണ്ടത്. അറിവ് അനുഭവത്തിലേക്ക് വളരാത്തതിനാൽ സഭയോടും കൂദാശകളോടുമൊക്കെയുള്ള ആഭിമുഖ്യത്തിൽ വിദ്യാർത്ഥിയുടെ പിൽക്കാലജീവിതത്തിൽ കുറവ് കണ്ടുവരുന്നു. പ്രത്യേകിച്ച്, വിദ്യാർത്ഥിലോകത്തിൽനിന്നും യുവാവസ്ഥയിലേക്ക് വളരുമ്പോൾ സഭയോടു ചേർന്ന് നില്കുവാൻ വിദ്യാർത്ഥി സ്വീകരിച്ച അറിവ് സഹായിക്കുന്നില്ല. എന്നാൽ, യേശുവിനെയും സഭയെയും അനുഭവിച്ചവർ വിദ്യാഭ്യാസകാലഘട്ടം കഴിഞ്ഞാലും പിൽകാലജീവിതത്തിന്റെ ഏതൊരാവസ്ഥയിലും ജീവിതമൂല്യങ്ങൾ കാത്ത് സൂക്ഷിക്കുകയും സഭയോടൊപ്പം ചേർന്ന് നില്ക്കുകയും കൂദാശസ്വീകരണത്തിലൂടെ ഊർജ്ജം സംഭരിക്കുകയും ചെയ്യും.

## ഉപസംഹാരം

ഏറെ പോരായ്മകൾ നേരിടുന്നുണ്ടെങ്കിലും വിശ്വാസജീവിതപരിശീലനം നല്കുക വഴി അത് സ്വീകരിക്കുന്ന വിദ്യാർത്ഥികളുടെ കുടുംബ-സാമൂഹിക-വിശ്വാസജീവിതത്തിൽ ക്രിയാത്മകമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. സഭയെ പടുത്തുയർത്തുന്നതിനും ദൈവരാജ്യ നിർമ്മിതിക്കുമൊക്കെ വിലപ്പെട്ട സംഭാവനകളാണ് വിശ്വാസപരിശീലനം അരങ്ങേറുന്ന ക്ലാസ് മുറികളിലൂടെ സംഭവിക്കുന്നത്. വളരെ ചെറിയ അളവിലാണെങ്കിൽപോലും ഇന്നിന്റെ മത-സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലത്തിൽ ഈ പ്രക്രിയയ്ക്കുള്ള സ്ഥാനം നിസ്തുലമാണ്. ഉദ്ദേശിക്കപ്പെട്ട ഫലം ലഭിക്കുന്നില്ലായെങ്കിൽപോലും വരും കാലങ്ങളിൽ പോരായ്മകളൊക്കെ ഏറെക്കുറെ പരിഹരിച്ച് വിശ്വാസപരിശീലനം വഴി ഭാവി തലമുറയെ ഉത്തമ ക്രിസ്തു സാക്ഷികളാക്കിത്തീർക്കുവാനും സുവിശേഷ മൂല്യങ്ങളുടെ വാഹകരാക്കി തീർക്കുവാനും കഴിയുമെന്ന പ്രത്യാശയോടെ നമുക്ക് മുന്നേറാം. ■






# കുമ്പസാരിപ്പിക്കാനുള്ള അധികാരം എല്ലാ പുരോഹിതർക്കും ഇല്ലേ?




തിരുവനന്തപുരം അതിരൂപതയിലെ ഒരു കോൺവെന്റിലെ സിസ്റ്ററാണ് ഞാൻ. അഞ്ച് അംഗങ്ങളിൽ കുറയാത്ത ഒരു കമ്മ്യൂണിറ്റിയാണ് ഞങ്ങളുടെത്. ആഴ്ചയിലൊരിക്കൽ സന്യാസ വൈദികർ മാറി മാറിവന്ന് ഞങ്ങളുടെ ചാപ്പലിൽ ബലിയർപ്പിക്കുകയും മാസത്തിലൊരിക്കൽ ഞങ്ങളെ കുമ്പസാരിപ്പിക്കുകയും ചെയ്യാറുണ്ട്. ഒരിക്കൽ ഒട്ടും പരിചയമില്ലാത്ത ഒരു സന്യാസ വൈദികനാണ് കുർബാനയ്ക്ക് വന്നത്. കുമ്പസാരിക്കാൻ ആഗ്രഹിച്ച സിസ്റ്റേഴ്സിനെ കുമ്പസാരിപ്പിക്കാൻ ആ അച്ചൻ തയ്യാറായില്ല. താൻ എറണാകുളത്തുനിന്നും തിരുവനന്തപുരത്തുള്ള കമ്മ്യൂണിറ്റിയിലേക്ക് കഴിഞ്ഞ ദിവസം സ്ഥലംമാറി വന്നതേയുള്ളൂവെന്നും തിരുവനന്തപുരം മെത്രാനെ ഇനിയേ കാണുകയുള്ളൂവെന്നും ആ വൈദികൻ കൂട്ടിച്ചേർത്തു. എന്തെങ്കിലും തടസ്സമുള്ളതുകൊണ്ടാണോ ആ വൈദികൻ ഞങ്ങളെ കുമ്പസാരിപ്പിക്കാത്തത്?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 965 986, പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 722726, 730735, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 14611467 എന്നിവ കുമ്പസാരമെന്ന കൂദാശയുടെ കാർമ്മികനെക്കുറിച്ച് വിവരിക്കുന്നു. CCC 1461, CIC 965, CCEO 722 ṙ1 പ്രകാരം, മെത്രാന്മാരും അവരുടെ സഹപ്രവർത്തകരായ വൈദികരും കുമ്പസാരം എന്ന കൂദാശയുടെ കാർമ്മികരാണ്. അതേസമയം, ഇCC 1462, CIC 966969 പ്രകാരം, പാപങ്ങൾക്ക് സാധുവായ പാപമോചനം (Valid absolution) നല്കാൻ, തിരുപ്പട്ടത്തിലൂടെ ലഭിക്കുന്ന അധികാരത്തിനു പുറമേ, താൻ പാപമോചനം നല്കുന്ന വിശ്വാസികളുടെ മേൽ ആ അധികാരം വിനിയോഗിക്കുന്നതിന് കാർമ്മികന് അധികാരവിനിയോഗാനുമതി (Faculty)യും ആവശ്യമാണ്.

CIC 966-969 പ്രകാരം, രണ്ടുവിധത്തിലാണ് പാപമോചനം നല്കാനുള്ള (കുമ്പസാരിപ്പിക്കാനുള്ള) faculty വൈദികർക്ക് ലഭിക്കുന്നത്. ഒന്നാമതായി, ഇടവക വികാരി, സഹവികാരി മുതലായ ഉദ്യോഗത്തിലൂടെ / ഉത്തരവാദിത്വത്തിലൂടെ ഈ faculty ലഭിക്കുന്നു. രണ്ടാമതായി അധികാരിയിലൂടെ ലഭിക്കുന്ന faculty. അധികാരിയെ മനസ്സിലാക്കാൻ in-cardination ചെയ്ത വൈദികരെയും (ഉദാ. രൂപതാ വൈദികർ) സന്യാസ സമർപ്പിത വൈദികരെയും വെവ്വേറെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. സന്യാസ സമർപ്പിത വൈദികർ, സാധാരണയായി രണ്ട് അധികാരികളിൽനിന്നും പാപമോചനം നല്കാനുള്ള faculty സ്വീകരിക്കുന്നു. ഒന്നാമതായി, അവരുടെതന്നെ ചുമതലപ്പെട്ട അധികാരിയിൽനിന്നും പാപമോചനം നല്കാനുള്ള faculty സ്വീകരിക്കുന്നു. ഈ faculy ഉപയോഗിച്ച് അവരുടെതന്നെ സ്ഥാപനത്തിന്റെയോ സമൂഹത്തിന്റെ ഭവനത്തിൽ രാവും പകലും താമസിക്കുന്നവരെ കുമ്പസാരിപ്പിക്കാൻ കഴിയുന്നു. ഈ faculty ഉപയോഗിച്ച്, അവരുടെ സ്ഥാപനത്തിന് പുറത്തുള്ള ഇടവകകളിലോ സ്ഥാപനങ്ങളിലോ സന്യാസ ഭവനങ്ങളിലോ ചെന്ന് സാധുവായ പാപമോചനം നല്കാൻ കഴിയില്ല. രണ്ടാമതായി, അവർ താമസിക്കുന്ന സ്ഥലത്തെ രൂപതാധികാരിയിൽനിന്നും faculty സ്വീകരിക്കുന്നു. ഈ faculty ഉപയോഗിച്ച്, faculty നല്കിയരൂപതാധികാരിയുടെ പരിധിയിൽ താമസിക്കുന്നിടത്തോളം വിലക്കില്ലാത്ത എവിടെയും കുമ്പസാരിപ്പിക്കാൻ കഴിയുന്നു.

ഇനി താങ്കളുടെ സംശയത്തിലേക്കു വരുന്നു. തന്റെ കോൺവെന്റിൽ കുർബാനയ്ക്കുവന്ന സന്യാസ വൈദികൻ തലേദിവസം എറണാകുളത്തുനിന്നും സ്ഥലംമാറി തിരുവനന്തപുരത്ത് എത്തിയതാണ്. പ്രസ്തുത സ്ഥലംമാറ്റത്തോടെ, എറണാകുളത്തുവച്ച് അവിടത്തെ രൂപതാധികാരിയിൽനിന്നും ലഭിച്ച കുമ്പസാരിപ്പിക്കാനുള്ള f-aculty നഷ്ടമായി. തിരുവനന്തപുരത്തെ രൂപതാധികാരിയിൽനിന്നും കുമ്പസാരിപ്പിക്കാനുള്ള faculty സ്വീകരിക്കുന്നതുവരെ, ആ വൈദികന്റെ സ്ഥാപനത്തിന് പുറത്തുള്ള ആരുടെയും പാപം സാധുവായി മോചിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ആ വൈദികൻ അന്നേദിവസം കുമ്പസാരിപ്പിക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറിയത്. ■



ലേഖനം

ഡോ. എ.ആർ.ജോൺ

# കുട്ടികളെ പറഞ്ഞിട്ടെന്തുകാര്യം

മക്കളെ ഓർത്ത് വേദനിക്കുന്ന മാതാപിതാക്കൾ ഒരു വശത്ത്. അവർ ചോദിക്കും, കുട്ടികൾക്ക് എന്തുപറ്റി? എന്നാൽ മറുവശത്ത് മാതാപിതാക്കളെ ഓർത്ത് വേദനിക്കുന്ന മക്കൾ. അവരുടെ അവസ്ഥ കാണുന്നവർ നെടുവീർപ്പോടെ പറയും, കുട്ടികളെ പറഞ്ഞിട്ടെന്തുകാര്യം!

കുട്ടികൾക്ക് പരുക്ക് പറ്റുന്ന വഴികൾ നിരവധിയാണ്. പരുക്ക് പറ്റാതിരിക്കാനുള്ള വഴി പരുക്കുപറ്റുന്ന വഴികളെ അടയ്ക്കുക എന്നതാണ്. എങ്കിൽ കാലഘട്ടത്തിൽ കുട്ടികളുടെ ജീവിതത്തെയും ഭാവിയെയും കവരുന്ന കാര്യങ്ങൾ ഏവ എന്നറിയേണ്ടതുണ്ട്.

### സാങ്കേതികവിദ്യകൾ തീർക്കുന്ന കൃത്രിമ പറുദീസ

സാങ്കേതികവിദ്യകൾ ആധിപത്യം പുലർത്തുന്ന ഒരു സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. ഇതിനെ ഏറെ കൗതുകത്തോടെ നോക്കിക്കാണുന്ന കൂട്ടരാണ് കുട്ടികൾ. കൗതുകത്തിന്റെയും ജിജ്ഞാസയുടെയും നൈസർഗികമായ മാനസിക പ്രചോദനത്താൽ അവർ തെറ്റും ശരിയും വേർതിരിച്ചുകാണാനുള്ള സാവകാശമോ വിവേകമോ കാണിക്കാതെ സാമൂഹ്യമാധ്യമങ്ങളുടെ വിപ്ലവാത്മകമായ മോഹവലയത്തിൽപ്പെട്ടുപോകുന്നു. അവിടെ ഒരു കൃത്രിമ പറുദീസ ഉണ്ടാക്കി അതിവേഗം, എളുപ്പത്തിൽ സന്തോഷം ലഭിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെയാണ് ഇന്ന് കുട്ടികളും കൗമാരപ്രായക്കാരും ഒരു ദിവസത്തിൽ ശരാശരി 4 മുതൽ 5 മണിക്കൂർ വരെ സാമൂഹ്യമാധ്യമങ്ങളിൽ ചെലവഴിച്ച് ക്ഷീണിതരും മടിയരും നിരാശരുമായിരിക്കുന്നത്.

### സ്വകാര്യമുറിയിൽ പ്രവേശിക്കുന്ന ശത്രുക്കൾ

സ്വകാര്യതയിൽ മുളച്ചുപൊങ്ങുന്നതാണ് കുട്ടികളിലെ മിക്ക സ്വഭാവദൂഷ്യങ്ങളും. മാതാപിതാക്കളില്ലാത്ത വീട് നൽകുന്ന സ്വകാര്യത, സ്വന്തം മക്കളുടെ മുറിയിൽ പ്രവേശിക്കാൻ പോലും അനുവാദം വേണമെന്ന അവസ്ഥയിൽ ലഭിക്കുന്ന സ്വകാര്യത. അവിടെ ചില ശത്രുക്കൾ കടന്നുവരും. അത് സ്വന്തം മാതാപിതാക്കൾ തന്നെ അറിയണമെന്നില്ല. പ്രത്യേകിച്ച് ചില മോശം പുസ്തകങ്ങൾ, പെൻഡ്രൈവുകൾ, ഫോണുകൾ, ലഹരിവസ്തുക്കൾ, വീഡിയോകൾ തുടങ്ങിയവ.

### പ്രേമം നൽകുന്ന ഭാവിജീവിതം

കുട്ടികളുടെ പഠനത്തെ ശ്രദ്ധേയ ലക്ഷ്യങ്ങളെ തകർക്കുന്ന വില്ലനാണിത്. പ്രേമം കടന്നുവരുന്ന വഴി

കൾ ഇന്ന് കൂടുതലും സാങ്കേതിക വിദ്യകളിലൂടെ ആയതിനാൽ മാതാപി താക്കളുടെ കണ്ണ് എത്താൻ വളരെ താമസിക്കും. ഉറക്കക്കുറവും ക്ഷീണവും പഠനപരാജയവും ശ്രദ്ധ ക്കുറവും കൂടുതൽ കണ്ടുവരുമ്പോ ഴാണ് മാതാപിതാക്കൾ ശ്രദ്ധിച്ചുതുട ങ്ങുന്നത്. അപ്പോൾ മടങ്ങിവരാൻ കഴി യാത്തവിധമുള്ള മാനസിക അവസ്ഥ യിൽ പല കൗമാരക്കാരും എത്തിയി ട്ടുണ്ടാവും.

## മനസ്സിന്റെ കടിഞ്ഞാൺ നഷ്ടപ്പെടുന്ന കൗമാരം

മനസ്സിനെ നിയന്ത്രിച്ചാൽ ജീവി തത്തെ നിയന്ത്രിക്കാൻ കഴിയും. പക്ഷേ, ഈ നിയന്ത്രണം നാൾക്കു നാൾ കുറഞ്ഞുകുറഞ്ഞുവരികയാണ്. കുട്ടികളിലും കൗമാരക്കാരിലും അടി സ്ഥാന വികാരങ്ങളായ സന്തോഷം, ദുഃഖം, ദേഷ്യം, ഭയം എന്നിവയുടെ സന്തുലിതാവസ്ഥ താളംതെറ്റിയിരി ക്കുകയാണ്. പോസിറ്റീവായ വികാര ങ്ങളേക്കാൾ നെഗറ്റീവായ വികാരങ്ങ ളാണ് അധികം സമയവും പ്രകടമാ ക്കുന്നത്. അതിനാൽ സന്തോഷം, സംതൃപ്തി, കൃതജ്ഞത, പരസഹാ യപ്രവണത, ശാന്തത എന്നിവയുടെ പ്രകടനവും സാന്നിധ്യവും കുറവാണ്.

## വിഷബീജം വിതയ്ക്കുന്ന സൗഹൃദങ്ങൾ

നല്ലതല്ലാത്ത സുഹൃത്തുക്കളിൽ നിന്നാണ് തെറ്റായ അറിവുകൾ, ലഹ രിവസ്തുക്കൾ, പ്രേമപ്രോത്സാഹന ങ്ങൾ മറ്റ് പല സ്വഭാവദൂഷ്യങ്ങൾ കട ന്നുവരുന്നത്. അബ്രഹാം ലിങ്കന്റെ വാക്കുകൾ ഇങ്ങനെയാണ്. 'Tell me who is your friend, I will tell you what type of a person you are'

## ക്രൂരത സമ്മാനിക്കുന്ന 'സുരക്ഷിതകരങ്ങൾ'

ആരെക്കെയാണോ കുട്ടികൾക്ക് സുരക്ഷിതവലയം തീർക്കേണ്ടത് അല്ലെങ്കിൽ സമൂഹം സുരക്ഷിതകര ങ്ങൾ എന്ന് വിചാരിക്കുന്നത് അവർ തന്നെ അവരുടെ ക്രൂരകരങ്ങളായി മാറുന്നു എന്നത് ഏറെ ദുഃഖകരമായ കാര്യമാണ്. സോപ്പിന് തന്നെ അഴു ക്കുപിടിച്ചതുപോലെ. സ്വന്തം ഭവനം, മാതാപിതാക്കൾ, സഹോദരങ്ങൾ, അടുത്ത ബന്ധുമിത്രാതികൾ, സാംസ്കാരിക നേതാക്കൾ, മതാചാ ര്യന്മാർ അങ്ങനെ തുടങ്ങുന്നു പട്ടിക. സമൂഹത്തിന്റെ അരാജകത്വമാണീ കാണുന്നത്. പതിനൊന്ന് ലക്ഷ ത്തിൽപ്പരം കുടുംബങ്ങളിൽ കുട്ടികൾ സുരക്ഷിതരല്ല എന്നുപറയുമ്പോൾ കേരളത്തിന് നാണിച്ച് തലതാ ഴ്ത്താതെ വേറെ വഴിയില്ല.

## പൊട്ടിച്ചിരികളില്ലാത്ത വീടുകൾ

ഇന്ന് എവിടെയും ഗൗരവം, ഗൗരവം മാത്രം. അച്ഛനും അമ്മയും ഒരേ സമയം പോലീസുകാരാകുന്നു. അതിരുകടന്ന അച്ചടക്കചിട്ടവട്ടങ്ങൾ. സ്വന്തം വീട് ഒരു ജയിൽ പ്രതീതി നൽകുന്ന അന്തരീക്ഷം. എവിടെയും സ്നേഹം എന്നതിന് പകരം എവി ടെയും നിയമം. മാതാപിതാക്കളുടെ പ്രശ്നങ്ങളും ടെൻഷനും അതൃപ്തി കളുമെല്ലാം മക്കളോട് കാണിക്കുന്ന മാനസിക അവസ്ഥ. ഓഷോ പറയു ന്നത് ഗൗരവം ഒരു മാനസീക രോഗ മെന്നാണ്.




## അനുഭവങ്ങൾ സമ്മാനിക്കാത്ത വിദ്യാലയങ്ങൾ

തിരിച്ചറിവുകൾ നൽകുന്നതിന് പകരം അറിവിന്റെ ചരിത്രം പഠിപ്പി ക്കുന്ന സ്ഥലങ്ങളായി മാറുന്നു വിദ്യാ ലയങ്ങൾ. ജീവിതത്തെ തൊടാത്ത പാഠങ്ങൾ, അവബോധങ്ങളും മൂല്യ ങ്ങളും സമ്മാനിക്കാത്ത പാഠ്യരീതി കൾ. സാമൂഹിക പ്രതിബദ്ധത നൽകുന്ന പരിശീലനങ്ങളും അനുഭ വങ്ങളും ഇല്ല. പുതുമകളോ അനുഭ വങ്ങളോ നൽകാത്ത വിദ്യാലയങ്ങൾ ഒരു വിരസതയായി കുട്ടികൾക്ക് അനു ഭവപ്പെടുന്നു.

## ആദ്ധ്യാത്മികത നൽകാത്ത മതാചരണങ്ങൾ

മതങ്ങളെ മാനിക്കുന്നതിനുപകരം അസഹിഷ്ണുതയുടെയും വർഗീയത യുടെ വിഷം ബോധപൂർവ്വം നൽകു ന്നവരുടെ എണ്ണം കൂടിവരുന്നു. ദൈവം ഉള്ളിലുണ്ടെന്നും ആ ദൈവം അപര നിലും നിറസാനിധ്യമെന്നും തിരിച്ചറി യാൻ സഹായിക്കാത്ത ആചാരക്രിയ കൾ. ഞാൻ ജീവിതത്തിൽ ഒറ്റയ്ക്കല്ല ദൈവവും കൂടെയുണ്ട് എന്ന തിരിച്ച റിവാണ് ആത്മീയത.

## ദൈവമില്ലാത്ത ഭവനങ്ങൾ

പോസ്റ്റ് ട്രൂത്ത് സൊസൈറ്റിയിൽ ദൈവത്തെപ്പോലും സ്വന്തം താല്പര്യമ നുസരിച്ച് വ്യാഖ്യാനിക്കാനാഗ്രഹിക്കുന്ന ശൈലി. അതുവഴി വ്യക്തി പ്രാർഥനയും കുടുംബപ്രാർഥനയും വ്യക്തിസ്വാതന്ത്ര്യ മാണ്. അതിന്റെ പരിണിത ഫലമായി കുടുംബങ്ങളിൽ ദൈവസാന്നിധ്യമില്ല, സ്മരിക്കാൻ പ്രാർഥനാ നിമിഷങ്ങളില്ല. അങ്ങനെ കുഞ്ഞിളംപ്രായം മുതൽ ദൈവത്തെ മറന്നുള്ള ജീവിതമായിത്തീ രുന്നു. ദൈവബോധമില്ലാത്ത ധർമ്മാ ധർമ്മങ്ങളുടെ പാഠങ്ങൾ ലഭിക്കാത്ത കുട്ടികൾക്ക് സത്യമെന്ന ഒരു കാര്യമി ല്ല. അവൻ എന്ത് ചിന്തിക്കുന്നുവോ അതാണ് ശരി. അതാണ് അവന് സത്യം. മുറുകേ പിടിക്കാൻ മൂല്യങ്ങളി ല്ലാത്ത കൗമാരം ഭാവിയ്ക്കും സാമൂഹ്യ സുരക്ഷയ്ക്കും വലിയൊരു ഭീഷണി യാണ്. ഇതിനെല്ലാം കാരണക്കാർ കുട്ടികൾ മാത്രമോ? കുട്ടികളെ പഴി ച്ചാൽ പ്രശ്നം പരിഹരിക്കപ്പെടുമോ? അല്ല. ആധുനിക ലോകത്തിൽ കുട്ടി കളെ പഴിച്ചിട്ടെന്ത് കാര്യം!

*(തുടരും)*

കഥ

**കേണൽ എച്ച്. പദ്മനാഭൻ**

# മാതൃകാ അദ്ധ്യാപിക

യാദൃച്ഛികമായാണ് ഗീത ടീച്ചറെ തുണിക്കടയിൽ കണ്ടുമുട്ടിയത്. കുറേകാലത്തിനുശേഷമാണ് ഞാൻ ടീച്ചറെ കാണുന്നത്. ടീച്ചർക്ക് എന്നെ ഓർമയുണ്ടായിരിക്കാൻ വഴിയില്ല. വയസ് 80 കഴിഞ്ഞുകാണും. ചെറിയ ഒരു വളവ്... മുടി നരച്ചെങ്കിലും നീളം ഒട്ടും കുറഞ്ഞിട്ടില്ല. കണ്ണട വെച്ചിട്ടും മുഖശ്രീ ഒട്ടും മങ്ങീട്ടില്ലാ. മിണ്ടാതെ പോയാലോ എന്നാ ആദ്യം കരുതിയത്. ടീച്ചർ എങ്ങാനും ആ വാച്ച് മോഷണ കഥ ഓർത്തെടുത്താൽ... ഛേ!! വല്ലാത്ത നാണക്കേടാവും. എന്റെ കൂടെ ഭാര്യയും ഉണ്ട്. അവളെങ്ങാനും എന്റെ പൂർവ ചരിത്രം അറിഞ്ഞാൽ. ടീച്ചറെ ഒഴിവാക്കുന്നതാണ് ബുദ്ധി.

എന്നാലും, ഗീത ടീച്ചർ അന്ന് ആ കാര്യം ആ രീതിയിൽ കൈകാര്യം ചെയ്തതുകൊണ്ടല്ലേ ഞാൻ വലിയ നാണക്കേടിൽ നിന്നും രക്ഷപ്പെട്ടത്? എഴുത്തച്ഛൻ മാഷോ കരുണാകരൻ മാഷോ ശ്രീദേവി ടീച്ചറോ മറ്റോ ആയിരുന്നെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യേണ്ടിവന്നേനെ.

ഗീത ടീച്ചറെ ഒഴിവാക്കി പോകാൻ മനസാക്ഷി അനുവദിച്ചില്ല. ഇനി ടീച്ചർ ആ കഥ പറഞ്ഞാലും, പഴയതല്ലേ എന്നുപറഞ്ഞ് ചിരിച്ചുതള്ളാമല്ലോ. 80 ന് മീതം വയസ്സുകാണും. അതിനനുസരിച്ചുള്ള ഓർമക്കുറവും കാണും. ഇനി കാണാൻ ഒരു അവസരം കിട്ടില്ലെങ്കിലോ? ഞാനും ഇന്ന് ഒരു അധ്യാപകനാണല്ലോ. അതും രാഷ്ട്രപതിയുടെ അവാർഡ് നേടിയ മാതൃകാ അധ്യാപകൻ.

ധൈര്യം സംഭരിച്ചു ടീച്ചറുടെ അടുത്തേക്ക് നടന്നു.

നമസ്കാരം ടീച്ചർ.

നമസ്കാരം

എന്നെ മനസിലായോ?

ഒന്നു ശ്രദ്ധിച്ചുനോക്കി.

ഇല്ല. ഞാൻ പഠിപ്പിച്ചിട്ടുണ്ടോ?

ഉവ്വ്. ടീച്ചർ 10-ാം ക്ലാസിൽ എന്റെ ക്ലാസ് ടീച്ചർ ആയിരുന്നു. ഹിന്ദി പഠിപ്പിച്ചിട്ടുമുണ്ട്.

ഓർമ കിട്ടുന്നില്ലാ. എന്താ പേര്?

ബാലൻ. ബാലകൃഷ്ണൻ.

ഓ. എന്തു ചെയ്യുന്നു?

സ്കൂൾ അധ്യാപകനാണ്.

നന്നായി. എന്താ ഈ ജോലി തെരഞ്ഞെടുത്തെ?

ടീച്ചറെ പോലെ ആകണം എന്ന മോഹം കൊണ്ടാ.

ഹഹഹ.. അതെന്താണാവോ എനിക്ക് ഇത്ര പ്രത്യേകത?

ടീച്ചർ, ഒരിക്കൽ ക്ലാസിൽ ഒരു കൃഷ്ണകുമാറിന്റെ വില കൂടിയ വാച്ച് കളവുപോയ കഥ ഓർക്കുന്നുണ്ടോ?

ഒരു മിനിറ്റ് ആലോചിച്ച ശേഷം ടീച്ചർ പറഞ്ഞു...

ചെറുതായ ഓർമയുണ്ട്. ആ കുട്ടി ഗേൾസ് സ്കൂളിലെ ലീല ടീച്ചറുടെ മോനല്ലേ?

അതേ ടീച്ചർ...

കൃഷ്ണകുമാറിന്റെ അച്ഛൻ ദുബായിൽ നിന്നും കൊണ്ടുകൊടുത്ത വാച്ച് അന്ന് ആദ്യായിട്ടാ അവൻ ക്ലാസിൽ കെട്ടിക്കൊണ്ടു വന്നത്. എല്ലാവർക്കും അവനോട് അസൂയ തോന്നി. ഉച്ചയ്ക്ക് ലഞ്ച് കഴിച്ച് അവൻ കൈ കഴുകാൻ പോകുമ്പോൾ വാച്ച് അഴിച്ച് അവന്റെ അലുമിനിയം പെട്ടിയിൽ വയ്ക്കുന്നത് യാദൃശ്ചികമായാണ് ഞാൻ കണ്ടത്. ക്ലാസിൽ അവന് മാത്രമേ പെട്ടി ഉണ്ടായിരുന്നുള്ളൂ. മറ്റുള്ളവരൊക്കെ ടിഫിൻ കഴിക്കുന്ന തിരക്കിലാ. എന്റെ അച്ഛൻ ഇതുപോലൊരു വാച്ച് എനിക്ക് ഈ ജന്മത്തിൽ വാങ്ങിത്തരാൻ പോണില്ല. ഇത്ര പൈസ അച്ഛന് ഒരു വർഷം മുഴുവനും കൂലിപ്പണി ചെയ്താലും കിട്ടാൻ പോണില്ലാ.

എല്ലാം വളരെ പെട്ടെന്നായിരുന്നു. വാച്ച് എന്റെ കയ്യിൽ. അടിവസ്ത്രത്തിനുള്ളിൽ തിരു



കിവച്ചു. ഹൃദയം വളരെ ശബ്ദത്തോടെയാണ് ഇടിക്കുന്നത്. വിയർക്കുന്നുമുണ്ട്. വേണ്ടായിരുന്നു. ഈ ടെൻഷൻ മരണം വരെ ഉണ്ടാകുമോ? ഹേയ്... അങ്ങനെയൊക്കെ നോക്കിയാൽ നമ്മുടെ ആഗ്രഹങ്ങൾ നടക്കണ്ടേ?

കൃഷ്ണകുമാർ തിരികെ വന്നതും ആദ്യം പെട്ടി തുറന്നു. വാച്ചില്ല.

കൃഷ്ണകുമാറിന്റെ കണ്ണ് നിറഞ്ഞൊഴുകി. ഒന്നും മിണ്ടിയില്ല പാവം.

സാരല്ല്യാ. അവന്റെ അച്ഛൻ ഇപ്പോഴും ദുബായിലാണല്ലോ. അമ്മ ടീച്ചറും. അടുത്ത പ്രാവശ്യം വീണ്ടും കൊണ്ടുവരാമല്ലോ.

എന്റെ അച്ഛൻ കൂലിപ്പണി. അമ്മ ഡോക്ടറുടെ വീട്ടിൽ അടിച്ചുതളി. ഫീസ് കൊടുക്കുന്നത് തന്നെ അവസാന ദിവസമായിരിക്കും.

ഉച്ചയ്ക്ക് ഗീത ടീച്ചർ ഹാജർ എടുക്കാൻ വന്നതും കൃഷ്ണകുമാർ കരഞ്ഞുകൊണ്ട് കാര്യം അവതരിപ്പിച്ചു.

ഗീത ടീച്ചർ ചൂടായില്ല. ഒച്ച വെച്ചില്ലാ. കൃഷ്ണകുമാറിന്റെ കൈപിടിച്ചു സമാധാനിപ്പിച്ചു.



എഴുന്നേറ്റുനിന്ന് എല്ലാവരോടുമായി പറഞ്ഞു.

കുട്ടികളേ, ഇവന്റെ വാച്ച് ആരോ എടുത്തിട്ടുണ്ട്. അത് ആരായാലും അവന് തിരിച്ചുകൊടുക്കണം. ഈ ശീലം നല്ലതല്ലാ പിള്ളേരേ.

ക്ലാസിൽ മൂകത, ഉച്ചയ്ക്ക് ആദ്യത്തെ പിരീഡ് ഗീത ടീച്ചർടെ തന്നെയാണ്. എനിക്ക് വാച്ച് തിരിച്ചേൽപ്പിക്കണമെന്നുണ്ട്. പക്ഷെ എങ്ങനെ? എല്ലാവരും എന്നെ മരണം വരെ വാച്ചു കള്ളൻ എന്ന് വിളിക്കില്ലേ?

ടീച്ചർ എല്ലാവരോടും എഴുന്നേറ്റു നിൽക്കാൻ പറഞ്ഞു.

എല്ലാവരോടും കണ്ണടയ്ക്കാൻ പറഞ്ഞു.

ഒരു കാരണവശാലും കണ്ണ് തുറക്കരുത് എന്ന് നിർബന്ധമായി പറഞ്ഞു.

ആ വാച്ച് കയ്യിലുള്ള ആൾ അതെടുത്ത് പോക്കറ്റിൽ വയ്ക്കണം. ഞാൻ ഓരോ പോക്കറ്റും പരിശോധിക്കും. ആരുടെ പോക്കറ്റിൽ നിന്നാണ് കിട്ടിയത് എന്ന് ആരും കാണുകയുമില്ല. ഞാൻ ആരോടും ഒരിക്കലും അത് പറയുകയുമില്ല.

ഹാവൂ, മനസ്സിന്റെ ഭാരം പൂജ്യം ആയപോലെ. ഉറക്കെ കരയാൻ തോന്നി. ഗീത ടീച്ചറുടെ കാല് തൊട്ട് മാപ്പുപറയാൻ തോന്നി. കൃഷ്ണകുമാർ എന്തായാലും അറിയരുത്.

എല്ലാം ടീച്ചർ പറഞ്ഞപോലെ. എല്ലാവരും കണ്ണടച്ചു എന്ന് ഞാൻ ഇടക്കണ്ണിട്ട് ഉറപ്പുവരുത്തി. പെട്ടെന്ന് വാച്ച് എടുത്ത് പോക്കറ്റിൽ ഇട്ടു.

ടീച്ചർ എന്റെ പോക്കറ്റിൽ കയ്യിട്ടപ്പോൾ തല കറങ്ങുന്നതുപോലെ തോന്നി. ഡെസ്കിൽ പിടിച്ചതുകൊണ്ട് താഴെ വീണില്ല. എന്നാലും ടീച്ചർ മാത്രമല്ലേ അറിയൂ. വലിയ ആശ്വാസം തോന്നി. 100 ഗ്രാം തൂക്കമുള്ള വാച്ച് പോക്കറ്റിൽ നിന്ന് പോയപ്പോൾ ശരീരത്തിന് 100 കിലോഭാരം കുറഞ്ഞപോലെ. ഇനി ജീവിതത്തിൽ ഒരിക്കലും ഇപ്പണിക്ക് പോവില്ല. ഗീത ടീച്ചറാണെ സത്യം.

എല്ലാവരുടെയും കണ്ണ് അടച്ചുതന്നെ പിടിക്കാൻ ടീച്ചർ ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. എനിക്ക് ശേഷവും 10 കുട്ടികൾ ഉണ്ട്. വാച്ച് എന്റെ പോക്കറ്റിൽ നിന്നും കിട്ടയശേഷം ടീച്ചർ കണ്ണ് തുറക്കാൻ പറഞ്ഞാൽ എല്ലാം തുലയും. എല്ലാവർക്കും പിടികിട്ടും. ഭാഗ്യം. ടീച്ചർ അവസാനത്തെ കുട്ടിയുടേയും പോക്കറ്റ് പരിശോധിച്ചശേഷമാണ് തിരിച്ചുപോയത്.

വാച്ചുകിട്ടിയ സന്തോഷവാർത്ത ടീച്ചർ അറിയിച്ചു. എല്ലാവരും കണ്ണ് തുറന്നോളാൻ പറഞ്ഞു. ടീച്ചർ തന്നെ അത് കൃഷ്ണകുമാറിന്റെ കയ്യിൽ കെട്ടിക്കൊടുത്തു.

കൂട്ടത്തിൽ എല്ലാവർക്കുമായി ഒരു ഉപദേശവും. മറ്റുള്ളവരെ പ്രലോഭിപ്പിക്കുന്ന ഒന്നും നിങ്ങൾ ക്ലാസ്സിൽ കൊണ്ടുവരരുത്.

അടുത്തദിവസം കൃഷ്ണകുമാറിന്റെ കൈയിൽ വാച്ചും ഇല്ലായിരുന്നു.... അവന് മാത്രം ഉണ്ടായിരുന്ന അലൂമിനിയം പെട്ടിയും ഇല്ലായിരുന്നു...

പിന്നെ ഗീതടീച്ചറെ കാണുമ്പോഴൊക്കെ എനിക്ക് വല്ലാത്ത ഒരു ചമ്മലായിരുന്നു.

ഇന്നും... ഇപ്പോഴും... ഈ തുണിക്കടയിൽ ടീച്ചറുടെ മുന്നിൽ നിൽക്കുമ്പോഴും അതേ ചമ്മൽ. അതുകൊണ്ടാ ആദ്യം ഒന്നുമടിച്ചുനിന്നത്.

ടീച്ചർ, അന്ന് വാച്ച് മോഷ്ടിച്ച കുട്ടിയെ ടീച്ചർ ഓർക്കുന്നില്ലേ?

അതെങ്ങെനെയാടോ ഞാൻ ഓർക്കണേ.. പോക്കറ്റ് പരിശോധിക്കുമ്പോൾ ഞാനും കണ്ണടച്ചിട്ടാ പരിശോധിച്ചേ... ഹ... ഹ...ഹ...

ഞാൻ സ്ഥലകാലബോധം മറന്നു. ടീച്ചറെ കെട്ടിപ്പിടിച്ചു. കണ്ണുനീര് എത്ര നിയന്ത്രിച്ചിട്ടും നിൽക്കുന്നില്ലാ. ഇങ്ങനെയും ചിലർ? ദൈവം നേരിട്ട് മുന്നിൽ നിൽക്കുന്ന അനുഭവം.

ടീച്ചറേ... ഒരു വലിയ കുറ്റം ചെയ്തിട്ടും മോഷ്ടാവിന്റെ മാന്യത ഒട്ടും നഷ്ടപ്പെടുത്താതെ തന്നെ പ്രശ്നം പരിഹരിച്ചില്ലേ? മാത്രമല്ലാ, കൃഷ്ണകുമാറിനും വല്യ ഒരു പാഠമല്ലേ ടീച്ചർ പറഞ്ഞുകൊടുത്തത്? വാച്ച് മാത്രമല്ല പെട്ടിയും ഉപേക്ഷിച്ചില്ലേ അവൻ?

ടീച്ചറാണ് എന്റെ ജീവിതത്തിലെ റോൾ മോഡൽ.

ഇന്ന് മുതൽ കൂടുതൽ കൂടുതൽ വലിയ റോൾ മോഡൽ.. പെർഫെക്ട് റോൾ മോഡൽ..

കാല് തൊട്ട് വന്ദിച്ചപ്പോൾ തലയിൽ കൈവെച്ച് അനുഗ്രഹിച്ചു.

---

*കടപ്പാട് സാമൂഹ്യമാധ്യമത്തോട്*



ലേഖനം

ഡോ. ദേവ് അഗസ്റ്റിൻ അക്കര

# കുട്ടികളും ലഹരിയും

**ലഹരി വസ്തുക്കൾക്ക് പൂർണ്ണമായ് അടിമപ്പെട്ട ചില കൗമാരക്കാർക്ക് മനോരോഗ ചികിത്സ ആവശ്യമുണ്ട്. ദിവസേന മദ്യം കിട്ടിയില്ലെങ്കിൽ കൈ വിറയ്ക്കുക കഞ്ചാവ് ലഭിച്ചില്ലെങ്കിൽ അക്രമാസക്തനാവുക, പൊടുന്നനെ ലഹരി ഉപയോഗിക്കുന്നത് നിർത്തുമ്പോൾ ഉണ്ടാകുന്ന പിൻവാങ്ങൽ ലക്ഷണങ്ങൾ പ്രകടമാക്കുക എന്നിവ കൃത്യമായ ചികിത്സ വേണ്ട അവസ്ഥകളാണ്.**

എന്റെ മകൾ അങ്ങനെ ചെയ്യില്ല! ഇല്ല ഇത്രയും ഉറപ്പോടെ വാദിക്കുന്ന അച്ഛനോട് എന്ത് പറയാനാണ്. ഓട്ടോ ഡ്രൈവറായ ആ പിതാവിന്റെ ഏകമകൾ നഗരത്തിലെ ഒരു സാധാരണ സ്കൂളിൽ തരക്കേടില്ലാതെ പഠിച്ചിരുന്നു. കുറച്ചുകാലമായി സ്വഭാവത്തിൽ ചില മാറ്റങ്ങൾ ..

പൊതുവേ സന്തോഷവതിയായ അവൾ ഇപ്പോൾ അധികം ആരോടും സംസാരിക്കുന്നില്ല... കൂടുതൽ സമയം മുറിയടച്ച് ഇരിപ്പാണ്... ഭയങ്കര ദേഷ്യം ... കൗമാരത്തിലെ മാറ്റം ആണെന്ന് കരുതി കുറെയൊക്കെ ക്ഷമിച്ചു. അവസാനം വീട്ടിലെ ടെലി വിഷൻ സെറ്റും അമ്മയുടെ മൊബൈലും തല്ലിപ്പൊട്ടിക്കുകയും, ഇളയ സഹോദരനെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തപ്പോഴാണ് കാര്യങ്ങൾ കൈവിട്ടുപോയി എന്ന് തോന്നി ഒരു മനോരോഗ വിദഗ്ദ്ധനെ സമീപിക്കാൻ തീരുമാനിച്ചത്. ആ കുട്ടിയെ വിളിച്ചു വ്യക്തിപരമായി സംസാരിച്ചപ്പോഴാണ് ഒരു വർഷത്തോളമായി അവൾ മയക്കു മരുന്ന് ഉപയോഗിക്കുന്നു എന്ന് പറഞ്ഞത്. ബോയ് ഫ്രണ്ട് ആണ് ഇത് പരിചയപ്പെടുത്തിയതെത്രേ. നമ്മുടെ പ്രിയപ്പെട്ടവർക്ക്, പ്രത്യേകിച്ച് നമ്മുടെ മക്കൾക്ക് നല്ലതേ വരാവൂ എന്നാണ് നമ്മുടെ പ്രാർത്ഥനയും ആഗ്രഹവും, എന്നുകരുതി, ഇന്ന് ലോകം നമ്മുടെ മക്കൾക്ക് വേണ്ടി ഒരുക്കി വെച്ചിരിക്കുന്ന ലഹരിയുടെ കെണികൾ നമ്മൾ സ്വപ്നം കാണുന്നതിലും വിപുലമാണെന്ന് മനസ്സിലാക്കാതെ കണ്ണടച്ച് ഇരുട്ടാക്കുന്ന മനോഭാവം ഗുണത്തേക്കാളേറെ ദോഷമാണ് വരുത്തുക. കാരണം കണക്കുപ്രകാരം നമ്മുടെ നാട്ടിൽ ബാലകൗമാരക്കാർ 14 വയസ്സാകുമ്പോഴേക്കും ലഹരി ഉപയോഗിച്ചു തുടങ്ങുന്നു.

ലഹരി ആരംഭം ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല. ഒരു കുട്ടി ലഹരി ഉപയോഗം ആരംഭിക്കാൻ പല കാരണങ്ങളുണ്ട്.

ഒന്നാമത്തെ കാരണമായി ചൂണ്ടിക്കാട്ടുന്നത് മാതാപിതാക്കളുടെ അശ്രദ്ധയാണ്. സ്വന്തം കുട്ടികൾക്ക് വേണ്ടി ഒരു മണിക്കൂർ പോലും മാറ്റിവയ്ക്കാൻ ഇല്ലാത്ത മാതാപിതാക്കൾ ഉള്ള കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സമയത്തിന് പകരം, സ്നേഹപ്രകടനത്തിന്റെ ഭാഗമായി പണവും മൊബൈലും ബൈക്കുമാക്കെ വാങ്ങിനൽകുക എന്നതാണ് ഇന്ന് പല മാതാപിതാക്കളും കണ്ടിരിക്കുന്ന പ്രതിവിധി. ഇത്തരം അശ്രദ്ധ നമ്മുടെ കുട്ടികൾക്ക് വേണ്ടി വിവിധ ലഹരി മാഫിയകൾ ശ്രദ്ധാപൂർവ്വം ഒരുക്കിയിട്ടുള്ള കെണികളിലേക്ക് നമ്മുടെ മക്കളെ കൊണ്ട് ചെന്നെത്തിക്കുന്നു. താളംതെറ്റിയ കുടുംബ സാഹചര്യങ്ങളാണ് കുട്ടികളെ ലഹരിയിലേക്ക് ആനയിക്കുന്ന മറ്റൊരു ഘടകം. കുട്ടികളുടെ പ്രശ്നങ്ങൾ കേൾക്കാനോ പരിഗണിക്കാനോ ശ്രമിക്കാതെ പരസ്പരം പോരടിക്കാൻ മാത്രം മാതാപിതാക്കൾ സമയം ചിലവഴിക്കുന്നതോടെ കുട്ടികൾ കടുത്ത് മാനസിക സമ്മർദ്ദങ്ങൾക്ക് അടിപ്പെടുകയും ലഹരിയുടെ കുറുക്കുവഴികൾ തേടിപ്പോകാൻ ഇടയാവുകയും ചെയ്യുന്നു.

കുടുംബത്തിനകത്ത് മദ്യവും മറ്റു ലഹരി വസ്തുക്കളും ഉപയോഗിക്കുന്ന ബന്ധുക്കളുടെ സാന്നിധ്യം ഉണ്ടെങ്കിൽ അത് കുട്ടികളെ വേഗം ലഹരിയിലേക്ക് അനയിക്കും. പഠനങ്ങൾ പറയുന്നത് 70 ശതമാനം കുട്ടികളും ലഹരിയുടെ ആദ്യപാഠം പഠിക്കുന്നത് വീടുകളിൽ നിന്നാണ്. അച്ഛൻ മദ്യം കഴിക്കുമ്പോൾ നീ ബീയർ കഴിച്ചോളൂ എന്ന് പറയുന്ന വീട്ടുകാരും, ബാറിൽ പോകുമ്പോൾ മക്കളെ ഒപ്പം കൂട്ടുന്ന അച്ഛന്മാരും, സോഷ്യൽ ഡ്രിങ്കിങ് പ്രോത്സാഹിപ്പിക്കുന്ന സമൂഹവും ചേർന്ന് കുട്ടികളെ ലഹരിയുടെ ആഴകയങ്ങളിലേക്ക് കൈപിടിച്ച് നടത്തുകയാണ്.

മദ്യം ഉപയോഗിച്ചാൽ മനപ്രയാസം മാറുമെന്നും, ആത്മവിശ്വാസം വർദ്ധിക്കുമെന്നും കഞ്ചാവ് ഉപയോഗിച്ചാൽ സർഗ്ഗശേഷി കൂടുമെന്നും ബുദ്ധി വികാസം പ്രാപിക്കുമെന്നും ആഹ്ലാദകരമായ നിമിഷങ്ങൾ ഉണ്ടാകുമെന്നും സുഹൃത്തുക്കളിൽ നിന്നും സിനിമ തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിൽ നിന്നും ഉള്ള ഉപദേശങ്ങളും സന്ദേശങ്ങളും ലഹരിയിലേക്ക് കുട്ടികളെ ആകർഷിക്കുന്ന പ്രധാന ഘടകങ്ങളാണ്. കോഴിക്കോട്ടെ IMHANS (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസ്) സംസ്ഥാനത്തെ രണ്ടായിരത്തോളം കുട്ടികളിൽ നടത്തിയ ഒരു സർവ്വേയിൽ കണ്ടെത്തിയത് തെറ്റായ കൂട്ടുകെട്ടുകളാണ് ഭൂരിപക്ഷം പേരെയും മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും നയിക്കുന്നതെന്നാണ്. അതുകൊണ്ടുതന്നെ ലഹരിയിൽ മുങ്ങിയ സൗഹൃദത്തിന്റെ ചങ്ങലക്കണ്ണികൾ മുറിച്ചു മാറ്റിയില്ലെങ്കിൽ, ലഹരിയിൽ നിന്ന് രക്ഷിച്ചാലും നമ്മുടെ കുട്ടികൾ വീണ്ടും അതിലേക്ക് പോകുവാനുള്ള സാധ്യത അത് വളരെ കൂടുതലാണ്.

## നമ്മൾ എങ്ങനെ അറിയും?

നമ്മുടെ കുട്ടികൾ ലഹരി ഉപയോഗിക്കുന്നു എന്ന് മാതാപിതാക്കൾക്ക് മനസ്സിലാക്കാൻ ചില മാർഗങ്ങളുണ്ട്. നിങ്ങളുടെ കുട്ടികളുടെ സ്വഭാവത്തിലും സമീപനത്തിലും പ്രകടമായ ചില മാറ്റങ്ങൾ ലഹരി ഉപയോഗത്തെ തുടർന്ന് ഉണ്ടാകും. ചില ലക്ഷണങ്ങൾ താഴെപ്പറയുന്നവയാണ്.

ദീർഘനേരം മുറി അടച്ച് ഒറ്റയ്ക്ക് ഇരിക്കുക, വീട്ടിൽ ഉള്ളവരോട് സംസാരിക്കുവാൻ തീരെ താല്പര്യം കാട്ടാതെ ഇരിക്കുക, കണ്ണുകൾ ചുവന്നിരിക്കുകയോ കണ്ണുകളിൽ നിന്ന് ദീർഘനേരം കണ്ണുനീർ വരികയോ ചെയ്യുക, നിസാര കാര്യങ്ങൾക്ക് മുൻപില്ലാത്ത വിധം പൊട്ടിത്തെറിക്കുക, ഉറക്കക്കുറവ്, വിശപ്പില്ലായ്മ ഒരിടത്ത് ഉറച്ച് ഇരിക്കാൻ ആകാതെ അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥനായി നടക്കുക, അകാരണമായ ഭയവും സംശയവും, ആരോ തന്നെ കൊല്ലാൻ വരുന്നന്നും ആളുകൾ തന്നെക്കുറിച്ച് മോശമായി സംസാരിക്കുമെന്നും ഉള്ള വിശ്വാസങ്ങൾ, ചുറ്റും ആരുമില്ലാത്തപ്പോൾ ചിരിക്കുക ആരോടോ സംസാരിക്കുന്നത് പോലെയുള്ള അശരീരി ശബ്ദങ്ങൾ മുഴക്കുക,

ഉറങ്ങാൻ കിടക്കുമ്പോൾ വല്ലാതെ പേടിപ്പെടുത്തുന്ന സ്വപ്നങ്ങൾ കണ്ടു ഭയന്ന് നിരന്തരം ഞെട്ടി ഉണരുക, ശരീരം കാര്യമായി ശോഷിച്ചു വരുക, പ്രകടമായ അക്രമസ്വഭാവം, രാത്രിയിൽ വീട്ടിൽ വരാതെ മറ്റിടങ്ങളിൽ താമസിക്കുക, ക്ലാസ്സ് കട്ട് ചെയ്ത കറങ്ങി നടക്കുക, വീട്ടിൽ നിന്ന് പണവും മറ്റു വസ്തുക്കളും മോഷ്ടിക്കുക, കളവ് പറയുക തുടങ്ങിയവ ലക്ഷണങ്ങളാണ്. കഞ്ചാവ് മദ്യം തുടങ്ങിയവ സ്ഥിരമായി ഉപയോഗിക്കുന്നവരിൽ തലച്ചോറിലെ ഡോപമിൻ (dopamine) എന്ന രാസവസ്തുവിന്റെ അളവ് ക്രമാതീതമായി വർധിക്കുകയും അതേത്തുടർന്ന് ലഹരി ഉപയോഗം കൊണ്ട് ഉണ്ടാകുന്ന ചിത്തഭ്രമ അവസ്ഥയിലേക്ക് എത്തുകയും ചെയ്തേക്കാം. വിഷാദരോഗം, ഉത്കണ്ഠ, ആത്മഹത്യാപ്രവണത, ആക്രമവാസന തുടങ്ങിയ മാനസിക പ്രശ്നങ്ങളും ലഹരികൾ ഉപയോഗിക്കുന്ന കൗമാരക്കാരിൽ ഇന്ന് സാധാരണമാണ്. എന്തൊക്കെ ലഹരികൾ. മദ്യമാണ് ഒന്നാമത്തെ വില്ലൻ. കേരളത്തിലെ കുട്ടികൾ ശരാശരി 12 വയസ്സ് പ്രായമാകുമ്പോൾ മദ്യപാനശീലം ആരംഭിക്കുന്നു എന്നാണ് സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇപ്പോൾ നമ്മുടെ കുട്ടികളിൽ വളരെ കൂടുതലായി കണ്ടു വരുന്ന മറ്റൊരു ലഹരി കഞ്ചാവാണ്. സിഗരറ്റും ബീഡി പാൻമസാല എന്നിവ നമ്മുടെ നാട്ടിൽ ഇന്ന് സുലഭമാണ്. പെട്രോൾ പശ, വൈറ്റ്നർ തുടങ്ങിയ ചില വസ്തുക്കൾ നിരന്തരം മണപ്പിച്ച് ലഹരി കണ്ടെത്തുന്ന ശീലങ്ങളും ഇന്ന് വ്യാപകമാകുന്നു. മയക്കത്തിനും ഉറക്കത്തിനും ആയി ഡോക്ടർമാർ നിർദ്ദേശിക്കുന്ന (Ntirazepam), 60m (Smigo (Diazepam) ഡയസിപ്പാം ഗുളികകളും ലഹരിക്കായി ഉപയോഗിക്കുന്ന പതിവുണ്ട്. ഇഞ്ചക്ഷൻ മാർഗ്ഗത്തിലൂടെ ഉപയോഗിക്കുന്ന ബ്രൗൺ ഷുഗറും അപകടകാരിയായ ഹെറോയിനുമൊക്കെ നമ്മുടെ നഗരത്തിൽ ലഭ്യമാണ് എന്ന കാര്യം നമ്മളെ എത്രത്തോളം ജാഗരൂകരായിരിക്കണം എന്ന് ഓർമപ്പെടുത്തുന്നു.



## എന്തു ചെയ്യാം ?

മറ്റേത് ആരോഗ്യ പ്രശ്നത്തെയും പോലെയും ലഹരി അടിമത്തത്തിന്റെ കാര്യത്തിലും പ്രതിരോധമാണ് ഏറ്റ

വും മികച്ച ചികിത്സ. നല്ലൊരു ശതമാനം കുട്ടികളും സമപ്രായക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് ലഹരി ഉപയോഗം ആരംഭിക്കുന്നത്. എന്നാൽ സൗഹൃദം നിലനിർത്തിക്കൊണ്ടുതന്നെ സൗഹൃദത്തിന്റെ ദുശ്ശീലങ്ങളിൽ നിന്നും അകന്നു നിൽക്കാനുള്ള അവകാശം തനിക്കുണ്ടെന്ന് ഓരോ കുട്ടിയേയും ബോധ്യപ്പെടുത്തേണ്ടത് രക്ഷിതാക്കളുടെ കർമ്മമാണ്. സുഹൃത്തുക്കളുടെ പ്രകോപനങ്ങളെയും പ്രലോഭനങ്ങളെയും അതിജീവിച്ച് എനിക്ക് പറ്റില്ല എന്ന് തീർത്തു പറയാൻ ഉള്ള കഴിവ് വളർത്തിയെടുക്കുകയാണ് ഇതിനാവശ്യം. ഇത്തരത്തിൽ അവകാശങ്ങളെക്കുറിച്ച് ബോധവാനായി, അതേസമയം തന്നെ മറ്റുള്ളവരുടെ അവകാശത്തെ ബഹുമാനിച്ചുകൊണ്ട് മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതെ സ്വന്തം നിലപാടുകളിൽ ഉറച്ച് നിൽക്കാനുള്ള കഴിവാണ് സ്വഭാവ ദൃഢത്. (Assertiveness).

കുട്ടികൾ മദ്യപിക്കുകയോ മയക്കു മരുന്ന് ഉപയോഗിക്കുകയോ ചെയതത് കണ്ടില്ല എന്ന് നടിക്കരുത്. ലഹരിയിൽ നിന്ന് മുക്തി നേടാൻ നാം മക്കളെ ഭീഷണിപ്പെടുത്തിയതുകൊണ്ടോ ശിക്ഷിച്ചതുകൊണ്ടോ കാര്യമില്ല. പ്രാരംഭദശയിൽ കൗൺസിലിംഗ് സൈക്കോതെറാപ്പി തുടങ്ങിയ മാർഗ്ഗങ്ങൾ സഹായകമായേക്കാം. പുറത്തറിയും എന്നോ നാണക്കേടാകുമെന്ന് കരുതിയോ നിഷ്ക്രിയരായി ഇരുന്നാൽ ഒരു കുട്ടിയുടെ നല്ല ഭാവി ആകും നമ്മൾ നഷ്ടപ്പെടുത്തുക.

ചിലപ്പോഴെങ്കിലും ലഹരി വസ്തുക്കൾക്ക് പൂർണ്ണമായ് അടിമപ്പെട്ട ചില കൗമാരക്കാർക്ക് മനോരോഗ ചികിത്സ ആവശ്യമുണ്ട്. ദിവസേന മദ്യം കിട്ടിയില്ലെങ്കിൽ കൈ വിറയ്ക്കുക കഞ്ചാവ് ലഭിച്ചില്ലെങ്കിൽ അക്രമാസക്തനാവുക, പൊടുന്നനെ ലഹരി ഉപയോഗിക്കുന്നത് നിർത്തുമ്പോൾ ഉണ്ടാകുന്ന പിൻവാങ്ങൽ ലക്ഷണങ്ങൾ പ്രകടമാക്കുക എന്നിവ കൃത്യമായ ചികിത്സ വേണ്ട അവസ്ഥകളാണ്. ലഹരി മോചിതനായ വ്യക്തി വീണ്ടും ലഹരിയുടെ വഴിയേ നീങ്ങാതിരിക്കാനായി പ്രതിരോധ ചികിത്സ ആവശ്യമാണ്. (Relapse Prevention strategies) മരുന്നുകളും മനശാസ്ത്ര ചികിത്സയും കുടുംബങ്ങൾക്കുള്ള കൗൺസിലിംഗും ഇതിന്റെ ഭാഗമാണ്. വിശ്വാസത്തിന് ലഹരി ചികിത്സയിൽ പങ്കുണ്ടോ എന്ന് ചിലർ ചോദിക്കാറുണ്ട്. തീർച്ചയായും ഉണ്ട്. ലഹരി വിമോചന ചികിത്സയുടെ അടിസ്ഥാനം എന്ന് പറയുന്നത് എനിക്ക് മോചനം വേണം എന്നതിനെക്കുറിച്ച് എത്രത്തോളം പ്രചോദനം (motivation) വ്യക്തിക്ക് ഉണ്ട് എന്നുള്ളതാണ്. ഇത് കുറേയൊക്കെ സാധ്യമാകുന്നത് വിശ്വാസത്തിന്റെ പിൻബലത്തിലാണ്. എന്റെ ശരീരം ദൈവത്തിന്റെ ആലയമാണെന്നും അതിനെ സംരക്ഷിക്കാൻ എനിക്ക് കടമയുണ്ടെന്നുമുള്ള ബോധ്യങ്ങൾ, (1കോറി 3:16) എന്നെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ടെന്നും (ജെറ 29:11)അത് നിറവേറാൻ ഞാൻ ദൈവഹിതത്തോട് സഹകരിക്കണം എന്ന തിരിച്ചറിവുകളും ലഹരി വിമോചന ചികിത്സയിൽ വൈദ്യശാസ്ത്രവും മനശാസ്ത്ര പരവുമായ ചികിത്സയോടൊപ്പം ദൈവ വിശ്വാസത്തിലധിഷ്ഠിതമായ സമീപനങ്ങളും അനിവാര്യമാണ്. ■

ലേഖനം

**ജോയി ജോസഫ്**

# ശ്രേ



'ഇരുൾ മറയും സൂര്യനുദിക്കും, കൈരളിയാം മലയാള നാട്ടിൽ പൊൻമലയാളം തെളിയട്ടെ!'

ഓരോ മലയാളിക്കും ഏറെ ആഹ്ലാദവും അഭിമാനവും നൽകിയദിനമായിരുന്നു 2013 മേയ് 23-ാം തീയതി. നമ്മുടെ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നൽകിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം പുറത്തുവന്നത് അന്നാണ്. യുനസ്കോയുടെ ശ്രേഷ്ഠ ഭാഷാ പട്ടികയിൽ മലയാളത്തിന് 16-ാമത്തെ സ്ഥാനമുണ്ട്. ഇത്രമാത്രം ഭാഷകളുള്ള ഈ ലോകത്ത് നമ്മുടെ ഭാഷയ്ക്ക് 16-ാമത്തെ സ്ഥാനമുണ്ട് എന്നത് അത്യാഹ്ലാദവും അഭിമാനവുമാണ്.

## മാതൃഭാഷയെ അവഗണിക്കുന്നു

മറ്റെല്ലാ നാട്ടുകാരും അവരുടെ മാതൃഭാഷയെ പെറ്റമ്മയായി കാണുമ്പോൾ മലയാളി മലയാളത്തെ പോറ്റമ്മയാക്കാൻ പോലും തയ്യാറാവുന്നില്ല. മലയാളം പഠിക്കുന്നത് എന്തോ ഒരു കുറവുപോലെ കരുതുന്നവരാണ് മലയാളികളിലേറെയും. സ്വന്തം മക്കളെ മാതൃഭാഷ പഠിപ്പിക്കാൻ മറക്കുന്നു. ഈ അവസ്ഥ ഇങ്ങനെ തുടർന്നാൽ ഒരു പക്ഷേ മലയാള ഭാഷ ഒരു അവശിഷ്ടമാവും എന്നതിൽ സംശയമില്ല. എന്നാൽ മലയാള ഭാഷ നമുക്ക് അന്യമാവുകയാണ്. മാതൃഭാഷയാണെങ്കിലും അതിനെ സ്നേഹിക്കാതെ മറ്റുഭാഷകൾക്ക് പ്രാധാന്യം നൽകുന്ന തലമുറയാണ് വളർന്നുവരുന്നത്. മലയാളം വായിക്കാനറിയാതെ ആശങ്കപ്പെടുന്ന കുട്ടികളാണ് ഇന്ന് കേരളത്തിലേറെ. ഇംഗ്ലീഷോ മറ്റു ഭാഷകളോ പഠിക്കേണ്ട എന്നല്ല, മലയാളയത്തെ സ്നേഹിക്കണം, വായിക്കണം എഴുതാനും അറിയണം എന്നതാണ് പ്രധാനം.

ഒന്നാം ക്ലാസിൽ പ്രവേശനത്തിന് ഒരു ലക്ഷം രൂപ വാങ്ങുന്ന ഹൈസ്കൂളിൽ ക്യൂ നിൽക്കുന്ന മലയാളി. ഇംഗ്ലീഷ് മാത്രം സംസാരിക്കുകയെന്ന് സ്കൂൾ ചുവരുകളിൽ ഇംഗ്ലീഷിൽ കൽപ്പന പതിക്കുന്ന മലയാളി. മൂന്നുവയസ്സുകാരന്റെ കുഞ്ഞിക്കൈ പിടിച്ച് അമ്മ എന്ന ദിവ്യ പദത്തിന് പകരം എ ഫോർ ആപ്പിൾ എന്ന് കുറിപ്പിക്കുന്ന മലയാളി, മെഡിക്കൽ കോളേജിന് സീറ്റ് അൻപത് ലക്ഷം മുതൽ ഒരു കോടിയും ഒന്നരക്കോടിയും വരെ എണ്ണിക്കൊടുക്കുന്ന മലയാളിക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ തെറ്റില്ലാത്ത നാലുവാചകമെഴുതാനാവാത്ത ബിരുദധാരിയായ മലയാളി. ദുഃഖമയമായ സർക്കാർ സ്കൂളുകളെ പുച്ഛിച്ചുകൊല്ലുന്ന മലയാളി അഭിമാനിക്കാനുണ്ടോ നമ്മുടെ വിദ്യാഭ്യാസത്തെ ചൊല്ലി.

## മാതൃഭാഷ സ്വായത്തമാക്കാൻ കഴിയണം

തന്റെ ചുറ്റുപാടുമുള്ള പൊതുസമൂഹം സംസാരിക്കുന്ന ഭാഷയാണ് മാതൃഭാഷയായി വരുന്നത്. മലയാളിയുടെ

മാതൃഭാഷ മലയാളമാണ്. മാതൃഭാഷ എന്നത് ഒരു വ്യക്തിയുടെ അവനുൾപ്പെടുന്ന പാരമ്പര്യ സമൂഹത്തിന്റെ സാധാരണ സംസാരശൈലിയും, ലിപി ഉണ്ടെങ്കിൽ അതും ഉൾപെടുന്ന അച്ചടി ശൈലിയും അടങ്ങുന്ന ഭാഷയാണ്. കേരളത്തിൽ ജനിക്കുന്ന കുട്ടികളുടെ മാതൃഭാഷ മലയാളം തന്നെയാണ്. കാരണം 96.4% ആളുകളും ഇവിടെ മലയാള ഭാഷ ഉപയോഗിക്കുന്നു. കേരളത്തിലെ ഭരണഭാഷയും മലയാളം തന്നെ. സർക്കാർ ജോലി ലഭിക്കുന്നതിനും മലയാള ഭാഷ പഠിച്ചിരിക്കണമെന്ന് നിയമവും ഉണ്ട്. 7 സർക്കാർ വകുപ്പുകളിലും, 31 സ്വയം ഭരണ സ്ഥാപനങ്ങളിലും, 44 പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളിലും മലയാളഭാഷ ഭരണഭാഷയായി പ്രഖ്യാപിച്ചിട്ടുണ്ട്.

### മലയാളി മലയാളം പഠിക്കണം

ഇന്ത്യയിൽ കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും

# ഷ്ഠ ഭാഷയാം മലയാളം



പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തി രണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷ കൈരളി എന്നും അറിയപ്പെടുന്നു. കേരള സംസ്ഥാനത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം. കേരളത്തിനും ലക്ഷദ്വീപിനും പുറമേ ഗൾഫ് രാജ്യങ്ങൾ, സിങ്കപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു. ദേശീയ ഭാഷയായി ഉൾപ്പെടുത്തുന്നത് മറ്റ് 21 ഭാഷകളുടേതുപോലെ തനതായ വ്യക്തിത്വം ഉള്ള തിനാലാണ്. ലോകത്താകമാനം 3.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട്. ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും മലയാളം തന്നെയായിരിക്കണം അധ്യയന മാധ്യമം.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വികാസം പ്രാപിക്കുന്ന ഭാഷ മലയാളമാണെന്നാണ് പുതിയ സർവേ പറയുന്നത്. മലയാളം കൂടുതൽ നവീകരണം സംഭവിച്ച് രാജ്യത്തെ തന്നെ ഏറ്റവും വികാസം പ്രാപിച്ച ഭാഷയായി മാറുകയാണെന്ന് ബറോഡയിൽ പ്രവർത്തിക്കുന്ന ഭാഷാ റിസർച്ച് ആന്റ് പബ്ലിക്കേഷൻസ് അഖിലേന്ത്യാ തലത്തിൽ നടത്തിയ പീപ്പിൾസ് ലിംഗ്വിസ്റ്റിക്സ് സർവേ പറയുന്നു.

ശാസ്ത്രസാങ്കേതിക സാമൂഹിക രംഗത്ത് അറിവും മികവും നേടുകയും ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ പഠിക്കുകയും ചെയ്യുക എന്നതാണ് ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളും സ്വീകരിക്കേണ്ട പഠനരീതി. അറിവ് അതിവേഗം നേടുന്നതിന് മാതൃഭാഷയും പൊതു ആശയവിനിമയത്തിന് ഇംഗ്ലീഷ്, ഹിന്ദി ഭാഷയും സ്വീകരിക്കാം.

കേവലം 80 ലക്ഷം പേർ സംസാരിക്കുന്ന സ്വീഡിഷ് ഭാഷയ്ക്കും 100 ലക്ഷം പേർ സംസാരിക്കുന്ന ഗ്രീക്ക് ഭാഷയ്ക്കും ലോകത്തിലുള്ള വലിയ സ്ഥാനം ആലോചിക്കുമ്പോൾ നമ്മൾ ലജ്ജിച്ച് തലതാഴ്ത്തേണ്ടിയിരിക്കുന്നു. അവർക്ക് അവരുടെ മാതൃഭാഷയോടുള്ള സ്നേഹവും ആദരവും കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. ഏകദേശം 350 ലക്ഷത്തിധികം മലയാളികളുള്ള നമ്മുടെ കേരളം മാതൃഭാഷയോട് കാണിക്കുന്നത് ഒരു ജനതയും കാണിക്കാത്ത തരം അനാസ്ഥയാണ്. ഏത് യന്ത്രവൽക്കൃത ലോകത്തു ജീവിച്ചാലും ഏത് സാങ്കേതിക വിദ്യയുടെ ചുവട്ടിൽ കിടന്നാലും മലയാളഭാഷയേയും സംസ്കാരത്തെയും മറക്കുന്നത് പെറ്റമ്മയെ മറക്കുന്നതിന് തുല്യമാണ്. മാതൃഭാഷയുടെ വിശുദ്ധി കാത്തുസൂക്ഷിക്കണമെന്നുള്ള സന്ദേശം എന്നും ഓർമ്മയിൽ തെളിയട്ടെ. നമ്മുടെ ഭാഷ അങ്ങനെ ആർക്കും വഴിമാറി കൊടുക്കേണ്ടതില്ല.

### മലയാള സർവകലാശാല ഭാഷയ്ക്കഭിമാനം

മലയാളത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തിരൂരിൽ മലയാളം സർവകലാശാല ആരംഭിച്ചിട്ട് അധികം കാലമായിട്ടില്ല. ഇതിനുശേഷം നമ്മുടെ ഭാഷയ്ക്ക് ലഭിച്ച ഏറ്റവും വലിയ നേട്ടമാണ് ശ്രേഷ്ഠ ഭാഷാ പദവി. ഇത് മലയാള സർവകലാശാലയ്ക്കും ഏറെ ഗുണം ചെയ്യും. ഭാഷാ വികസനത്തിനും ഗവേഷണത്തിനുമായി 100 കോടിയോളം രൂപയുടെ കേന്ദ്രസഹായമാണ് കേരളത്തിന് ലഭിച്ചത്.

ഡിജിറ്റൽ യുഗത്തിൽ മലയാളത്തെ കൈപിടിച്ചുയർത്താൻ സർക്കാർ ഭാഷാ സാങ്കേതിക വിദ്യാനയം കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. ഭാഷാ സാങ്കേതികവിദ്യാ മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാർ, സർക്കാതിര സ്ഥാപനങ്ങളുടെ കൂട്ടായ്മയ്ക്കും സർക്കാർ രൂപം നൽകുകയും ഐ.റ്റി.വകുപ്പും, മലയാളം സർവകലാശാലയും ചേർന്ന് പ്രവർത്തനങ്ങൾക്കുനേതൃത്വം വഹിക്കുകയും ചെയ്തുകൊണ്ട് മലയാളഭാഷയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടണം. ■

**തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു**



**സി. ജയ മുനിയാസ്**

# ഹോം മിഷൻ എന്റെ ജീവിതത്തിൽ

"ദൈവമേ അവിടുത്തെ ചിന്തകൾ എനിക്ക് എത്ര അമൂല്യമാണ്! അവ എത്ര വിപുലമാണ്" (സങ്കീ. 139:17)

ഞാൻ സി.ജയ മുനിയാസ് ഡൊറോത്ത്യൻ സന്യാസ സഭാ അംഗമാണ്. ഹോംമിഷനെക്കുറിച്ച് പറയുമ്പോൾ ആദ്യം എനിക്ക് ഒട്ടും തന്നെ താല്പര്യം ഇല്ലായിരുന്നു. ഞാൻ പൂവാർ എയ്ഞ്ചൽസ് സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് എന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ബിജി എന്നോട് പറഞ്ഞത്: 'നിനക്ക് ട്രാൻസ്ഫർ ഉണ്ട് എന്നും വേറെ രണ്ടുമൂന്ന് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കണമെന്നും. അതിൽ ഒന്നായിരുന്നു ഹോം മിഷൻ. ഇത് കേട്ടപ്പോൾ സത്യം പറഞ്ഞാൽ എനിക്ക് ഒട്ടും തന്നെ താല്പര്യമില്ലായിരുന്നു. ഞാൻ എന്റെ പ്രൊവിൻഷ്യലിനോട് പറഞ്ഞു എനിക്ക് താല്പര്യമില്ല. എന്നാലും ഞാൻ അനുസരണത്തിന്റെ പേരിൽ പോകാം. അതിനുശേഷം ഞാൻ എന്റെ മനസ്സിനെ ഒരുക്കുകയായിരുന്നു. ഇപ്പോഴാണ് ഞാൻ തുടക്കത്തിൽ പറഞ്ഞ സങ്കീർത്തനം ഓർക്കുന്നതും നന്ദി പറയുന്നതും. അനുസരണയുടെ പേരിൽ ഞാൻ പറഞ്ഞ ഏസ് ദൈവത്തിന്റെ ചിന്തയിൽ ഉള്ളതായിരുന്നു എന്ന്.

ഹോം മിഷൻ തുടങ്ങിയത് വഴയില എന്ന ഇടവകയിലാണ്. ആദ്യ ദിവസം തന്നെ എനിക്ക് വലിയ സന്തോഷം അനുഭവിക്കാൻ സാധിച്ചു. ഓരോ വീടുകളിലും കടന്നുചെല്ലുമ്പോൾ വീട്ടുകാർ ഈശോയെ എപ്രകാരം ഒരു വീട്ടിൽ സ്വീകരിക്കുന്നുവോ അതുപോലെ ഞങ്ങളെയും സ്വീകരിക്കുന്നതായി അനുഭവപ്പെട്ടു. പിന്നെ എനിക്ക് മനസിലായി അവരോട് ഞാനല്ല സംസാരിക്കുന്നത് എന്നിലൂടെ ഈശോയാണ് സംസാരിക്കുന്നത് എന്ന്. പിന്നെ പിന്നെ ഞാൻ ഒത്തിരി പ്രാർഥിക്കാൻ തുടങ്ങി. എന്നിലൂടെ ഞാൻ കണ്ടുമുട്ടുന്ന വ്യക്തികൾക്കും കടന്നുചെല്ലുന്ന ഭവനങ്ങൾക്കും ഈശോയെ നൽകാൻ സാധിക്കണേ എന്നും എന്നെ അതിന് അങ്ങയുടെ ഒരു ഉപകരണമാക്കണമേ എന്നും പ്രാർഥിച്ചു. അതുതന്നെയാണ് ഇപ്പോൾ സംഭവിക്കുന്നതെന്ന് പൂർണമായി ഞാൻ വിശ്വസിക്കുന്നു. ഒത്തിരിയേറെ ആത്മീയമായി വളരുവാനും വചനം പഠിക്കുവാനും അവസരം കിട്ടുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുമ്പോൾ എന്റെ തന്നെ ദൈവവിളിയെ ഓർത്ത് കർത്താവിന് നന്ദി പറയുവാനും ലോകം മുഴുവനിലുള്ള എല്ലാവരേയും ഓരോ ദിവസവും ദിവ്യകാരുണ്യ സന്നിധിയിൽ സമർപ്പിച്ച് പ്രാർഥിക്കുവാനും ഹോം മിഷനിലൂടെ സാധിക്കുന്നു. ഞാൻ കടന്നുചെല്ലുന്ന കുടുംബങ്ങളിൽ അവർ ജീവിത പ്രശ്നങ്ങൾ പങ്കുവച്ച് കഴിയുമ്പോൾ മിക്കവരും പറയാറുണ്ട് "സിസ്റ്റർ ഇപ്പോൾ മനസ്സിന് ഒരു ആശ്വാസമായി എന്ന്" ഇത് കേൾക്കുമ്പോഴാണ് ഞാൻ പരിശുദ്ധ പിതാവിന്റെ വാക്കുകൾ ഓർക്കുന്നത്.

"ജനങ്ങളുമായി സംഭാഷണത്തിൽ ഏർപ്പെടുന്നവരും ഇരുൾ നിറഞ്ഞവരുടെ രാത്രികളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിവുള്ളവരും ഇരുട്ടിൽ അവരുടെ കൂടെ നടക്കാൻ താല്പര്യമുള്ളവരുമായിരിക്കണം സുവിശേഷത്തിന്റെ ശുശ്രൂഷകർ." ഇതിനായി എന്നെ ദൈവം ഒരുക്കകയും ഈ വർഷം ഇതിനായി എനിക്ക് നൽകുകയും ചെയ്തു. നല്ല ദൈവത്തിന് ഞാൻ എല്ലാ ദിവസവും നന്ദി പറയുന്നു. അതുപോലെ വിവിധ സഭകളിൽ നിന്നുള്ള സിസ്റ്റേഴ്സ് തമ്മിലും ഐക്യവും സ്നേഹവും വളർത്തുവാനും ഹോം മിഷൻ സഹായകമായി. ■

# ഹോം മിഷൻ ഒരു ജീവിതാനുഭവം

**സി. ഫെൽസി എസ്ആർഎ**

കുടുംബ നവീകരണം ലക്ഷ്യമാക്കിക്കൊണ്ട് തിരുവനന്തപുരം അതിരൂപത മൂന്നുവർഷമായി നടത്തിവരുന്ന ഹോം മിഷൻ എന്ന പ്രേഷിത ദൗത്യത്തിൽ പങ്കുചേരാനുള്ള നിയോഗം ചെറുപ്പം മുതൽ മനസ്സിൽ കൊണ്ടുനടന്ന ഒരാഗ്രഹത്തിന്റെ പൂർത്തീകരണമാണ്. വളരെയേറെ സന്തോഷത്തോടെയാണ് ഈ ദൗത്യം ഞാൻ ഏറ്റെടുത്തത്. മറ്റു രൂപതകളിൽ അവസരം ലഭിച്ചു എങ്കിലും അതിൽ നിന്നൊക്കെ വ്യത്യസ്തമായി മുഴുവൻ സമയവും ഈ ദൗത്യത്തിനായി ഇറങ്ങിത്തിരിച്ചപ്പോൾ മനസ്സിന് വളരെയേറെ സന്തോഷവും സംതൃപ്തിയും തോന്നി.

ഹോം മിഷൻ പ്രവർത്തനം കാര്യക്ഷമമുള്ളതാക്കി തീർക്കുവാൻ രൂപതയിൽ നടത്തുന്ന പരിശീലനം ഏറെ പ്രയോജനമാണ്. ഇടവക സമൂഹത്തെ അവർ ആയിരിക്കുന്ന അവസ്ഥയിൽ നോക്കിക്കാണുന്നതിനും അവരോടൊപ്പമായിരുന്നുകൊണ്ട്, സൗഹൃദബന്ധത്തിലൂടെ വ്യാപരിച്ച് അവരെ ശ്രവിക്കുക എന്ന ബോധ്യത്തോടെ ഈ രംഗത്തേക്കിറങ്ങുവാൻ സാധിച്ചു.

പല കോൺഗ്രിഗേഷൻ സിസ്റ്റേഴ്സിനോടൊപ്പം ഒരു സമൂഹമായി പരസ്പരസ്നേഹത്തോടും സൗഹൃദത്തോടും കൂടി പ്രവർത്തിക്കുവാൻ സാധിക്കുന്നതും ഒരു പുതിയ അനുഭവമാണ്.

ഇതുവരെയും സന്ദർശിച്ച ഇടവകകളിലെ കുടുംബങ്ങളിൽ നിന്ന് വളരെ വ്യത്യസ്തങ്ങളായ ജീവിതയാഥാർഥ്യങ്ങളാണ് മനസ്സിലാക്കുവാൻ സാധിച്ചത്. നമ്മുടെ മക്കളുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ വിശ്വാസം, കൂദാശാ ജീവിതം ഇവ ക്ഷയിച്ചുപോകുന്നതായി കാണുവാൻ സാധിച്ചു. ഇവിടെയാണ് ഹോംമിഷന്റെ ആവശ്യവും പ്രസക്തിയും. എന്തു കാരണത്തിലാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് മനസ്സിലാക്കണമെങ്കിൽ നാം അവരുടെ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം. വളരെയേറെ പ്രാർഥിച്ച് പരിശുദ്ധാത്മ സഹായത്തോടെ അവരുടെ കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെന്നപ്പോൾ ആദ്യമേ തന്നെ ഒരു പോസിറ്റീവ് എനർജി ഞങ്ങൾക്ക് ലഭിച്ചു. പല കുടുംബങ്ങളും പറഞ്ഞതിങ്ങനെയാണ് “നിങ്ങളുടെ സാന്നിധ്യം ഞങ്ങളുടെ കുടുംബത്തിന് ഒരു വലിയ അനുഗ്രഹമാണ്.'' കൂടാതെ ഒന്നു മനസ്സുതുറക്കാൻ അവർ കാത്തിരിക്കുകയായിരുന്നു. അവരുടെ വ്യക്തിപരമായ മുറിവുകൾ, അവഗണന, ഭാര്യയും മക്കളും ഒറ്റപ്പെടുത്തുന്നു എന്ന ഭർത്താവിന്റെ ദുഃഖം, മദ്യപാനം മൂലം കുടുംബത്തെ ശ്രദ്ധിക്കാത്ത കുടുംബനാഥന്മാർ, സാമ്പത്തിക പരാധീനത, ജീവിതം വഴിമുട്ടി നിൽക്കുന്ന അവസ്ഥ, വ്യത്യസ്ത മതവിഭാഗങ്ങളിൽ നിന്നും വിവാഹബന്ധങ്ങൾ സ്ഥാപിച്ചപ്പോൾ ചോർന്നുപോയ വിശ്വാസവും ജീവിതപ്രശ്നങ്ങളും, കൂദാശാ ജീവിതത്തോടുള്ള താല്പര്യക്കുറവ് ദാമ്പത്യജീവിത പരാജയം ഇവയെല്ലാം അവർ പങ്കുവച്ചതും ഞങ്ങൾ മനസ്സിലാക്കിയതുമായ കാര്യങ്ങളാണ്.

റോമാ. 10:9 “യേശുകർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും.” ജീവിതത്തിൽ എന്തൊക്കെ പ്രതിസന്ധികൾ നേരിടേണ്ടിവന്നാലും ക്രിസ്തുവിൽ ജീവിതം പൂർണമായി അർപ്പിച്ചുകൊണ്ട് ദൈവാശ്രയ ബോധത്തോടെ ജീവിച്ചാൽ അവിടുന്ന് കൈവെടിയുകയില്ല. എന്ന ബോധ്യം അവർക്ക് നൽകി നീറുന്ന ഹൃദയങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം പകരുവാനും ക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തെ ആഴപ്പെടുത്തുവാനും ഉത്ഥിതനായ ക്രിസ്തുവിലൂടെ മാത്രമാണ് രക്ഷ എന്ന അവബോധത്തെ ഊട്ടിഉറപ്പിക്കുവാനും സാധിച്ചു

എന്നെ സംബന്ധിച്ചിടത്തോളം വളരെ വ്യത്യസ്തമായ അനുഭവമായിരുന്നു. ജീവിതയാഥാർഥ്യങ്ങളെ നേരിൽ കണ്ടപ്പോൾ എന്റെ മനസ്സിൽ ഒത്തിരിദുഖം തോന്നി. നമ്മുടെ മക്കൾ ആരും നഷ്ടപ്പെടാതെ യേശുവിങ്കലേക്ക് അടുപ്പിക്കണമെന്ന തീഷ്ണത എന്നിൽ ഉളവായി. ■

**നിത്യതയിൽ രണ്ടുവർഷം**



**ജി.റോസ് ദലീമ**

ഗ്രീൻഹൗസ്, അരയല്ലൂർ.

*മരണം: 9-11-2017*

അകാലത്തിൽ പൊലിഞ്ഞുപോയ പുണ്യാത്മാവിന് നിത്യശാന്തി നേരുന്നു.

*- സന്തപ്തകുടുംബാംഗങ്ങൾ*



തുടർമഴ ........................ 12

● ഫാ. ലെനിൻ ഫെർണാണ്ടസ്

**മത്തായി 26:6 – 13**
**'ബഥാനിയായിലെ തൈലാഭിഷേകം' എന്ന സുവിശേഷഭാഗം ആധാരമാക്കിയ കഥ**


# പുണ്യപാത

**ആ** നാർദീൻ തൈലത്തിന്റെ സുഗന്ധം അപ്പോഴും അവരുടെ സിരകളെ ലഹരിയിൽ ആഴ്ത്തുന്നുണ്ട്. യേശുവിന്റെ ശിഷ്യന്മാരായ യൂദാസ് സ്ക്കറിയോത്തയും തോമസും ബഥാനിയായിലെ കുഷ്ടരോഗിയായ ശിമയോന്റെ വീട്ടിൽ നിന്നും നേരെ പോയത് ഒലിവുമലയിലെ ഗദ്സമീൻ തോട്ടത്തിലായിരുന്നു. ആ യാത്ര യഥാർഥത്തിൽ യുദാസൊരുക്കിയ ഒരു കെണിയായിരുന്നു. തോമസ് സത്യത്തിൽ ഒന്നും അറിഞ്ഞിരുന്നില്ല. യൂദാസിന് യേശു പ്രാർത്ഥിക്കുന്നിടം കാണണമായിരുന്നു. തോമസിനെ ഒരിക്കൽ യേശു ഗദ്സമീൻ തോട്ടത്തിൽ കൂട്ടിക്കൊണ്ടുപോയിരുന്നത് അവന് അറിയാമായിരുന്നു. “ആ സ്ത്രീ – എത്തരക്കാരിയെന്ന് ജറുസലേമിലെ ഒട്ടുമിക്കവർക്കും അറിയാം. എന്നിട്ടും എന്തേ ഗുരു അവളെ അവന്റെ പാദങ്ങൾ ചുംബിക്കാനും തലമുടികൊണ്ട് തുടയ്ക്കാനും അനുവദിച്ചു. അവളുടെ കണ്ണുകളിൽ കാമാഗ്നിയായിരുന്നു. അത് നമ്മുടെ ഗുരു ആസ്വദിക്കുകയായിരുന്നു അല്ലേ തോമസ്?'' യൂദാസ് ചിരിച്ചുകൊണ്ടാണ് അത്രയും പറഞ്ഞുനിർത്തിയത്.

തോമസിനാകട്ടെ സാധാരണ കാണാറുള്ള ശൗര്യം പോരാ ഇന്ന്. ഈ ദിനങ്ങളിൽ തോമസ് നന്നേ ദുഃഖിതനും ക്ഷീണിതനുമായി കാണപ്പെട്ടു. കാരണം ഈ ദിവസങ്ങളിലൊക്കെ തങ്ങളുടെ പ്രിയങ്കരനായ ഗുരു പറഞ്ഞുകൊണ്ടിരുന്നത് തന്റെ മരണത്തെക്കുറിച്ചും വേർപാടിനെക്കുറിച്ചുമുള്ള ചിന്തകളായിരുന്നു. തോമസിന്റെ ചിന്തകളിൽ എപ്പോഴും ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഗുരു ആക്രമിക്കപ്പെട്ടാൽ എന്തു വിലകൊടുത്തും അത് തടയണം. കഴിഞ്ഞില്ലെങ്കിൽ അവനോടൊപ്പം മരിക്കണം. ഹൃദയ പരമാർഥതയാണ് താൻ എന്നും കരുതിവച്ച പുണ്യം. തന്റെ ജീവിതപുണ്യം ഒരു നാർദീൻ തൈലക്കുപ്പി പോലെ. ഉടഞ്ഞുവീഴുമെങ്കിൽ അത് അവന്റെ പാദാന്തികത്തിൽ തന്നെയാകട്ടെ.

ദേഷ്യഭാവത്തോടെ തോമസ്, യൂദാസിനെ നോക്കി, എന്നിട്ടുപറഞ്ഞു, “നീ പണസഞ്ചിയുടെ തൂക്കം നോക്കിയാണ് വ്യക്തികളെ അളക്കുന്നത്. എന്നാൽ ഗുരു നമ്മെ പറഞ്ഞയച്ചത് പണസഞ്ചിയോ ചെരിപ്പോ ഇല്ലാതെയാണ്. അവന്റെ കണ്ണിൽ കാമാഗ്നിയായിരുന്നുവെങ്കിൽ അവന്റെ മിഴികൾ സജലങ്ങളാകില്ലായിരുന്നു. അവന്റെ ചിറകിൻ കീഴിൽ പെൺകിടാങ്ങൾ സുരക്ഷിതരല്ലായിരുന്നെങ്കിൽ രാവെന്നോ പകലെന്നോ ഇല്ലാതെ അനേകം സ്ത്രീകൾ നമ്മോടൊപ്പം യാത്ര ചെയ്യില്ലായിരുന്നു പ്രിയ സുഹൃത്തേ. അവന്റെ ഹൃദയത്തിനും നമ്മുടെ ഹൃദയങ്ങൾക്കും തമ്മിൽ താഴ്വാരങ്ങളുടെ അന്തരമുണ്ട്. അത് നീ ഓർത്തുവയ്ക്കൂ യൂദാസ്. ഒരുപക്ഷേ അത് നിന്റെ നിത്യരക്ഷയ്ക്കുപകരിക്കും.”

തോമസ് തുടർന്നു, “ഇനി അധി



കനാൾ ഞാൻ നിങ്ങളോടൊപ്പം ഉണ്ടാകില്ല എന്ന അവന്റെ വാക്യത്തെക്കുറിച്ച് നീ എന്തുകൊണ്ട് വ്യാകുലനാകുന്നില്ല? ഇതെന്റെ ശരീരമാകുന്നുവെന്നും ഇതെന്റെ രക്തമാകുന്നുവെന്നും ഉള്ളുനീറി അവൻ പാടിയപ്പോൾ അതിനുനേരെ മുഖം തിരിക്കാൻ മാത്രം നിന്റെ ഹൃദയത്തെ പിശാച് ഗ്രസിച്ചുവോ?"

പെട്ടെന്ന് ആ വാക്യങ്ങൾ യൂദാസിനെ വല്ലാത്ത ഭാവവ്യത്യാസത്തിലേക്ക് തള്ളിവിട്ടു. അവന്റെ കണ്ണുകളിൽ ഇരുട്ടുകയറി, അവന്റെ മുഖം തുടുത്തു, അവന്റെ ശരീരം ആലിലപോലെ വിറച്ചു. പെട്ടെന്നവർ പൂഴിയിലേക്കുവീണു, അവൻ നിലത്തുരുണ്ടു, അട്ടഹസിച്ചു, സ്വന്തം ശരീരത്തെ അവൻ തന്നെ മർദ്ദിച്ചു. ആക്രോശിച്ചുകൊണ്ട് അവൻ തോമസിനുനേരെ പാഞ്ഞടുത്തു.

അൽപ്പം ഒന്നു പതറിയെങ്കിലും ശക്തമായ ആത്മവീര്യത്തോടെ, മൂന്നുവർഷം കൂടെ നടന്ന സൗഹൃദത്തിന്റെ ആർദ്രതയോടെ തോമസ് ശബ്ദമുയർത്തി വിളിച്ചു, 'യൂദാസ്....'

അതൊരു ദൈവകൃപയുടെ ഇടപെടലായിരുന്നു. സ്വർഗീയ ദൂതന്മാർ അവർക്കുചുറ്റും കാവലായി. നാരകീയ ശക്തികൾ പ്രബലപ്പെടാതെ അവർ നിർവീര്യരായി ഒലിവുമലയിലെ ശവകുടീരങ്ങളിലേക്ക് പിൻവാങ്ങി. ഒരുകുഞ്ഞിനെപ്പോലെ തേങ്ങിക്കൊണ്ട് തോമസിന്റെ മാറിൽ യൂദാസ് തലചായ്ച്ചു.

യൂദാസ് തേങ്ങിക്കൊണ്ട് തോമസിനോട് ചോദിച്ചു, "നിങ്ങളൊക്കെ എന്തിനാണ് എപ്പോഴും എന്നെ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നത്. റോമാക്കാരിൽ നിന്നും നമ്മുടെ സമ്പൂർണ മോചനമല്ലേ ഞാനും ആഗ്രഹിക്കുന്നത്? അതിനുവേണ്ടിയാണ് ഞാൻ ഗുരുവിനെ പ്രകോപിപ്പിക്കുന്നത്. ഇന്ന് അവൻ വിചാരിച്ചാലേ ജറുസലേമിലേയും സമരിയായിലേയും ഗലീലിയയിലേയും സകല യഹൂദരേയും ഒരുമിപ്പിച്ചു നിർത്താൻ സാധിക്കൂ. അവനോടൊപ്പം ദൈവം ഉണ്ട്. മോശയ്ക്ക് കരുത്തായ ദൈവം, ദാവീദിന്റെ പടനയിച്ചു ദൈവം അവനോടൊപ്പമുണ്ട്. എന്നിട്ടും എന്തുകൊണ്ട് അവൻ നമ്മെ നിരായുധരാക്കുന്നു. എന്തുകൊണ്ട് അവൻ അവസരങ്ങൾ പാഴാക്കുന്നു. താങ്കൾ അതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ തോമസ്."

തോമസിന് മറുപടി ഒന്നും തന്നെ ഇല്ലായിരുന്നു. കാരണം അവന്റേത് ഒരു നേർരേഖ പോലൊരു ജീവിതമായിരുന്നു. വളഞ്ഞവഴികൾ തെല്ലും പരിചിതമല്ലാത്ത ശിഷ്യനായിരുന്നു അവൻ. അതുകൊണ്ടാണല്ലോ തന്റെ പ്രിയ ഗുരുവിനെ ഒറ്റിക്കൊടുക്കാൻ പോകുന്ന ഈ ദുഷ്ടന്റെ പിന്നാലെ ഗുരുവിന്റെ പ്രാർഥനാ സ്ഥലം കാട്ടിക്കൊടുക്കാൻ അവന് പോകേണ്ടിവന്നത്.


താഴ്‌വാരങ്ങൾ താണ്ടി പൂഴിമണ്ണിലൂടെ നടന്നുനീങ്ങുമ്പോഴും അവർ രണ്ടുപേരും നിശബ്ദരായിരുന്നു. ജീവിതത്തിന്റെ നൊമ്പരങ്ങളുടെ മർമ്മരം താലോലിക്കുന്ന ഒരുവന് എങ്ങനെ ആയുധമെടുക്കാൻ നമ്മെ ഉപദേശിക്കാൻ സാധിക്കും. നിത്യപരിചിതമായ മേഖലകൾ ഉപേക്ഷിച്ച് അപരിചിതമായ പുതു മേഖലകളിലേക്കാണല്ലോ അവൻ നമ്മെ വിളിക്കുന്നത്. ഹൃദയ ലാവണ്യങ്ങൾ തുറന്നുകാട്ടി സ്നേഹത്തിന്റെ കുതിപ്പിനാണല്ലോ അവൻ ദീപം തെളിയിച്ചിരിക്കുന്നത്. ഇനി അങ്ങോട്ട് എന്തായാലും എന്റെ വഴി എന്റെ ഗുരുവിന്റേതുതന്നെ, തോമസ് തീർച്ചപ്പെടുത്തി.

ഒരു കവലയിൽ അവരെത്തി. രണ്ടു വഴികൾ അവർ കണ്ടു. ഒരു വഴി ഈജിപ്തിന്റെ മരുഭൂമിയിലേക്കുള്ളത്. വഴി അതി വിശാലം. സുഖമായി ആർക്കും അതിലേ നടക്കാം. മറ്റേവഴി ദുർഘടം പിടിച്ചത്. കല്ലും മുള്ളും വിരിച്ച പാത. അതിലേ നടക്കുന്നവന്റെ പാദങ്ങൾ വ്രണിതമാകും തീർച്ച. ആ വഴിത്താരയിൽ നിന്ന് അവർ വേർപിരിഞ്ഞു. യൂദാസ് ഇരുട്ടിലേക്കും തോമസ് വെളിച്ചത്തിലേക്കും. പാദങ്ങളിൽ തുളഞ്ഞുകേറിയ കല്ലും മുള്ളും അവന് അസഹ്യമായപ്പോൾ ആ ഉൽകൃഷ്ടകാവ്യം അവന്റെ ചെവികളിൽ മുഴങ്ങി – ഇതെന്റെ ശരീരം – ഇതെന്റെ രക്തം. ■

ലേഖനം

ഫാ. ജേക്കബ് സ്റ്റെല്ലസ്

# കെസിഎസ്എൽ നേതൃത്വത്തിലേക്കുള്ള ആദ്യപടി



ബാല്യത്തിലെ ആഗ്രഹങ്ങളും ഓർമകളും നമുക്ക് മറക്കാനാകുമോ? കള്ളനും പോലീസും കളിക്കുമ്പോൾ പോലീസ് ആകാൻ ആഗ്രഹം, നാടകത്തിൽ രാജാവും നായകനും ആകാൻ ആഗ്രഹം, ക്ലാസിൽ ലീഡർ ആകാൻ ആഗ്രഹം, തോളത്തു കൈവച്ചു തീവണ്ടി കളിക്കുമ്പോൾ മുമ്പിൽ നിൽക്കാൻ ആഗ്രഹം. അങ്ങനെ എല്ലാറ്റിലും മുന്നിലും ഒന്നാമൻ ആകാനും ആഗ്രഹം. ഇങ്ങനെ ബാല്യത്തിൽ എത്രയോ ആഗ്രഹങ്ങളും സ്വപ്നങ്ങളും. എന്നാൽ നേതാവാകാൻ അവസരം ഉണ്ടായിട്ടും സ്വപ്നത്തിൽ മാത്രം അവശേഷിച്ച ഒരു പഴയകഥ പോലെ ആയിമാറി നമ്മുടെ ആഗ്രഹം. പരിശ്രമിച്ചെങ്കിൽ സ്വപ്നങ്ങളെയും ആഗ്രഹങ്ങളെയും സാക്ഷാൽക്കരിക്കാൻ സാധിക്കുമായിരുന്നു. താമസിച്ചിട്ടില്ല ഇനിയും അവസരങ്ങൾ ഉണ്ട്.

ആരാണ് നേതാവ്? എങ്ങനെ നേതാവാകാം. പാത ഒരുക്കുന്നവനും ആ പാതയിലൂടെ സഞ്ചരിക്കുന്നവനും മറ്റുള്ളവരെ കൂടി തന്റെ പാതയിൽ കൊണ്ടുവരുന്നവനുമാണ് യഥാർഥ നേതാവ്. പാത ഒരുക്കണമെങ്കിൽ പാതയിലൂടെ സഞ്ചരിക്കണമെങ്കിൽ ചില ഗുണങ്ങളും മൂല്യങ്ങളും ആവശ്യമാണ്.

ആത്മവിശ്വാസം: ഒരു നേതാവിനുണ്ടാകേണ്ട ഏറ്റവും നല്ല ഗുണം ആത്മവിശ്വാസമാണ്. സ്വന്തം കഴിവുകളെയും കുറവുകളെയും മനസ്സിലാക്കി കഴിവുകളിൽ വിശ്വാസം അർപ്പിക്കുന്നതിലൂടെ ആത്മവിശ്വാസം വളർത്താൻ സാധിക്കും. അമേരിക്കൻ ജനതയുടെ ആരാധ്യ നേതാവായിരുന്ന എബ്രഹാം ലിങ്കന് ആത്മവിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് നേരിട്ട തോൽവികളിൽ പതറിയില്ല. വീണ്ടും വീണ്ടും പരിശ്രമിച്ചപ്പോൾ അമേരിക്കയിലെ പ്രസിഡന്റ് ആകാൻ സാധിച്ചു. തോൽവികളെ ഭയക്കാതെ തോൽവികളിൽ പതറാതെ തന്റെ കഴിവുകളിൽ വിശ്വാസം അർപ്പിക്കുന്നവനാണ് യഥാർഥ നേതാവ്.

### സാക്ഷാൽക്കരിക്കുന്ന സ്വപ്നം

ഉറങ്ങുമ്പോൾ അബോധ മനസ്സിൽ നിന്നും ഉത്ഭവിക്കുന്ന ക്ഷണികമായ ഒരു അനുഭൂതി ആയിട്ടാണ് പലരും സ്വപ്നത്തെ കണക്കാക്കുന്നത്. ഉണർന്ന് ഇരിക്കുമ്പോൾ സ്വപ്നം കാണുന്നതിലാണ് ജീവിതം വിജയം കുടികൊള്ളുന്നത്. നമ്മുടെ മുൻ രാഷ്ട്രപതി എപിജെ അബ്ദുൽ കലാമും ഉണർന്നിരുന്ന് സ്വപ്നം കണ്ടതുകൊണ്ടാണ് നല്ലൊരു നേതാവാകാൻ സാധിച്ചത്. സ്വപ്നങ്ങളാണ് പുതിയ ലക്ഷ്യങ്ങൾക്ക് അച്ചുനിരത്തുന്നതും അവ സാക്ഷാൽക്കരിക്കാൻ ഏത് പ്രതിസന്ധികളെയും തരണം ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കുന്നതും. "ആവേശത്തോടുകൂടിയ സ്വപ്നങ്ങളും ആഗ്രഹങ്ങളും തളരാത്ത മനസ്സും അസാധ്യമായ കാര്യങ്ങൾ പോലും നിർവഹിക്കുമെന്ന്" സർ ജോൺ ഡിൻഡൻ പറയുന്നു. മലയോളം സ്വപ്നങ്ങൾ കാണുന്ന



വർക്കേ കുന്നോളം എങ്കിലും ലഭിക്കുകയുള്ളൂ. മാർട്ടിൻ ലൂഥർ കിംഗിന് ഒരു സ്വപ്നം ഉണ്ടായിരുന്നു. "എന്റെ സന്താനങ്ങൾ ഒരു രാജ്യത്ത് ഒരു കുടിക്കീഴിൽ ശരീരത്തിന്റെ വകതിരിവിൽ ജീവിക്കാതെ, സ്വഭാവ ഗുണത്തിന്റെ അടിസ്ഥാനത്തിൽ പരസ്പരം ജീവിക്കുന്ന സ്വപ്നം" അതിനാൽ അദ്ധ്വാനിച്ച് ജീവൻ വെടിഞ്ഞു പോലും സ്വപ്നം സാക്ഷാൽക്കരിച്ചു.

## ആശയവിനിമയം

എന്റെ ഉള്ളിലെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ചിന്തകളും മറ്റുള്ളവരുടെ മുമ്പിൽ സ്വീകാര്യമായ രീതിയിൽ അവതരിപ്പിക്കുവാനുള്ള ശേഷി ഒരു നേതാവിന് ഉണ്ടാകണം. ഹിറ്റ്ലറും വിങ്സ്റ്റൺ ചർച്ചിലും, ഒപാമയും ഒക്കെ ആശയ വിനിമയം കൊണ്ട് ലോകത്തെ മാറ്റിയ നേതാക്കളാണ്. സ്വന്തം ആശയങ്ങൾ അഭിപ്രായങ്ങൾ, ചിന്തകൾ, നിർദേശങ്ങൾ, സ്വപ്നങ്ങൾ അണികളുടെ മുമ്പിൽ പങ്കുവച്ച് അവരെ ബോധ്യപ്പെടുത്തിയാൽ മാത്രമേ ഒരു നേതാവിന് പിൻഗാമികൾ ഉണ്ടാകൂ. ആശയവിനിമയശേഷി ഇല്ലാത്ത ഒരാൾക്ക് നേതാവാകാൻ സാധിക്കുകയില്ല.

## ആശയവും പ്രവൃത്തിയും

ആശയങ്ങൾ വാക്കിൽ മാത്രം ഒതുക്കാതെ പ്രവൃത്തിയിൽ കാണിക്കുന്നവനാണ് നല്ല നേതാവ്. അവനെ എന്നും ജനങ്ങൾ സ്മരിക്കും. കേരളത്തിലെ മുൻ മുഖ്യമന്ത്രിയായിരുന്ന കെ.കരുണാകരനെ ലീഡർ എന്നാണ് അണികൾ അഭിസംബോധന ചെയ്യുക. ഇദ്ദേഹത്തിന് ഈ ബഹുമതി ലഭിച്ചത് സംസാരത്തേക്കാൾ പ്രവർത്തിക്കുന്ന നേതാവായതുകൊണ്ടാണ്. ഇന്നിന്റെ പല നേതാക്കളും സംസാരത്തിൽ മാത്രം നേതാവാകാൻ മുതിരുമ്പോൾ ജനങ്ങളുടെ മനസ്സിൽ നിന്നും മായുന്നു. ആശയങ്ങൾ പ്രാവർത്തികമാക്കുമ്പോൾ ജനമനസ്സുകളിൽ അവർ എന്നും കുടികൊള്ളുന്നു.

## എന്തിനാണ്?

താൻ സംസാരിക്കുന്നത് പ്രവർത്തിക്കുന്നവർക്ക് മാത്രമേ നല്ല നേതാവാകാൻ സാധിക്കുകയുള്ളൂ. ചെയ്യുന്ന പ്രവർത്തിയെക്കുറിച്ചുള്ള വ്യക്തത, സംസാരിക്കുന്ന കാര്യത്തെ കുറിച്ചുള്ള അഗാധമായ അറിവ് നല്ല നേതാക്കളെ സൃഷ്ടിക്കാം. ഒരു കാര്യത്തിന് ഇറങ്ങുന്നതിന് മുൻപ് അതു തുടങ്ങുംമുൻപേ അതിനെക്കുറിച്ച് അറിയുകയും പഠിക്കുകയും വേണം. വ്യക്തമായ അറിവും ലക്ഷ്യബോധവും ഒരുവനെ നേതൃത്വ നിരയിലെത്തിക്കും. മഹാത്മാഗാന്ധിയും നെൽസൺ മണ്ഡേലയും നേതൃത്വ നിരയിലേക്ക് വന്നത് തങ്ങൾ എന്തിനുവേണ്ടി ജീവിക്കുന്നു, പോരാടുന്നു എന്നതിനെക്കുറിച്ചുള്ള വ്യക്തമായ ലക്ഷ്യവും അറിവും ഉള്ളതുകൊണ്ടായിരുന്നു.

## മൂല്യങ്ങൾ പകരുന്നവൻ

ചുറ്റുമുള്ളവരുടെ ജീവിതത്തിൽ എന്തെങ്കിലും നന്മകളും മൂല്യങ്ങളും കൂട്ടിച്ചേർക്കാൻ കഴിയുന്നവനാണ് നേതാവ്. തന്റെ ജീവിതത്തിലെ മൂല്യങ്ങൾ, ആദർശങ്ങൾ, സ്വപ്നങ്ങൾ, നന്മകൾ കൂടെ ജീവിക്കുന്നവർക്കും അനുഗമിക്കുന്നവർക്കും വാക്കിലൂടെയും പ്രവർത്തിയിലൂടെയും പകർന്നുകൊടുക്കുന്നവനാണ് യഥാർഥ നേതാവ്. ചുരുക്കിപറഞ്ഞാൽ ജീവിതമാതൃക നൽകുക. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നുപറഞ്ഞ മഹാത്മാ ഗാന്ധിയെപ്പോലെ "എന്ന അനുഗമിക്കുവിൻ എന്ന അനുഗമിക്കുവിൻ" എന്നു പറഞ്ഞ ക്രിസ്തുവിനെപ്പോലെ നേതാവിന്റെ ജീവിതവും മാതൃക നിറഞ്ഞതായിരിക്കണം.

ഈ പറഞ്ഞ ഗുണങ്ങളും മൂല്യങ്ങളും ഒരാൾക്ക് ഉണ്ടായാൽ നല്ല നേതാവാകാൻ സാധിക്കും. ഇന്ന് കേരളത്തിൽ കത്തോലിക്കാ വിദ്യാർഥികളിൽ നേതൃത്വപാടവം വളർത്തിയെടുക്കുന്നതിന് കെസിഎസ്എൽ നിർണായക പങ്കുവഹിക്കുന്നുണ്ട്. കഴിഞ്ഞ 104 വർഷമായി കെസിഎസ്എൽ പ്രസ്ഥാനത്തിലൂടെ കടന്നുപോയ വിദ്യാർഥികളിൽ നിന്നും പ്രഗത്ഭരായ നേതാക്കളും ഉത്ഭവിച്ചിട്ടുണ്ട്. പഠനകാലത്തുതന്നെ നാം സ്വന്തമാക്കുന്ന ആത്മവിശ്വാസം, സാക്ഷാൽക്കരിക്കുന്ന സ്വപ്നങ്ങൾ, ആശയവിനിമയശേഷി, അവസരങ്ങൾ, മൂല്യങ്ങൾ എന്നിവയിലൂടെ നമുക്കും നല്ലൊരു നേതാവാകാൻ ശ്രമിക്കാവുന്നതാണ്. ■




## ജൂബിലി ആശുപത്രിയുടെ പ്രവർത്തനം നിസ്തുലം: മന്ത്രി കടകംപള്ളി

കഴക്കൂട്ടം: പൊതുജനാരോഗ്യമേഖലയിൽ വികസിത രാഷ്ട്രങ്ങളോടൊപ്പമാണ് കേരളത്തിന്റെ സ്ഥാനമെന്നും സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുള്ള ലത്തീൻ അതിരൂപതയുടെ പ്രവർത്തനങ്ങളിൽ അഭിമാനമുണ്ടെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ. മൺവിളയിൽ ലിറ്റിൽ ഫ്ളവർ കോളേജ് ഓഫ് നഴ്സിംഗിന്റെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആർക്കും ആശ്രയിക്കാവുന്നതാണ് പാളയത്തെ ജൂബിലി മെമ്മോറിയൽ ആശുപത്രിയെന്നും രോഗികൾക്ക് കാര്യക്ഷമമായ രോഗീ പരിചരണമാണ് അവിടെ ലഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു. നിപ്പ പോലുള്ള വൈറസുകളെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞത് നേട്ടമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരിചരണത്തിലൂടെ രോഗികൾക്ക് സൗഖ്യവും ആശ്വാസവും പ്രത്യാശയും പകർന്നുകൊടുക്കുക എന്നതാണ് നഴ്സുമാരുടെ പ്രഥമവും പ്രധാനവുമായ കടമയെന്ന് അധ്യക്ഷ പ്രസംഗത്തിൽ ബിഷപ്പ് ഡോ. ക്രിസ്തുദാസ് പറഞ്ഞു. മോൺ. യൂജിൻ എച്ച് പെരേര അനുഗ്രഹ പ്രഭാഷണം നടത്തി. എം.വിൻസെന്റ് എംഎൽഎ, ജൂബിലി ആശുപത്രി മാനേജിംഗ് ഡയറക്ടർ ഫാ. ക്ലീറ്റസ് വിൻസെന്റ്, ഫാ. ആൻഡ്രൂസ് കോസ്മോസ്, ജൂബിലി ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ. ബിന്ദു രാജഗോപാൽ, നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ.സിന്ധു കുരുവിള, സിസ്റ്റർ സുമ കുറ്റിക്കൽ, കോർപ്പറേഷൻ കൗൺസിലർ ശിവദത്ത് എന്നിവർ പ്രസംഗിച്ചു.

പുതിയമന്ദിരത്തിന്റെ ആശീർവാദകർമ്മം ബിഷപ്പ് ഡോ. ക്രിസുത്ദാസ് ആർ. നിർവഹിച്ചു. മോൺ. വിൽഫ്രഡ് ഇ, മോൺ ജോർജ് പോൾ, ഫാ. ലെനിൻ ഫെർണാണ്ടസ്, ഫാ. ആൽബർട്ട്, ഫാ. ഫെഡ്രി ജോയി തുടങ്ങിയവരും പങ്കെടുത്തു.



*അസാധാരണ പ്രേഷിതമാസാചാരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അധ്യാപക സംഗമം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്യുന്നു*

# അസാധാരണപ്രേഷിതമാസം അധ്യാപകസംഗമം നടത്തി

തിരുവനന്തപുരം: അധ്യാപകർ സനാതന മൂല്യങ്ങൾ പിൻതലമുറയ്ക്ക് കൈമാറ്റം ചെയ്യുന്നവരാണെന്ന് ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ.ക്രിസ്തുദാസ് പറഞ്ഞു. അതിരൂപത സംഘടിപ്പിച്ച അധ്യാപക സംഗമം ഉത്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അന്ധകാരത്തിൽ നിന്ന് അറിവിന്റെ വെളിച്ചത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്ന ഓരോ അധ്യാപകനും സനാതന മൂല്യങ്ങളുടെ സംരക്ഷകനാണ്. എന്നത്തേക്കാളും മൂല്യശോഷണം സംഭവിക്കുന്ന ഇക്കാലത്ത് സനാതനമൂല്യങ്ങൾ കുട്ടികൾക്ക് പകർന്നു നൽകാൻ ഓരോ അധ്യാപകനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വിദ്യാഭ്യാസ വർഷാചരണത്തോടനുബന്ധിച്ച് നടന്ന അധ്യാപക സംഗമത്തിൽ ലത്തീൻ അതിരൂപത വികാരി ജനറൽ മോൺ.സി.ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ദിവ്യഗുരുവായ ക്രിസ്തുവിന്റെ മാതൃക എല്ലാ അധ്യാപകരും സ്വാംശീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ലത്തീൻഅതീരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ക്ടർ ഫാ.മെൽക്കൺ, ആർ.സി. സ്കൂൾ കോർപ്പറേറ്റ് സ്കൂൾ മാനേജർ ഫാ.ഡൈസൺ എന്നിവർ പ്രസംഗിച്ചു. ഗിൽഡ് പ്രസിഡന്റ് രാജു വി സ്വാഗതവും സെക്രട്ടറി പുനർജ നന്ദിയും പറഞ്ഞു.



*അസാധാരണ പ്രേഷിതമാസാചാരണത്തിന്റെ ഭാഗമായി സാമൂഹ്യശുശ്രൂഷാ അതിരൂപതാ - പേട്ട സമിതികളുടെ ആഭിമുഖ്യത്തിൽ പാളയം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡ് സന്ദർശിച്ച് രോഗികൾക്കാവശ്യമായ സാധന സാമഗ്രികൾ ആശുപത്രി അധികൃതർക്ക് കൈമാറുന്നു*

# സെന്റ് ആൻഡ്രൂസ് ഏരിയാ കൗൺസിൽ വാർഷികം



*സെന്റ് ആൻഡ്രൂസ് ഏരിയാ കൗൺസിൽ വാർഷിക സമ്മേളനം ഫാ. മരിയ ഡൊമിനിക് ഉദ്ഘാടനം ചെയ്യുന്നു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ്, വൈസ് പ്രസിഡന്റ് ജോൺ ബോസ്കോ, ഡയനീഷ്യസ് പെരേര തുടങ്ങിയവർ സമീപം*

തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ആൻഡ്രൂസ് ഏരിയ കൗൺസിലിന്റെ വാർഷിക സമ്മേളനം സമൂഹദിവ്യബലിയോടുകൂടി സെന്റ് ഡൊമിനിക് വെട്ടുകാട് ഇടവകയിൽ വച്ച് നടന്നു. സമൂഹ ദിവ്യബലിക്ക് ഫാ. ഷാജൻ ജോസ് മുഖ്യകാർമ്മികത്വം വഹിച്ചു. ഏരിയാ കൗൺസിൽ പ്രസിഡന്റ് ആൻഡ്രൂസ് എഡിസന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷിക പൊതുസമ്മേളനം ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. മരിയ ഡൊമിനിക് ഉദ്ഘാടനം ചെയ്തു. "ദൈവത്തോടുള്ള സ്നേഹത്തെ പ്രതി അയൽക്കാരന്റെ വേദനയിൽ ആശ്വാസമായി ഇറങ്ങി ചെല്ലുന്നവരാണ് ഓരോ വിൻസെൻഷ്യൽ പ്രവർത്തകരും" എന്ന് ഉദ്ഘാടകൻ പറഞ്ഞു. ഏരിയാ കൗൺസിൽ സെക്രട്ടറി സി. മെഡോണ ടെസി വാർഷിക റിപ്പോർട്ടും ട്രഷറർ സി. സാറ റ്റിബുഷ്യസ് വാർഷിക കണക്കും അവതരിപ്പിച്ചു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ്, വൈസ് പ്രസിഡന്റുമാരായ ഡോൺ ബോസ്കോ, ഡയനേഷ്യസ് പെരേര, സി.മറിയാമ്മ, സി.സാറാ റ്റിബൂഷ്യസ്, സി. വിയോള എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിൻസെൻഷ്യൻ പ്രവർത്തനം 25 വർഷം പൂർത്തിയാക്കിയ ഏരിയ കൗൺസിൽ അംഗങ്ങളെ ഫാ. മരിയ ഡൊമിനിക് പൊന്നാടയണിയിച്ച് ആദരിച്ചു. ക്യാൻസർ രോഗികൾക്കുള്ള ധനസഹായവും, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തു. എസ്.എസ്.എൽ.സി., +2 ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മെമെന്റോ വിതരണം ചെയ്തു.

## ലോഗോസ് ക്വിസ് വിജയികൾ

### ഗ്രൂപ്പ് A



**ബ്ലെസി ബി. താർസിയൂസ്**
പുല്ലുവിള



**ആൻ മരിയ എസ്. പെരേര**
പുല്ലുവിള



**വിനേഷ്**
ആർഎംഒ എച്ച്എസ്എസ് ബോയ്സ്

### ഗ്രൂപ്പ് B



**നെൽസൺ എൻ.**
ആർഎംഒ എച്ച്എസ്എസ് ബോയ്സ്



**റൊണാൾഡ് ഒ.**
ആർഎംഒ എച്ച്എസ്എസ് ബോയ്സ്



**നിഖിൽ എം. ഡെല്ലസ്**
ആർഎംഒ എച്ച്എസ്എസ് ബോയ്സ്

### ഗ്രൂപ്പ് C



**അശ്വതി**
പാലപ്പൂർ



**ശില്പ ബ്രൂസ്**
സൗത്ത് കൊല്ലംകോട്



**മേരി ജോസഫ് എസ്**
പുല്ലുവിള

### ഗ്രൂപ്പ് D



**ഗോഡ്സൺ ഫെലിക്സ് പെരേര**, വെട്ടുതുറ



**ഗ്രേയ്സ് ജോർജ്ജ്**
സെന്റ് ആൻഡ്രൂസ്



**റീജ സി.**
പൂഴിക്കുന്ന്

### ഗ്രൂപ്പ് E



**ഐറിൻ നെൽസൺ**
പുത്തൻതോപ്പ്

### ഗ്രൂപ്പ് E



**ഗ്രേസി തോമസ്**
വവ്വാമൂല



**റിറ്റ റുഡോൾഫ്**
പുത്തൻതോപ്പ്

### ഗ്രൂപ്പ് F



**പ്രേമ അലക്സാണ്ടർ**
തൈക്കാട്



**പൊന്നമ്മ ഹെർബർട്ട്സ്**
വെള്ളയമ്പലം



**ജി. സി. സുശീല ബായ്**
കിളളിപ്പാലം

### Logos App



**ഗ്രേസി തോമസ്**
വവ്വാമൂല



**സ്നേഹ ആൻ റോളിൻ**
നന്തൻകോട്

# വാർത്തകൾ

## വിധവ സംഗമം നടത്തി

പരുത്തിയൂർ: കുടുംബശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ പരുത്തിയൂർ ഇടവകയിൽ വിധവാസംഗവും സെമിനാറും നടത്തി. ഇടവക സഹവികാരി ഫാ. തദ്ദേവൂസ് സെമിനാർ ഉദ്ഘാടനം ചെയ്തു. സിസ്റ്റർ ഫൗസ്തീന വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. 150 ഓളം പേർ പങ്കെടുത്ത സെമിനാറിൽ വച്ച് വിധവാ ഫോറവും രൂപീകരിച്ചു.

സെമിനാറിന്റെ സമാപന സംഗമത്തിൽ പങ്കെടുത്തവർ അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ ആരോഗ്യത്തിനുവേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർഥിച്ചു.



*ലഹരിവിരുദ്ധ ബോധവൽക്കരണത്തെ ആസ്പദമാക്കി തിരുവനന്തപുരം ലത്തീൻ അതിരൂപത സാമൂഹ്യ ശുശ്രൂഷാ-മാധ്യമ കമ്മീഷനുകളുടെ ആഭിമുഖ്യത്തിൽ അതിരൂപതാ ആർട്ടിസ്റ്റ് ഫോറവുമായി സഹകരിച്ച് നടത്തിയ ബോധവര - ചിത്രരചനാ പ്രദർശന പരിപാടിയിൽ പങ്കെടുത്ത കലാകാരന്മാർ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, ഫാ. സാബാസ് ഇഗ്നേഷ്യസ്, ഫാ. മെൽക്കൺ, ഫാ. ദീപക് ആന്റോ എന്നിവരോടൊപ്പം. ബോധവര ചിത്ര പ്രദർശനത്തിന്റെ ഉദ്ഘാടനം സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് നിർവഹിച്ചു.*

## കെഎൽഎം യൂണിറ്റ് രൂപീകരിച്ചു

പേട്ട: സാമൂഹ്യ ശുശ്രൂഷ പേട്ട ഫെറോനാ സമിതിയുടെ നേതൃത്വത്തിൽ ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ഇടവകയിൽ കെഎൽഎം യൂണിറ്റ് രൂപീകരിച്ചു. ഇടവ വികാരി ഫാ. ആന്റോ ഡിക്സൺ കെഎൽഎം രൂപീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫെറോനാ ആനിമേറ്റർ ബിയാട്രീസ് പ്രസംഗിച്ചു.

യൂണിറ്റ് ഭാരവാഹികളായി വിനോദ് സെൻ-പ്രസിഡന്റ് ബിജു-സെക്രട്ടറി, ദിവ്യ ഫ്രെഡി-ട്രഷറർ എന്നിവരേയും തെരഞ്ഞെടുത്തു.



*കെഎൽഎം പേട്ട യൂണിറ്റ് അംഗങ്ങൾ ഭാരവാഹികളോടൊപ്പം*



*അതിരൂപത കുടുംബ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കോവളം ഫൊറോനയിൽ സംഘടിപ്പിച്ച വിധവാ സംഗമത്തിൽ പങ്കെടുത്തവർ*

## കെആർഎൽസിബിസിയുടെ ആഭിമുഖ്യത്തിൽ ആർ.സി. മാട്രിമോണിയൽ

തിരുവനന്തപുരം: കെആർഎൽസിബിസി കുടുംബശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ ലത്തീൻ രൂപതകളിൽ നിന്നുള്ള കുടുംബ ശുശ്രൂഷാ ഡയറക്ടർമാരുടെ യോഗം തിരുവനന്തപുരത്ത് നടന്നു. കെആർഎൽസിബിസി കുടുംബശുശ്രൂഷാ ചെയർമാനും കോട്ടപ്പുറം രൂപതാ മെത്രാനുമായ ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി സമ്മേളനം ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, കെആർഎൽസിബിസി കുടുംബശുശ്രൂഷാ ഡയറക്ടർ ഡോ. എ.ആർ.ജോൺ, കോർഡിനേറ്റർ ഫാ. തോമസ് തറയിൽ, സെക്രട്ടറി ഫാ. ഫ്രാൻസിസ് സേവ്യർ, വിവിധ രൂപതകളുടെ കുടുംബശുശ്രൂഷാ ഡയറക്ടർമാർ എന്നിവർ പ്രസംഗിച്ചു.

കെആർഎൽസിബിസി കുടുംബശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ പുതുതായി ആരംഭിക്കാൻ പോകുന്ന ആർസി മാട്രിമോണിയൽ എന്ന വെബ് പോർട്ടലിന്റെ സാങ്കേതികതയും പരിശീലന പരിപാടിയും യോഗം ചർച്ച ചെയ്തു.

വിവിധ രൂപതകളിൽ നിലവിലുള്ള മാട്രിമോണിയൽ വെബ് പോർട്ടലുകൾ സമന്വയിപ്പിച്ചുകൊണ്ടാണ് കെആർഎൽസിബിസി ആർ.സി.മാട്രിമോണിയലിന് രൂപം നൽകിയിരിക്കുന്നത്.

## മോട്ടോർ തൊഴിലാളി സംഗമം സംഘടിപ്പിച്ചു

തിരുവനന്തപുരം: സാമൂഹ്യ ശുശ്രൂഷ അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മോട്ടോർ വാഹന തൊഴിലാളി സംഗമം സംഘടിപ്പിച്ചു. സെന്റ് ആന്റണീസ് ഹാളിൽ വച്ചുനടന്ന സംഗമം മോട്ടോർ വാഹന തൊഴിലാളി ക്ഷേമ നിധി ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അനിതാ ജെ. ഉദ്ഘാടനം ചെയ്തു. സാമൂഹ്യശുശ്രൂഷാ സമിതി ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് അധ്യക്ഷനായിരുന്നു.



*ഹ്രസ്വചിത്രത്തിനുള്ള സൗത്ത് ഇന്ത്യൻ സിനിമാ ടെലിവിഷൻ അക്കാദമിയുടെ എക്സലൻസ് അവാർഡ് ആൽഡോ എ.ക്ലമന്റ് മന്ത്രി കടകംപള്ളി സുരേന്ദ്രനിൽ നിന്ന് ഏറ്റുവാങ്ങുന്നു. കൗമാരക്കാർക്കിടയിൽ വർധിച്ചുവരുന്ന നവസാമൂഹ്യമാധ്യമങ്ങളുടെ ദുരുപയോഗവും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും ഇതിവൃത്തമായി നിർമിച്ച 'എന്നിൽ നിന്ന് അകലേക്ക്' എന്ന ഹ്രസ്വചിത്രമാണ് അൽഡോയെ അവാർഡിന് അർഹനാക്കിയത്. സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ പ്ലസ്-ടു വിദ്യാർഥിയായ ആൽഡോ പാളയം ഇടവകാംഗങ്ങളായ ആന്റണി ക്ലമന്റിന്റെയും, ശാന്തി ക്ലമന്റിന്റെയും മകനാണ്.*




*പേട്ട ഫൊറോന സാമൂഹ്യ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ പോങ്ങുംമൂട് സെന്റ് മേരീസ് പാരിഷ്ഹാളിൽ വച്ച് തിരുവനന്തപുരം ചൈതന്യ ഐ ഫൗണ്ടേഷന്റെ സഹായത്തോടെ നടന്ന സൗജന്യ നേത്രപരിശോധനാ ക്യാമ്പിൽ ഡോക്ടർമാർ രോഗികളെ പരിശോധിക്കുന്നു. ക്യാമ്പിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. തിയോഡേഷ്യസ് ഡിക്രൂസ് നിർവഹിച്ചു.*



*മോട്ടോർ വാഹന തൊഴിലാളി സംഗമത്തിൽ ഡോ. സാബാസ് ഇഗ്നേഷ്യസ് സംസാരിക്കുന്നു.*



*അസാധാരണ പ്രേഷിത മാസാചാരണത്തിന്റെ ഭാഗമായി പാളയം ഇടവക എസ്.എച്ച്.ജി അംഗങ്ങൾ വിളപ്പിൽശാല ആശ്വാസ് ഭവൻ സന്ദർശിച്ചപ്പോൾ. ഇടവക സഹവികാരി ഫാ. മാത്യു. ശശിധരൻ എന്നിവരേയും കാണാം.*



*അസാധാരണ പ്രേഷിത മാസാചാരണത്തിന്റെ ഭാഗമായി അഞ്ചുതെങ്ങ് ഫെറോനയിലെ 10 നിർധന കുടുംബങ്ങളെ കൂടി റ്റിഎസ്എസ്എസ് നടപ്പിലാക്കുന്ന കാരുണ്യപൂർവം കുടുംബോദ്ധാരണ പദ്ധതിയിൽ അംഗങ്ങളായി ചേർത്തപ്പോൾ*



*അതിരൂപതാ സാമൂഹ്യ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ സ്ത്രീ ശാക്തീകരണ പദ്ധതിയിൽപ്പെടുത്തി 60 ഗുണഭോക്താക്കൾക്ക് ഉള്ള തയ്യൽ മെഷീൻ റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് വിതരണം ചെയ്യുന്നു. ഫാ. ജോസഫ് ഭാസ്കർ സമീപം.*



*വലിയതുറയിൽ നടന്ന പരിസര ശുചീകരണം ഫെറോനാ വൈദിക കോർഡിനേറ്റർ ഫാ. പോൾജി ഉദ്ഘാടനം ചെയ്യുന്നു*

## പേരൂർക്ക മാനസിക രോഗാശുപത്രി സന്ദർശിച്ചു

പേരൂർക്കട: അസാധാരണ പ്രേഷിത മാസാചരണത്തിന്റെ ഭാഗമായി ഗാന്ധിജയന്തി ദിനത്തിൽ റ്റിഎസ്എസ്എസ് ജീവനക്കാരും കുടപ്പനക്കുന്ന് ഇടവകാംഗങ്ങളും ചേർന്ന് പേരൂർക്കട മാനസികരോഗാശുപത്രിയിലെ 28-ാം വാർഡ് ശുചീകരിച്ചു.

സാമൂഹ്യശുശ്രൂഷാ സമിതി അതിരൂപതാ ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് ശുചീകരണ പരിപാടി ഉദ്ഘാടനം ചെയ്തു. ആശുപത്രി റസിഡന്റ് മെഡിക്കൽ ഓഫീസർ ഡോ. ദീപ്തി ജോസഫ് സ്വാഗതം പറഞ്ഞു.

## എസ്എച്ച്ജി അംഗങ്ങൾ പരിസര ശുചീകരണം നടത്തി

വലിയതുറ: അസാധാരണ മാസാചരണത്തിന്റെ ഭാഗമായി വലിയതുറ ഫെറോന എസ്.എച്ച്.ജി അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവക റ്റി.എസ്.എസ്.എസ് യൂണിറ്റുകളുമായി സഹകരിച്ച് കടലാക്രമണത്തിൽ ഭവനം നഷ്ടപ്പെട്ട് വലിയതുറ യു.പി സ്ക്കൂൾ, ബഡ്സ് സ്ക്കൂൾ, തുറമുഖ ഓഫീസ് എന്നീ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ റ്റി.എസ്.എസ്.എസ് സ്റ്റാഫ് അംഗങ്ങൾ, എസ്.എച്ച്.ജി ഭാരവാഹികൾ പുതുക്കുറിച്ചി പ്രോജക്ട് സ്റ്റാഫ്, റ്റി.എസ്.എസ്.എസ് കൺവീനർമാർ എന്നിവർ ചേർന്ന് സന്ദർശിച്ച് പരിസരശുചീകരണം നടത്തി.

600 പേർക്ക് എസ്.എച്ച്.ജി അംഗങ്ങളിൽ നിന്നും ശേഖരിച്ച ഉച്ച ഭക്ഷണം വിതരണം ചെയ്തു. പ്രസ്തുത പരിപാടി ഫെറോന കോഡിനേറ്റർ ഫാ. പോൾ ജി. ഉദ്ഘാടനം ചെയ്തു. രൂപത എസ്.എച്ച്.ജി കോർഡിനേറ്റർ അന്നറീറ്റ, റീജണൽ ആനിമേറ്റർ ഷീജ, ആനിമേറ്റർ ലീലാമ്മ, രൂപത എസ്.എച്ച്.ജി പ്രസിഡന്റ് ഡോളി ഫ്രാൻസീസ് ഫെറോന സെക്രട്ടറി എന്നിവർ നേതൃത്വം നൽകി.



*അസാധാരണ പ്രേഷിത മാസാചരണത്തിന് സമാപനം കുറിച്ച് ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലി*

# അസാധാരണ പ്രേഷിതമാസാചരണത്തിന് ഭക്തിനിർഭരമായ ചടങ്ങുകളോടെ സമാപനം

തിരുവനന്തപുരം: ഗാർഹികസഭയെന്നും പ്രഥമവേദപഠനകളരി എന്നും നാം വിശേഷിപ്പിക്കുന്ന കുടുംബങ്ങളുടെ ശിഥിലീകരണമാണ് ആധുനിക സമൂഹവും പ്രേഷിതത്വവും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ആർ. ക്രിസ്തുദാസ്. കൂട്ടുകുടുബങ്ങളിൽ നിന്നും അണുകുടുംബങ്ങളിലക്കുള്ള മാറ്റം സ്വാർഥത വളർത്തുകയും അതിന്റെ പരിണിതഫലമെന്നോണം ക്രിസ്തിയ മൂല്യങ്ങൾ കുടുംബങ്ങളിൽ നിന്ന് അന്യമായെന്നും അദ്ദേഹം പറഞ്ഞു. അസാധാരണ പ്രേഷിതമാസാചരണത്തിന്റെ അതിരൂപതാതല സമാപനത്തോടനുബന്ധിച്ച് ചെറുവെട്ടുകാട് സെൻറ് സെബാസ്റ്റ്യൻ ഗ്രൗണ്ടിൽ നടന്ന ദിവ്യബലി മദ്ധ്യേ വചനസന്ദേശം നൽകുകയായിരുന്നു ബിഷപ്പ്.

നവമാധ്യമങ്ങളുടെ ഈ കാലഘട്ടത്തിൽ പ്രേഷിതപ്രവർത്തനങ്ങളെ വളർത്താൻ ഉപയോഗിക്കാവുന്ന മാധ്യമങ്ങൾ വിപരീതഫലങ്ങൾ ഉളവാക്കുന്നതും മറ്റൊരു വെല്ലുവിളിയാണ്. യുവജനസൗഹൃദമായ പ്രേഷിതദൗത്യം സഭ ഏറ്റെടുത്തുകൊണ്ട് സാമൂഹ്യമാധ്യമങ്ങളെ പ്രേഷിതത്വത്തിൽ ഉപയോഗപ്പെടു തേണ്ടത്തും ദൈവവിളികളെ പ്രോത്സാഹിപ്പിക്കേണ്ടതും അനിവാര്യമായിരിക്കുന്നു. സത്യവും നീതിയും പ്രഘോഷിക്കുന്ന മാധ്യമങ്ങൾ ചിലപ്പോഴെങ്കിലും യഥാർഥ മാധ്യമധർമത്തിൽ നിന്ന് വ്യതിചലിക്കുകയും സഭയെയും സഭാസ്ഥാപങ്ങളെയും ശുശ്രൂഷകരെയും തരംതാഴ്ത്തി കാണുകയുംവഴി പൊതുസമൂഹത്തിലും സഭാസമൂഹത്തിലും ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത് പ്രേഷിതപ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

സഭയിലുള്ള ഒറ്റപ്പെട്ട കുറവുകളെ പർവ്വതീകരിച്ചു സഭയെ ആകമാനം അടച്ചാക്ഷേപിക്കുന്നതും സമൂഹമധ്യേ ഒറ്റപ്പെടുത്തുന്നതിനുമുള്ള ബോധപൂർവമായ ശ്രമങ്ങളെ പരിശുദ്ധാത്മാവിന്റെ വിവേചനത്തോടെ നോക്കിക്കാണണമെന്ന് അദ്ദേഹം വിശ്വാസികളെ ഓർമിപ്പിച്ചു. അത്തരം ശ്രമങ്ങൾ കണ്ടു ഭയപ്പെടുകയോ നിരാശരാകുകയോ ചെയ്യരുത്. ഇവയെ കൂടുതൽ ത്യാഗത്തോടെയുള്ള സാക്ഷ്യത്തിന്റെ അവസരങ്ങളിലായി നാം കാണണം.

സഭ നിലകൊള്ളുന്നത് തന്നെ പ്രേഷിത വേലക്കായിട്ടാണ്. സഭയുടെ ഏറ്റവും വലിയ ആ കാര്യം സഭയുടെ ആത്യന്തികമായി ഒരേയൊരു ദൗത്യം അത് പ്രേഷിത ദൗത്യമാണ്. തിരുസഭയ്ക്ക് അർഥവും വ്യാപ്തിയും നൽകുന്നത് അവളുടെ പ്രേഷിതപ്രവർത്തനം എന്ന ലക്ഷ്യം സാധ്യമാകുമ്പോഴാണ്. വിശുദ്ധഗ്രന്ഥവും സഭാപഠനങ്ങളും നമ്മെ അനുദിനം അനുസ്മരിപ്പിക്കുന്നതും ഇത് തന്നെയാണ്

ജ്ഞാനസ്നാനം സ്വീകരിക്കുന്നതോടുകൂടി ഓരോ വിശ്വാസിയും ദൈവവചന പ്രഘോഷിക്കുവാനും കടപ്പെട്ടിരിക്കുന്നു. ഈ ദൗത്യം ചുങ്കക്കാരനെപ്പോലെ എളിമയോടെ പശ്ചാത്താപത്തിന്റെ അരൂപിയോടെ പൂർണമായും ദൈവകരുണയിൽ ആശ്രയിച്ചുകൊണ്ട് നാം നിർവഹിക്കണം. നമ്മുടെ വിശ്വാസജീവിതവും സാക്ഷ്യവും ദൈവത്തിനു സ്വീകാര്യമാകുവാൻ സുസ്ഥിരവും തുടർച്ചയായ മനസാന്തരവും അനിവാര്യമാണെന്ന് ഫ്രാൻസിസ് പപ്പാ പ്രേഷിത മാനസാന്തരം എന്ന പ്രസംഗത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

പ്രേഷിതദൗത്യത്തിന് പുതിയൊരു മുഖവും നവചൈതന്യവും നൽകാൻ ഒരുമിച്ചു മുന്നേറാനുള്ള നിർദേശങ്ങൾ അദ്ദേഹം വിശ്വാസികൾക്ക് പകർന്നു നൽകി.

തൂത്തൂർ മുതൽ കൊച്ചുതോപ്പുവരെയുള്ള ഇടവകളിൽ നിന്നുള്ളവർ ശംഖുമുഖത്തുനിന്നും അഞ്ചുതെങ്ങു മുതൽ വേളിവരെയുള്ള ിടവകകളിൽ നിന്നുള്ളവർ വേളിയിൽ നിന്നും ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിലേക്ക് നടത്തിയ പ്രേഷിത റാലിയോടുകൂടിയാണ് അസാധാരണ പ്രേഷിത മാസാചരണത്തിന്റെ സമാപനചടങ്ങുകൾക്ക് തുടക്കമായത്.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ

ആണ്ടുവട്ടം 32-ാം ഞായർ (നവംബർ 10)

# പുനഃരുത്ഥാനം യാഥാർത്ഥ്യമാണോ ?

2 മക്ക. 7: 1-2, 9-14 | 2 തെസ. 2: 16-3:5 | ലൂക്ക. 20: 27-38

ഈ ലോകം ഒരു വാടകവീടാണ്. വാടകക്കാരായി കുറച്ചു കാലം ഈ ലോകത്തിൽ ജീവിച്ച ശേഷം സ്വന്തം ഭവനമായ സ്വർഗ്ഗത്തിലേക്ക് മടങ്ങേണ്ടവരാണ് നമ്മൾ. അതുകൊണ്ടാവാം വി. പൗലോസ് അപ്പോസ്തലൻ ഇങ്ങനെ പറയുന്നു: നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്!

അച്ചനെയും അമ്മയെയും നോക്കി നിഷ്കളങ്കമായി മന്ദഹസിച്ചുകൊണ്ട് ജോസ് സാഞ്ചെസ് എന്ന പതിനാലുകാരൻ ഞാൻ നിങ്ങളെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞശേഷം അവൻ പ്രഘോഷിച്ചു: വീവാ ക്രിസ്തോ റേയസ്! (ക്രിസ്തുരാജൻ ജയിക്കട്ടെ!). മെക്സിക്കൻ പ്രസിഡന്റ് കാലസിന്റെ പടയാളികൾ വെടിയുതിർക്കുന്നതിനു മുമ്പ് അവൻ പറഞ്ഞു. ഞാൻ എന്റെ സ്വന്തം വീട്ടിൽ പോകുകയാണ്. ഒരു വട്ടം യേശുവിനെ തള്ളി പറഞ്ഞാൽ അൾത്താരബാലകനായ ജോസ് സാഞ്ചെസിനെ പട്ടാളക്കാർ സ്വതന്ത്രനാക്കിയേനേ! എന്നാൽ അവൻ യേശുവിനെ തള്ളി പറഞ്ഞില്ല. കാരണം യേശു നിത്യം ജീവിക്കുന്ന ദൈവമാണ്. ആ ദൈവം സ്വർഗ്ഗത്തിൽ അവന് നിത്യവസതിയൊരുക്കുമെന്ന് ഉറച്ച ബോധ്യമുണ്ടായിരുന്നു (യോഹ 14:2-3). മാത്രമല്ല ഈ ലോകം നിത്യഭവനമല്ലയെന്നുള്ള തിരിച്ചറിവും അവനുണ്ടായിരുന്നു.




മരണത്തോടു കൂടി അവസാനിക്കുന്ന ഈ ലോക ജീവിതത്തിനുശേഷം നിത്യമായതും അന്ത്യമില്ലാത്തതും മഹത്വ പൂർണ്ണവുമായ ഒരു ജീവിതത്തെ ക്രിസ്തിയാനി പ്രതീക്ഷിക്കുന്നു.

സ്വർഗ്ഗമെന്ന നിത്യഭവനം സ്വന്തമാക്കാൻ ഈ ലോകത്ത് സുകൃത സമ്പന്നനായി ജീവിച്ച വിശുദ്ധ ജോൺ 23-ാമൻ മാർപാപ്പ പറയുന്നു: സുകൃതത്തിന്റെ ലഗ്ഗേജെല്ലാം വീട്ടിലേക്ക് കൊടുത്തു വിട്ടിട്ട്, ഒഴിവുകാലം കഴിഞ്ഞ് എത്രയും പെട്ടെന്ന് വീട്ടിലേക്ക് മടങ്ങിപോകാൻ കാത്തിരിക്കുന്ന കുട്ടിയെ പോലെയാണ് ഞാൻ.

സ്വർഗ്ഗത്തിലെ പൗരന്മാരായ നമ്മൾ ഈ ലോകത്തിൽ സന്ദർശകരാണെന്ന സത്യം തിരിച്ചറിയാത്ത സദുക്കായർ പുനരുത്ഥാനത്തിൽ വിശ്വസിച്ചില്ല. ദാവീദ് പുരോഹിതനായി നിയമിച്ച സാദോക്കിന്റെ പിൻഗാമികളാണ് സദുക്കായർ (1 രാജ 5:30-35). അവർ സംഖ്യയിൽ ചെറിയ കൂട്ടരാണെങ്കിലും വലിയ സ്വാധീനമുള്ളവരാണ്. കാരണം അവർ ഉന്നത കുലത്തിൽപ്പെട്ട പുരോഹിത വംശത്തിലെ അംഗങ്ങളും, ധനവാന്മാരും, റോമക്കാരുമായി അടുത്ത ബന്ധമുള്ളവരുമാണ്. ഈ വിഭാഗത്തിൽപ്പെട്ട പുരോഹിതരായിരുന്നു യഹൂദ മതത്തിന്റെ അധികാര കേന്ദ്രമായ ജെറുസലേം ദൈവാലയത്തെ അടക്കി ഭരിച്ചിരുന്നത്. ബൈബിളിലെ ആദ്യ അഞ്ചു പുസ്തകമായ തോറ എന്നറിയപ്പെടുന്ന പഞ്ചഗ്രന്ഥിയിൽ മാത്രം വിശ്വസിച്ചവരായിരുന്നു സദുക്കയേർ. തോറായിൽ പുനരുത്ഥാനത്തെ കുറിച്ച് പരാമർശിക്കാത്ത കാരണത്താൽ മരണാനന്തര ജീവിതത്തെയും, അരൂപികളുടെ അസ്ഥിത്വത്തെയും അവർ നിഷേധിച്ചു. എന്നാൽ ദൈവത്തിന്റെ അസ്ഥിത്വത്തിൽ വിശ്വസിച്ചിരുന്നു.

ജെറുസലേം ദൈവാലയത്തിൽ യേശു പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ പുരോഹിത പ്രമുഖരും നിയമജ്ഞരും യേശുവിനോട് ചോദിച്ചു. എന്തധികാരത്തിലാണ് നീ ഇതൊക്കെ ചെയ്യു



ന്നത്? (ലൂക്ക 20:2). യേശുവിനെ കുരുക്കാൻ ഫരിസേയർ പുതിയ ചോദ്യവുമായി വരുന്നു. സീസറിനു നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ, അല്ലയോ? (ലൂക്ക 20:22). സദുക്കായേർ ഫരിസയരുടെ ശത്രുക്കളാണെങ്കിലും യേശുവിനെ എതിർക്കുവാൻ വേണ്ടി അവരുമായി ഒന്നിക്കുന്നു. വലിയ നന്മയെ ഇല്ലായ്മ ചെയ്യാൻ തിന്മകൾ ഒന്നിക്കുന്നത് സ്വഭാവികമാണല്ലോ! ഫരിസയർക്കും സദുക്കായേർക്കുമിടയിലെ വലിയ തർക്കവിഷയമായ പുനരുത്ഥാനത്തെ അടിസ്ഥാനമാക്കി സദുക്കായേർ യേശുവിനെ താറടിക്കാൻ വേണ്ടി ചോദിക്കുന്നു: ഏഴു പ്രാവശ്യമായി ഏഴു സഹോദരന്മാരെ വിവാഹം ചെയ്ത സ്ത്രീ സ്വർഗ്ഗത്തിൽ ആരുടെ ഭാര്യയായിരിക്കും? (ലൂക്ക 20:34). മറുപടിയായി ക്രിസ്തുനാഥൻ പറഞ്ഞു: ഈ യുഗത്തിന്റെ സന്താനങ്ങളാണ് വിവാഹം ചെയ്യുകയും ചെയ്തുകൊടുക്കുകയും ചെയ്യുന്നത്. എന്നാൽ സ്വർഗ്ഗത്തിൽ പുനരുത്ഥാനത്തിനുശേഷം വിവാഹം ചെയ്യുകയോ, ചെയ്തു കൊടുക്കുകയോ ഇല്ല. പുനരുത്ഥാനത്തിന്റെ മക്കൾ എന്ന നിലയിൽ അവർ ദൈവദൂതന്മാർക്കു തുല്യരും ദൈവമക്കളുമാണ്. ആകയാൽ അവർക്ക് ഇനിയും മരിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് മരണാനന്തര ജീവിതത്തിൽ ഈ ലോകത്തിൽ ജീവിക്കുന്നതുപോലെ കുടുംബമായിട്ട് ജീവിക്കാനോ, മക്കളെ ജനിപ്പിക്കാനോ സാദ്ധ്യമല്ല.

കർത്താവ് ജീവിക്കുന്ന ദൈവമാണെന്ന വിശ്വാസം ആദികാല മുതൽക്കേ യഹൂദ ജനങ്ങൾക്കിടയിലുണ്ടായിരുന്നുവെങ്കിലും മനുഷ്യരുടെ പുനരുത്ഥാനത്തെ കുറിച്ചുള്ള വിശ്വാസം യഹൂദർക്കിടയിൽ ശക്തി പ്രാപിക്കുന്നത് ബി.സി 6-ാം നൂറ്റാണ്ടു മുതൽക്കാണ്. ദാനിയേൽ പ്രവാചകന്റെ പുസ്തകം എഴുതിയതിനു ശേഷമാണ് മരണാനന്തര ജീവിതത്തെ കുറിച്ചുള്ള ചിന്തകൾ യഹൂദ സമൂഹത്തിൽ ആവിർഭവിക്കുന്നത്. ജോബിന്റെ പുസ്തകത്തിലെ ചോദ്യം ഏറെ പ്രസക്തമാണ്. മരിച്ച മനുഷ്യൻ വീണ്ടും ജീവിക്കുമോ? (ജോബ് 14:14). മരണം പോലെ സത്യമാണ് പുനരുത്ഥാനവും.

ഗുരു മരിക്കാറായെന്ന് തീർച്ചയായപ്പോൾ ശിഷ്യന്മാർക്ക് ആകെ നിരാശയായി. അവരുടെ വിഷമം കണ്ട് ഗുരു ചോദിച്ചു: മരണം ജീവന് അഴകേകുന്നത് നിങ്ങൾ കാണുന്നില്ലേ? അവർ പറഞ്ഞു: ഇല്ല, ഒരിക്കലും മരിക്കാതിരിക്കണമെന്നാണ് ഞങ്ങൾക്കാഗ്രഹം. ഗുരു പറഞ്ഞു: യഥാർത്ഥ ജീവനുള്ളതൊക്കെ മരിക്കണം. പൂക്കളെ നോക്കുക; പ്ലാസ്റ്റിക് പൂക്കളേ മരിക്കാതിരിക്കുന്നുള്ളൂ. മനുഷ്യൻ മരിക്കുന്നു: വീണ്ടും ജീവിക്കുവാൻ വേണ്ടി. മരണമെന്നത് മനുഷ്യജീവിതത്തിന് ഒരു രൂപാന്തരമാണ്. വി.പൗലോസ് പറയുന്നു:
അവസാനകാഹളം മുഴങ്ങുമ്പോൾ, കണ്ണിമയ്ക്കുന്നത്ര വേഗത്തിൽ നാമെല്ലാവരും രൂപാന്തരപ്പെടും. എന്തെന്നാൽ കാഹളം മുഴങ്ങുകയും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും. നശ്വരമായത് അനശ്വരവും മർത്യമായത് അമർത്യവും ആകേണ്ടിയിരിക്കുന്നു (1 കോറി. 15:52-53).

പുനരുത്ഥാനം യാഥാർത്ഥ്യമാണെന്ന് യേശു സ്ഥാപിക്കുന്നു. അതിനായി അവിടന്ന് സദുക്കായർ അംഗീകരിച്ച പഞ്ചഗ്രന്ഥത്തിൽനിന്ന് ഒരു വാക്യമെടുത്തു ഉദ്ധരിച്ചു. മോശ പോലും മുൾപ്പടർപ്പിങ്കൽ വച്ചു കർത്താവിനെ, അബ്രഹാത്തിന്റെ ദൈവമെന്നും, ഇസഹാക്കിന്റെ ദൈവമെന്നും യാക്കോബിന്റെ ദൈവമെന്നും വിളിച്ചുകൊണ്ട്, മരിച്ചവർ ഉയിർക്കുമെന്ന് കാണിച്ചുതന്നിട്ടുണ്ട്. അവിടന്ന് മരിച്ചവരുടെ ദൈവമല്ല; ജീവിക്കുന്നവരുടെ ദൈവമാണ്. അവിടുത്തേക്ക് എല്ലാപേരും ജീവിക്കുന്നവർ തന്നെ (പുറ. 3:6). ഈ വാക്യത്തിന്റെ അർത്ഥം യേശുവിന്റെ വാക്കുകളിലൂടെ പറയുകയാണെങ്കിൽ ദൈവം മരിച്ചവരുടെ അല്ല, ജീവിക്കുന്നവരുടെ ദൈവമാണ്. അതായത് മരണമടഞ്ഞ അബ്രഹാമും, ഇസഹാക്കും, യാക്കോബും ഇപ്പോഴും ജീവിക്കുന്നു. പുനരുത്ഥാനം എന്ന യാഥാർത്ഥ്യം വഴി അവർ ഇപ്പോഴും ജീവിക്കുന്നു. അതുകൊണ്ട് മരണശേഷം ജീവിതമുണ്ടെന്ന് യേശു നമ്മോട് വ്യക്തമായി പറയുന്നു.

മരണത്തോടു കൂടി അവസാനിക്കുന്ന ഈ ലോക ജീവിതത്തിനുശേഷം നിത്യമായതും അന്ത്യമില്ലാത്തതും മഹത്വ പൂർണ്ണവുമായ ഒരു ജീവിതത്തെ ക്രിസ്തിയാനി പ്രതീക്ഷിക്കുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ആകെത്തുക നിത്യജീവനിലുള്ള പ്രത്യാശയാണ്. 2005 ഏപ്രിൽ 5-ാം തീയതി വാർത്താ ബുള്ളറ്റിനുകൾ തുടർച്ചയായി സംപ്രേക്ഷണം ചെയ്തത് ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഭൗതിക ശരീരം കാണാൻ പോയ ഒരു യുവാവ് സ്വരമുയർത്തി കൈകളുയർത്തി പറഞ്ഞ വാക്കുകളാണ്. പ്രിയപ്പെട്ട പാപ്പാ, അങ്ങ് സ്വർഗ്ഗത്തിൽ എത്തുമ്പോൾ, മുമ്പേ സ്വർഗ്ഗത്തിലേക്കു പോയ എന്റെ മാതാപിതാക്കൾക്ക് എന്റെ അന്വേഷണം കൊടുക്കുമോ. മരണാനന്തര ജീവിതത്തിൽ മനുഷ്യൻ ഇന്നും വിശ്വസിക്കുന്നു.

പുനരുത്ഥാനത്തിൽ സംശയിക്കുന്നവർക്ക് ന്യൂട്ടൻ നല്കുന്ന മറുപടി ഏറെ അർത്ഥവത്താണ്. ഒരിക്കൽ ന്യൂട്ടനോട് ഒരു മനുഷ്യൻ ചോദിച്ചു: മണ്ണോടു മണ്ണായിത്തീരുന്ന മനുഷ്യൻ ഉത്ഥാനം ചെയ്യുമെന്ന് പറഞ്ഞാൽ എങ്ങനെയാണ് വിശ്വസിക്കുക? മറുപടിയൊന്നും പറയാതെ ന്യൂട്ടൻ കുറെ ഇരുമ്പുതരികളെടുത്ത് പൊടിമണ്ണിലിട്ട് കൂട്ടിക്കുഴച്ചു. എന്നിട്ട് അയാളോട് ഇരുമ്പുതരികൾ വേർതിരിച്ചെടുക്കുവാൻ പറഞ്ഞു. അദ്ദേഹം അത് സാദ്ധ്യമായ കാര്യമല്ലെന്ന് പറഞ്ഞു. ന്യൂട്ടൻ ഒരു കാന്തമെടുത്ത് ആ പൊടിക്കു മീതെ പിടിച്ചു. ഇരുമ്പുതരികൾ കാന്തത്തിലേക്കാകർഷിക്കപ്പെട്ടു. ന്യൂട്ടൻ പറഞ്ഞു: ഒരു കാന്തത്തിന് ഇത്ര മാത്രം ശക്തികൊടുത്ത ദൈവത്തിന് മണ്ണോടു മണ്ണായ വരെ ഉയിർപ്പിക്കാനാവില്ലേ? തീർച്ചയായും ഉയിർപ്പിക്കാനാവും! ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

ആണ്ടുവട്ടം 33-ാം ഞായർ (നവംബർ 17)

# ആയുസിന്റെ താളുകൾ

മലാ. 3: 19-20a | 2. തെസ. 3: 7-12 | ലൂക്ക. 21: 5-19

“താൻ ഏത് തുറമുഖത്താണ് പോകുന്നതെന്ന് നാവികനറിയില്ലെങ്കിൽ ഒരു കാറ്റും അനുകൂലമാകില്ല” അനവധി പടയോട്ടങ്ങളും കപ്പൽ യാത്രകളും നടത്തിയ ദാർശനികനായ സെനക്ക കുറിച്ചുവച്ചു. ചുവരിലേക്ക് മുഖം തിരിച്ച് കർത്താവിനോട് കരഞ്ഞ ഹെസക്കിയ രാജാവിനെ സുഖപ്പെടുത്തി ആയുസ് 15 വർഷം കൂടി കൂട്ടിക്കൊടുത്തു. സൂര്യഘടികാരത്തിൽ നിഴലിനെ പത്തടി പിന്നിലേക്കുമാറ്റിയാണ് ആയുസ്സ് കൂട്ടിയത്. നീട്ടിക്കിട്ടുന്ന ആയുസും 15 വർഷം മാത്രം. ജീവിതം അപ്പോഴും മർത്യമാണ്. അല്പനേരത്തേക്കു പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാവുകയും ചെയ്യുന്ന മൂടൽ മഞ്ഞാണു നിങ്ങൾ (യാക്കോ 4:14) മനുഷ്യന്റെ നിലയ്ക്കാത്ത പകയുടെയും വഞ്ചനയുടെയും തിക്തഫലങ്ങൾ അനുഭവിക്കുന്ന ദിനങ്ങളെപ്പറ്റി മലാക്കി വിശദമാക്കുന്നുണ്ട്. കത്തുന്ന ചൂളയുടെയോ അവിടെ വയ്ക്കോൽപോലെ എരിയുന്ന മനുഷ്യന്റെ നാരകീയ അവസ്ഥയോ വർണിച്ച് ഭയചകിതനാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വേരും ശാഖയും അവശേഷിക്കാതെ ദഹിപ്പിക്കുന്ന ദൈവത്തിന്റെ പ്രതികാരം മനസിൽ നിന്നും മായുന്നില്ല. നിരാലംബനുവേണ്ടി ദൈവം കത്തിജ്വലിക്കുകതന്നെ ചെയ്യും. സാവകാശം മരച്ചുവട്ടിലിരുന്ന് സ്വയം മനസ്സിലാക്കാൻ ആരും ശ്രമിക്കുന്നില്ല; ബോധിസത്വമാകാതെ പോകുന്നു.

“നാം തളർന്നുവീണതോ
തകർന്നുപോയതോ
അവരറിയണ്ട!
നാം വസന്തത്തെവരവേൽക്കാൻ
പഴയ ഇലകൾ പൊഴിക്കുകയാണെന്ന്
അവർ ധരിച്ചുകൊള്ളട്ടെ”

എന്ന് ഭൂമി ആത്മദാഹത്തോടെ റൂമി പാടുന്നു. അന്യനെ സഹായിക്കുന്ന മനുഷ്യരാകാൻ മനുഷ്യൻ മറക്കുന്നിടത്താണ് ജീവിതത്തിന്റെ അനിശ്ചിതത്വം തുടങ്ങുന്നത്. സ്വയം മനസിലാക്കാൻ കഴിയാത്തതാണ് ജീവിതത്തിന്റെ ഏറ്റവും വലിയ അനിശ്ചിതത്വം.

## പ്രേഷിതരുടെ തൊഴിൽ

തെസലോനിക്കർക്കുള്ള ഉപദേശത്തിൽ പൗലോസ് ജീവിതം നയിക്കേണ്ടത് എങ്ങനെയെന്ന് പറയുന്നുണ്ട്. തങ്ങൾ അനുകരിക്കപ്പെടേണ്ടവരാണത്രേ. അവർക്ക് അലസതയില്ല. എപ്പോഴും അധ്വാനിക്കുന്നു. സുവിശേഷവേലയുടെ ഇടവേളകളിൽ അവർ തങ്ങളുടെ തൊഴിലും ചെയ്യുന്നുണ്ട്. ആരുടെ കയ്യിൽനിന്നും അപ്പം ദാനം വാങ്ങിയിട്ടില്ല. ഇന്ന് സുവിശേഷപ്രഘോഷകർ ഒരു തൊഴിലും ചെയ്യാറില്ല. ഇത്രയും നാളത്തെ പൗരോഹിത്യ ജീവിതത്തിൽ ഒരു ദിവസത്തെ കൂലിവേലയെങ്കിലും ചെയ്ത് അപ്പം സമ്പാദിച്ചിട്ടില്ല എന്നത് എന്നെയും ലജ്ജിപ്പിക്കുന്നു. അവിശ്വസ്തനായ കാര്യസ്ഥൻ ആത്മഗതം ചെയ്തപോലെ കിളയ്ക്കാൻ എനിക്കു ശക്തിയില്ല. ഭിക്ഷയാചിക്കാൻ ലജ്ജതോന്നുന്നു. പതിനായിരം രൂപയുടെ മാസബത്ത കാത്തിരിക്കുമ്പോഴും; വേണ്ടേ നമുക്ക് ചില പാർട്ട് ടൈം തൊഴിലുകൾ. എത്രനാൾ നാം പദവാരവും ഓഹരിയും കൊണ്ട് ഭക്ഷിക്കും. രാപ്പകൽ കഷ്ടപ്പെട്ട പൗലോസ് തന്നെയാണ് നമുക്ക് മാതൃക. അധ്വാനിക്കാത്തവൻ ഭക്ഷിക്കണ്ട എന്നും പൗലോസ് കാർക്കശ്യം പുലർത്തുന്നുണ്ട്. എപ്പോഴാണ് തൊഴിൽ പുരോഹിതന്റെ കരങ്ങളിൽ നിന്ന് വിട്ടുപോയത്? എപ്പോഴാണ് നാം ദഹനബലികൾകൊണ്ട് സംപ്രീതരാകാൻ തുടങ്ങിയത്.

## വിമർശകരുടെ നേതാവ്

വിലയേറിയ കല്ലുകളാലും കാണിക്കവസ്തുക്കളാലും അലങ്കരിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തെ വിമർശിച്ചവർ യേശുവിന്റെ കാലത്തും ഉണ്ടായിരുന്നു. ദേവാലയവത്ക്കരണത്തെ എതിർത്ത നീതിബോധമുള്ള ചെറുപ്പക്കാർ അന്നും ഉണ്ടായിരുന്നു. അതിലും വലിയ വെടിയാണ് യേശു പൊട്ടിച്ചത്. കല്ലിന്മേൽ കല്ലു ശേഷിക്കാതെ ദൈവാലയം തകർക്കുമത്രേ. യേശു ജറുസലേം ദേവാലയം തകർക്കുമോ? ആ ചെറുപ്പക്കാർക്ക് ആവേശമായി! ഇത് എപ്പോഴാണ് സംഭവിക്കുക? അവർ അടയാളം ചോദിച്ചു.



യുദ്ധങ്ങളും കലഹങ്ങളും ഇസ്രയേലിൽ സർവ്വ സാധാരണമായിരുന്നു. ഏതുവിധേനയും റോമാസാമ്രാജ്യത്തിന്റെ അടിമത്വത്തിൽനിന്ന് ഒരു മോചനം അവർ ആഗ്രഹിച്ചു. നിയന്ത്രണമില്ലാത്ത നികുതി കൊടുക്കലായിരുന്നു ഏറ്റവും വലിയ ഭാരം.

സമൂഹത്തെ ഭക്തിലഹരിയിൽ മയക്കുന്ന ആരാധനയെയാണ് ക്രിസ്തു എതിർത്തത്. കേരളത്തിൽ ഇന്ന് ഭക്തി ഒരുതരം ഭ്രാന്തമായ ആവേശമായി മാറുന്നു. ക്രിസ്തുവിനെ മൈക്കിന്റെ മുൻപിൽ കെട്ടിവലിച്ചു കൊണ്ടു വന്നു ഉറഞ്ഞു തുള്ളിക്കുന്നു. ജറമിയ കണ്ട സ്വപ്നത്തിൽ ഒരു പച്ച മരക്കൊമ്പ് ഉണ്ടായിരുന്നു. അത് കാവൽക്കാരന്റെ വടിയാണ്. യേശുവിന്റെ പച്ചമരമായ കുരിശാണത്. പച്ച മരം പാപമില്ലാത്ത അവസ്ഥയാണ് കാട്ടുന്നത്. ക്രിസ്തുവിനെ 'ആൽമൺഡിന്റെ വടി' എന്നു വി. അന്തോനീസ് വിശേഷിപ്പിക്കുന്നുണ്ട്. ആൽമൺഡിന്റെ ഉൾഭാഗം മധുരിക്കും. എന്നാൽ പുറംതൊലിക്ക് കയ്പും കവചത്തിന് നല്ല കടുപ്പവുമുണ്ട്. മധുരിക്കുന്ന കേന്ദ്രം ക്രിസ്തുവിന്റെ ദിവ്യത്വമാകുന്നു; കടുപ്പമേറിയ കവചം അവിടത്തെ ആത്മാവും കയ്ക്കുന്ന തൊലി പീഢാനുഭവത്തിന്റെ മാംസവുമത്രേ.

ദേവാലയ നാശവും യുദ്ധങ്ങളും യേശു പ്രവചിക്കുന്നു. രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ ഇസ്രയേലിൽ ദൃഢമായിരുന്നു. രക്ഷകരായി അവതരിച്ചവർ വാളിനിരയായി. രക്ഷകന്റെ കാര്യത്തിൽ വലിയ അനിശ്ചിതത്വം നിലനിന്നിരുന്നു അതുകൊണ്ടാണ് ആരും നിങ്ങളെ വഴി തെറ്റിക്കാതെ നോക്കണമെന്ന് യേശു പറഞ്ഞത്.

യുദ്ധങ്ങളും കലഹങ്ങളും ഇസ്രയേലിൽ സർവ്വ സാധാരണമായിരുന്നു. ഏതുവിധേനയും റോമാസാമ്രാജ്യത്തിന്റെ അടിമത്വത്തിൽനിന്ന് ഒരു മോചനം അവർ ആഗ്രഹിച്ചു. നിയന്ത്രണമില്ലാത്ത നികുതി കൊടുക്കലായിരുന്നു ഏറ്റവും വലിയ ഭാരം. മിശിഹാ പ്രതീക്ഷ അത്രമാത്രം ഉണ്ടായിരുന്നതിനാലാണ് വ്യാജപ്രവാചകർ കൂടുന്നത്.

ദേവാലയത്തിന്റെ പതനം യുഗാന്ത്യാരംഭത്തിന്റെ ലക്ഷണമായി ശിഷ്യർ കാണുന്നു. യുദ്ധങ്ങളുടെ വിനാശത്തെപ്പറ്റി പഴയനിയമത്തിൽ പലയിടങ്ങളിലും കാണാം. ജറമിയ 4:19 "വേദന! അസഹ്യമായ വേദന! ഞാൻ വേദനയാൽ പുളയുന്നു: എന്റെ ഹൃദയഭിത്തികൾ തകരുന്നു! നെഞ്ചിടിക്കുന്നു! നിശബ്ദനായിരിക്കാൻ എനിക്കുവയ്യാ! ഇതാ യുദ്ധകാഹളം പോർവിളി ഞാൻ കേൾക്കുന്നു." വെളിപാടു സാഹിത്യത്തിൽ കാണുന്ന ശൈലിയാണ് യുദ്ധങ്ങളും കിംവദന്തികളും. രാജ്യം രാജ്യത്തിനെതിരെ തിരിയുമെന്ന കാര്യം ഏശ 19:2 ലും നാം കാണുന്നു. യുദ്ധത്തിന്റെ പോർമുനകളിലാണ് രാജ്യങ്ങൾ. എത്ര ആയുധശേഖരം ഉള്ള രാജ്യമായാലും തങ്ങൾ സുരക്ഷിതരാണെന്ന ബോധ്യം ആർക്കുമില്ല. ഇന്ത്യയിൽ ഇപ്പോൾ ഉയരുന്ന ആരവം ശത്രുരാജ്യത്ത് വെടിയുതിർക്കുന്നതിന്റെയും ഷെല്ലുകൾ വർഷിക്കുന്നതിന്റെയുമാണ്. ശത്രുവിന്റേമേലുള്ള ഈ യുദ്ധവിജയം ഒരു ലഹരിപോലെ ഇന്ത്യക്കാരുടെമേൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്. ആ ഉന്മാദത്തിൽ അവൻ വിശപ്പും ദാഹവും എല്ലാം മറന്നുപോകുന്നു. തീവ്രദേശീയതയുടെ മുഴക്കങ്ങളിൽ അവന്റെ നിലവിളികൾ നേർത്തില്ലാതാകുന്നു.

## സമാധാനം അരികിൽ

2018 ലെ സമാധാനത്തിനുള്ള നോബേൽ സമ്മാനം നേടിയത് എത്യോപ്യയുടെ പ്രധാനമന്ത്രി ആബി അഹമ്മദ് ആണ്. എത്യോപ്യയും എരിത്രയയും തമ്മിൽ നടന്ന 20 വർഷം നീണ്ട യുദ്ധം അവസാനിപ്പിച്ചു. രണ്ടു ദരിദ്ര രാജ്യങ്ങൾ യുദ്ധത്തിന്റെ പോർവിളികളിൽ തകർന്നു പോകുമായിരുന്നു. അദ്ദേഹം ഒരു ആർമി ഇന്റലിജൻസ് ഓഫീസറായിരുന്നിട്ടുകൂടി യുദ്ധത്തിനെതിരായി ജീവഭീഷണി നേരിട്ട് പാലായനം ചെയ്ത രാഷ്ട്രീയ നേതാക്കളെ തിരികെ വിളിപ്പിച്ചു. പ്രതിപക്ഷ പാർട്ടികൾക്ക് പ്രവർത്തന സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. സമാധാനവും വികസനവുമാണ് തന്റെ മന്ത്രമെന്ന് ഓർമ്മിപ്പിച്ചു.

ജനം ജനത്തിനെതിരെ, രാജ്യം രാജ്യത്തിനെതിരെ, വീട്ടുകാർ വീട്ടുകാർക്കെതിരെ, പകയുടെ ഈ രൂപങ്ങൾ ക്രിസ്തു പ്രവചിച്ചത് ഇപ്പോൾ അതിന്റെ പാരമ്യതയിൽ വന്നു നില്ക്കുന്നു. രക്തത്തെക്കാൾ വില പണത്തിനാണ്. ഭീകരസംഭവങ്ങൾ, ക്ഷാമം, പകർച്ചവ്യാധി ഇവയെല്ലാം ഒന്നൊഴിയാതെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരിടത്തും മനുഷ്യന് അവൻ ആഗ്രഹിക്കുന്ന സമാധാനം ലഭിക്കുന്നില്ല.

സന്തോഷ് ഏച്ചിക്കാനത്തിന്റെ ഉഭയജീവിതം എന്ന കഥയിൽ സ്വാഭാവിക നിയമത്തെ ലംഘിച്ചുകൊണ്ട് വേട്ടക്കാരനെ വിഴുങ്ങുന്ന ഇരയെക്കുറിച്ച് പറയുന്നു. ഇരയായ തവളയെ പിടിക്കാൻ നീർക്കോലി ശ്രമിക്കുന്നതിനിടയിൽ ഇരുവരും പൊട്ടക്കിണറ്റിൽ വീഴുന്നു. കരകയറാനാവാത്ത ആ പടുകുഴിയിൽ തന്നെ വിഴുങ്ങാനെത്തുന്ന പാമ്പിന്റെ മുമ്പിൽ തവള ഞെട്ടിപ്പിക്കുന്ന ഒരു സാധ്യത വെളിപ്പെടുത്തുന്നു. എന്നെ തിന്നു കഴിഞ്ഞാൽ പിന്നെ മരണംവരെ എന്തൊരേകാന്തതയായിരിക്കും നീ അനുഭവിക്കുക. ഇരതേടാൻ മറ്റൊന്നുമില്ലാതെ ആ പടുകിണറ്റിൽ നീർക്കോലി അതിജീവനത്തിന്റെ ഭാവിയെക്കുറിച്ചുള്ള ഭയത്തിൽ ചെന്നുവീണ് തവളയുമായി സമരസപ്പെട്ട് സഹജീവിതത്തിലേക്കു നീങ്ങുന്നു. ഒരു ദിവസം ഏതോ വഞ്ചനയുടെ പ്രതീകമായി ഒരു പെൺശവം കിണറ്റിൽ വന്നുവീഴുന്നു. ശവമെടുക്കുന്നതിന്റെ ദൃശ്യങ്ങൾ തേടിവന്ന പത്രഫോട്ടോഗ്രാഫർക്കു തവളയുടെയും നീർക്കോലിയുടെയും കൂട്ടുജീവിതം വാർത്താചിത്രം പോലുമാവുന്നു. മരിച്ചവന്റെ കണ്ണുപോലെ ഏകാന്തമായ ആ കിണറ്റിൽ നീർക്കോലിയുടെ കണ്ണുകളിൽ തന്റെ മരണപത്രം തയ്യാറാക്കി വച്ചിരിക്കുകയാണെന്ന് തവളയ്ക്കറിയാം. അതിജീവനത്തിനുവേണ്ടിയുള്ള സഹജവാസനയിൽ ആ തവള നീർക്കോലിയെ വിഴുങ്ങാൻ തുടങ്ങി.

കൊള്ള മുതലുകൾ വേഗം എടുത്തുകൊണ്ടു പൊയ്ക്കൊള്ളുക; ഇരയെ എടുത്തു കൊണ്ടുപോകാൻ ധൃതിവെക്കുക (ഏശ 8:3) സാത്താന്റെ ഇരകളാണത്. അത് വേഗം എടുത്തുമാറ്റേണ്ടതുണ്ട്. കാലുഷ്യം കലർന്ന ലോകത്ത് തിന്മയുടെ ഇരുൾവീണിടങ്ങളെ മാറ്റി പ്രകാശപൂരിതമാക്കാൻ പ്രവാചകഹൃദയമുള്ളവർവേണം.

ഷേക്സ്പിയറിന്റെ നാടകങ്ങൾ ഷേക്സ്പിയറിനൊപ്പം കളിക്കാൻ അതുല്യ നടന്മാരായ റിച്ചാർഡ് ബർബേജ്, വില്യം കെമ്പ് മുതലായവർ ഉണ്ടായിരുന്നു. അവർ ഷേക്സ്പിയറിന്റെ ഗ്ലോബ്, ബ്ലാക്ഫ്ളയേഴ്സ് തുടങ്ങിയ തീയറ്ററുകളിൽ ഒഥല്ലോ, ഹാംലെറ്റ്, മാക്ബത്ത്,ലെയർ എന്നീ നാടകങ്ങളെ അഭിനയവും നൃത്തവും സംഗീതവും കൊണ്ട് അനശ്വരമാക്കി.

ബ്ലാക്ക്ഫളെയേഴ്സ് തീയറ്റർ ബാർബേജിന്റെ പിതാവിന്റെ വകയായിരുന്നു. നാടക ഭ്രാന്തുകൊണ്ടാണ് അയാൾ ഷേക്സ്പിയറിന്റെ നാടകങ്ങൾ കളിച്ചത്. ചരിത്രകാരന്മാർ പറയുന്നത് ഷേക്സ്പിയർ തന്റെ നാടകങ്ങളിൽ ചെറിയ വേഷങ്ങൾ മാത്രമേ ചെയ്തിട്ടുള്ളുവെന്നാണ്. ബാർബേജും കൊമേഡിയനായി കെമ്പും അരങ്ങുതകർക്കുമ്പോൾ ഷേക്സ്പിയറിന് മറ്റൊന്നും ഭയക്കാനില്ലായിരുന്നു. ഷേക്സ്പിയറിന്റെ നാടകങ്ങളെ പ്രശസ്തമാക്കിയത് ആ മാന്ത്രിക തൂലികമാത്രമല്ല, ആ നാടകങ്ങളെ അരങ്ങിൽ ആരവങ്ങളാക്കിയ കഥാപാത്രങ്ങളും കൂടിയാണ്. ഇന്ന് മനുഷ്യൻ തീവ്രമായ ആത്മീയദാഹം അനുഭവിക്കുന്നുണ്ട്. സുവിശേഷത്തിന് മിഴിവും പൂർണതയും നല്കാൻ പ്രവാചകപരിപ്രേക്ഷ്യമുള്ളവർ വേണം. തലനാരിഴപോലും വീഴാതെ സംരക്ഷിക്കുമെന്ന് ഉറപ്പുനല്കുന്ന ക്രിസ്തുവിന്റെ സൈ്ഥര്യത്തോട് ചേർന്നു നില്ക്കാൻ ദൈവമനുഷ്യർ ഉണ്ടാകണം. ■

## നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ക്രിസ്തുരാജത്വ തിരുനാൾ (നവംബർ 24)

# ക്രിസ്തു: ഈ ഭവനത്തിന്റെ നായകൻ

2 സമു. 5: 1-3 | കൊളോ. 1: 12-20 | ലൂക്ക. 23:33-43

**ജി.**എസ്.കൽജോയുടെ 'സിംഹാസനങ്ങൾ തകരുമ്പോൾ' അവസാനിച്ചുകൊണ്ടിരിക്കുന്ന രാജാക്കന്മാരെക്കുറിച്ചുള്ള കഥയാണ്. രാജഭരണത്തിലുണ്ടായിരുന്ന ഒരു നാട് അതിൽ നിന്നു മുക്തമാകുന്നു. രാജാവിന് ഭരണം നടഷ്ടപ്പെടുന്നു. വിപ്ലവത്തിലൂടെ ജനം ഭരണം പിടിച്ചെടുക്കുന്നു. സിംഹാസനവും കിരീടവും ചെങ്കോലുമില്ലാത്ത പുതിയ ഭരണം ആരംഭിക്കുകയാണ്. മേലിൽ രാജാവിന്റെ മുമ്പിൽ തങ്ങൾ ഓച്ഛാനിച്ചും ഭയന്നും നിൽക്കേണ്ട കാര്യമില്ലഎന്നോർത്ത് ജനം തെരുവുകളിൽ ആഹ്ലാദനൃത്തം ചവിട്ടുന്നു. അപ്പോൾ തെരുവോരത്തു നിന്ന് ഒരു വൃദ്ധൻ പറയുകയാണ്: 'പഴയ രാജാവ് പോയെന്നേയുള്ളൂ. പുതിയ ഭരണാധികാരിയും ഒരു രീതിയിൽ രാജാവാണ്. ഒരു രാജാവിന്റെ, അധികാരിയുടെ കീഴിലല്ലാതെ ജീവിക്കാൻ നമുക്കാവില്ല മക്കളേ.' പെട്ടെന്ന് ആഹ്ലാദാരവങ്ങൾ നിലയ്ക്കുന്നു.

ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുന്ന വേളയിൽ ഈ കഥയ്ക്ക് ഏറെ പ്രസക്തിയുണ്ട്. ഒരു രാജാവിന്റെ, അധികാരിയുടെ കീഴിലല്ലാതെ നമുക്ക് ജീവിക്കാൻ ആവില്ല എന്നത് സത്യമാണ്. ബാഹ്യമായി നാം ആരുടേയും കീഴിലല്ല. എന്നാൽ ആന്തരികമായി നാം ആരുടെ കീഴിലാണ്? വിവിധ രീതികളിൽ ആരൊക്കെയാണ് എന്നെ നയിക്കുന്നത്? യഥാർത്ഥത്തിൽ ആരാണ് എന്നെ നയിക്കുന്നത്? ആരാലാണ് ഞാൻ നയിക്കപ്പെടുന്നത്? ആരാണ് എന്റെ രാജാവ്? വ്യക്തിപരമായി ഉത്തരം കണ്ടെത്തി ആ ചോദ്യത്തിന്റെ മുന നാം ഒടിക്കേണ്ടിയിരിക്കുന്നു.

ആരാണ് രാജാവ്? അധികാരം ഉള്ളവൻ ആരോ അവനാണ് രാജാവ്. മറ്റുള്ളവരെ നിയന്ത്രിക്കാൻ കെൽപ്പുള്ളവനാരോ അവനാണ് രാജാവ്. കീഴിലുള്ളവരെ സംരക്ഷിക്കുന്നവൻ ആരോ അവനാണ് രാജാവ്. ജനം ഭൗതിക സുരക്ഷയ്ക്കു വേണ്ടി ആരെ ആശ്രയിക്കുന്നുവോ അവനാണ് രാജാവ്. ആരിൽ പ്രതീക്ഷ വച്ചും വിശ്വസിച്ചും ജനം ജീവിക്കുന്നുവോ അവനാണ് രാജാവ്. ഒരു രാജാവിനെ നമുക്കിങ്ങനെയൊക്കെ ഡിഫൈൻ ചെയ്യാൻ സാധിക്കും. എങ്കിൽ നമ്മുടെ ജീവിതത്തെ, എന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന, സംരക്ഷിക്കുന്ന, എനിക്കു വേണ്ടി ജീവൻ തൃജിക്കുന്ന, ഞാൻ ആശ്രയിക്കുന്ന, വിശ്വസിക്കുന്ന, എന്നെ നയിക്കുന്ന ആ രാജാവ് ആരാണ്?

ക്രിസ്തു എന്ന ഉത്തരത്തിലേക്ക് നാം കടന്നുചെല്ലും. ക്രിസ്തുരാജന്റെ തിരുനാളിന്റെ തുടക്കവും അതിന്റെ പശ്ചാത്തലവും രാജഭരണത്തിന്റെ ശക്തിയും സിംഹാസനങ്ങളുടെ ഔന്നത്യവും അധികാരത്തിന്റെ ഗർവ്വും ചെങ്കോലുകളുടെ വാഴ്ചകളും കിരീടങ്ങളുടെ ഗരിമയും നിറഞ്ഞുനിന്ന ഒരു കാലത്തായിരിക്കാം ക്രിസ്തു-



മനുഷ്യൻ ഒരു സാമൂഹ്യ ജീവിയായതുകൊണ്ട് പരസ്പരം ബന്ധങ്ങൾ സ്ഥാപിക്കാതെ ജീവിക്കാൻ പറ്റില്ല. അതുപോലെ തന്നെ നാം മറ്റുള്ളവരെ ആശ്രയിക്കുകയും വേണം. ഈ ആശ്രയം പരമമായി ദൈവത്തിലേയ്ക്ക് വയ്ക്കാൻ നാം പഠിക്കണം.

രാജാവ് എന്ന ചിന്തയിലേയ്ക്ക് അന്നു കടന്നു വന്നത്. പക്ഷേ, ഭൗതിക കിരീടങ്ങളുടെയും സിംഹാസനങ്ങളുടെയും കാലം കഴിഞ്ഞു പോയിരിക്കുന്നു.

എന്നാൽ ക്രിസ്തുവിന്റെ രാജാധികാരത്തിന്റെ കാലമോ ശക്തിയോ കഴിഞ്ഞിട്ടില്ല. അതിന്റെ ആവശ്യകതയും സാംഗത്യവും ഓരോ നിമിഷവും കൂടിക്കൊണ്ടിരിക്കുകയാണ്. ഭൂമിയിലുള്ള അധികാര കേന്ദ്രങ്ങളെയൊന്നും വിശ്വസിക്കാൻ പറ്റാതായിരിക്കുന്നു. അവരെ നാം നമ്മളെ ഏൽപ്പിച്ചാൽ നമ്മൾ ചൂഷിതരാവും. നമ്മെ അവുന്നത്ര മുതലെടുത്തിട്ട് വലിച്ചെറിയാനായിരിക്കും അവരുടെ വ്യഗ്രത. സ്വർത്ഥതയുടെ കൂടും കൂടാരവുമായിരിക്കുന്നു ഇവിടത്തെ അധികാരകേന്ദ്രങ്ങൾ. അൽപ്പത്തരങ്ങളും അത്യാഗ്രഹങ്ങളും ആസക്തികളും അവരുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഇവിടെയാണ് ക്രിസ്തു എന്ന രാജാവിന്റെ പ്രസക്തി. ഇന്നു വരെ രാജ്യം ഭരിച്ചിട്ടുള്ള എല്ലാ രാജാക്കൻമാരെക്കാളും ശക്തനും വിശ്വസ്തനുമാണ് ഭൗതികമായി ഒരു രാജ്യം പോലും ഭരിച്ചിട്ടില്ലാത്ത, എന്നാൽ ആത്മീയമായും ഭൗതികമായും എല്ലാത്തിന്റേയും അധിപനായ ക്രിസ്തു.

മറ്റെല്ലാ കാര്യങ്ങളും നമുക്ക് വിസ്മരിക്കാം. എന്നിട്ട്, നമ്മുടെ വ്യക്തി ജീവിതത്തിന്റെ രാജാവാരാണെന്ന് ചിന്തിക്കാം. മദ്യപാനത്തിന് അടിമയായ ഒരാളുടെ രാജാവ് മദ്യമാണ്. എല്ലാത്തിനോടും കലഹിക്കുന്ന ഒരാളുടെ രാജാവ് ആരാണ്? അന്യന്റെ വസ്തുക്കൾ മോഷ്ടിക്കുന്ന ഒരാളുടെ രാജാവ് ആരാണ്? ആസക്തിയോടെ സ്ത്രീയെ, പുരുഷനെ നോക്കുന്ന ഒരുവൻ ആരുടെ നിയന്ത്രണത്തിൻ കീഴിലാണ്? അപരനോട് ശത്രുത പുലർത്തുന്ന ഒരാൾ ആരാലാണ് നയിക്കപ്പെടുന്നത്? അധികാരത്തിനു വേണ്ടി ജീവിക്കുന്ന ഒരു വ്യക്തിയുടെ രാജാവ് ആരായിരിക്കും? മറ്റുള്ളവരെ നശിപ്പിക്കാൻ ശ്രമിക്കുന്ന ഒരുവൻ ആരാലാണ് നിയന്ത്രിക്കപ്പെടുന്നത്? ഏഷണിയും കുറ്റവും പറയുന്ന ഒരാൾ ആരുടെ പ്രജയാണ്?

ക്രിസ്തുവിനാൽ നയിക്കപ്പെടുന്ന ഒരാൾക്ക് ഇപ്പറഞ്ഞ ലിസ്റ്റിൽപെടാൻ പറ്റില്ല. എന്റെ പേര് മുകളിലത്തെ ലിസ്റ്റിൽ എവിടെയെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ എന്റെ രാജാവ് ക്രിസ്തു വല്ല മറ്റാരെങ്കിലും, മറ്റേന്തെങ്കിലും ആയിരിക്കും പണമോ, മദ്യമോ, ദുരാഗ്രഹമോ, എന്തെങ്കിലും ആയിരിക്കും. പക്ഷേ, ഓർക്കുക അവരൊന്നും നമ്മുടെ യഥാർഥരാജാക്കന്മാരല്ലെന്ന്, നാശത്തിലേക്കുള്ള സഹയാത്രികർ മാത്രമാണെന്ന്.

നമ്മുടെയൊക്കെ ജീവിതം വിജയിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിന്റെ വിജയമായി ക്രിസ്തുവിനെ അംഗീകരിക്കണം. ക്രിസ്തുവിനെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കണം. ക്രിസ്തു ഈ ഭവനത്തിന്റെ നായകൻ എന്ന് വീടിന്റെ മുമ്പിൽ ആണിയടിച്ചും പശയൊട്ടിച്ചും തൂക്കിയിട്ട് മാത്രം കാര്യമില്ല. അടുത്ത പെയിന്റടിക്ക് അത് പറിച്ചു മാറ്റപ്പെടാം. അല്ലെങ്കിൽ തുരുമ്പെടുക്കുമ്പോൾ പശയുടെ പശിമ നഷ്ടപ്പെടുമ്പോൾ താഴെ പോയെന്നിരിക്കാം. പക്ഷേ മനസിലെ ക്രിസ്തുവോ? ഒരു സെൻ കഥയിൽ പറയുന്നു.

കളിമൺ ബുദ്ധൻ പെരുമഴയിൽ അലിഞ്ഞു പോയി;

സ്വർണ്ണ ബുദ്ധൻ അഗ്നിയിൽ ഉരുകി;

തടിക്കൊണ്ടുള്ള ബുദ്ധനെ ചിതലുകൾ തിന്നു.

മനസിലെ ബുദ്ധൻ മാത്രം നിലനിൽക്കുന്നു എന്ന്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയായതുകൊണ്ട് പരസ്പരം ബന്ധങ്ങൾ സ്ഥാപിക്കാതെ ജീവിക്കാൻ പറ്റില്ല. അതുപോലെ തന്നെ നാം മറ്റുള്ളവരെ ആശ്രയിക്കുകയും വേണം. ഈ ആശ്രയം പരമമായി ദൈവത്തിലേയ്ക്ക് വയ്ക്കാൻ നാം പഠിക്കണം. ഒപ്പം അവനെ രാജാവായി കാണാനും അംഗീകരിക്കാനും പഠിക്കാം. ഇത്ര ശക്തനായ ഒരു രാജാവിന്റെ പിൻബലം നമുക്കുണ്ടെങ്കിൽ പിന്നെന്തു ഭയപ്പെടാനാണ്? ക്രിസ്തു എന്റെ കൂടെയുണ്ടെങ്കിൽ ആർക്ക് എനിക്കെതിരെ നിൽക്കാൻ സാധിക്കും? (റോമ. 8.31). ■

# അൽമായ പ്രേഷിതർക്കായി സെമിനാർ സംഘടിപ്പിച്ചു

വെള്ളയമ്പലം: അസാധാരണ പ്രേഷിത മാസത്തോടനുബന്ധിച്ച് അജപാലനശുശ്രൂഷയുടെ നേതൃത്വത്തിൽ അല്മായ സുവിശേഷ പ്രഘോഷകർക്കായി 'മാക്സിമും ഇല്ലൂദ്' എന്ന അപ്പസ്തോലിക പ്രബോധനത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. സെമിനാർ സഹായ മെത്രാൻ ക്രിസ്തുദാസ് ആർ അനുഗ്രഹ പ്രഭാഷണം നടത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് "അസാധാരണ പ്രേഷിതമാസം : എന്ത്? എന്തിന്?", "പ്രേഷിതദൗത്യം 'മാക്സിമും ഇല്ലൂദ്'ൽ", "പ്രേഷിതദൗത്യത്തിൽ അല്മായരുടെ പങ്ക്" എന്നീ വിഷയങ്ങളിൽ ഫാ.ഡാനിയേൽ, ഫാ. ഡേവിഡ്സൺ, ഫാ. മൈക്കിൾ തോമസ്, ഫാ. മുത്തപ്പൻ അപ്പോലി, ഫാ. ലോറൻസ് കുലാസ് എന്നിവർ ക്ലാസുകൾ നയിച്ചു. നിക്സൺ ലോപ്പസ്, സി.വി. ഡേവിഡ്, ജോയിസ് പയസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നിന്നായി സെമിനാറിൽ 110 അൽമായ പ്രേഷിതർ പങ്കെടുത്തു.



*അൽമായ പ്രേഷിതർക്കായി സംഘടിപ്പിച്ച സെമിനാർ ബിഷപ്പ് ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യുന്നു*

# വചനജ്വാല

**2019 ഡിസംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**



# പ്രത്യാശയുടെ കാത്തിരിപ്പ്

1. **പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/നാഥ**
3. **ആമുഖം**

ഡിസംബർ മാസം ദിവ്യസുതന്റെ ജനനമഹോത്സവത്തിലേക്ക് ഒരുങ്ങുന്ന ആഗമനകാലവും രക്ഷകന്റെ തിരുപ്പിറവി കാലവും ഒത്തുചേരുന്ന കാത്തിരിപ്പിന്റെ, പ്രത്യാശയുടെ ആനന്ദത്തിന്റെ നാളുകളാണ്. പ്രത്യാശയോടുകൂടിയുള്ള കാത്തിരിപ്പിന്റെ കഥയാണല്ലോ നമ്മുടെ ജീവിതം. നാസി തടങ്കൽ പാളയത്തിൽ ആയിരിക്കുമ്പോൾ ജീവിതത്തിന്റെ പച്ചയായതും കയ്പേറിയതുമായ അനുഭവത്തിൽ നിന്നും രൂപം കൊടുത്ത ഒരു തത്വമാണ്, ലോഗോ തെറാപ്പി.

പുറം ലോകവുമായി യാതൊരുബന്ധവും പുലർത്തുവാൻ അനുവാദമില്ലാതിരുന്ന സമയം സഹതടവുകാരനൊപ്പം നാസി തടങ്കൽ പാളയത്തിലെ തടവറയിലെ ജനാലചില്ലകളിലൂടെ കണ്ടൊരു കാഴ്ചയാണ് വിക്ടർ ഫ്രാങ്കിനെ ലോഗോ തെറാപ്പിയ്ക്ക് രൂപം നൽകുവാൻ സഹായിച്ചത്. ജനാലയിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ കണ്ട അതിദാരുണമായ കാഴ്ച ജനങ്ങളുടെ നിലവിളിയുടെ സ്വരവും നാസി പട്ടാളക്കാരുടെ ക്രൂരമായ മർദ്ദനമുറകളുമാണ്. പുറത്തുപോയാൽ ഇത്തരം ദാരുണാനുഭവമാണ് തന്നെയും കാത്തിരിക്കുന്നതെന്നുകരുതി പോകേണ്ടെന്ന് അയാൾ തീരുമാനിക്കുന്നു.

ജനാലയിലൂടെ പുറത്തുനോക്കിയപ്പോൾ സന്ധ്യാവേളയിൽ മുകളിൽ ആകാശത്ത് മിന്നിത്തിളങ്ങി നിൽക്കുന്ന താരാഗണങ്ങളെയാണ് വിക്ടർ കാണുന്നത്. മിന്നിത്തിളങ്ങി നിൽക്കുന്ന നക്ഷത്രങ്ങൾ തടങ്കൽ പാളയത്തിലെ പ്രതിസന്ധികളെയും പ്രയാസങ്ങളെയും അതിജീവിച്ചുകൊണ്ട് തങ്ങളുടെ അടുത്തേക്ക് തിരിച്ചുവരുമെന്ന പ്രത്യാശയുടെ കാത്തിരിക്കുന്ന ഭാര്യയേയും മക്കളേയുമാണ് ഓർമിപ്പിച്ചത്. ഈ അനുഭവത്തിൽ നിന്നുമാണ് ലോകത്തെ ഏറെ സ്വാധീനിച്ച ലോഗോതെറാപ്പി എന്ന പ്രത്യാശയുടെ ജീവിതദർശനത്തിന് വിക്ടർ ഫ്രാൻക്ലിൻ രൂപം നൽകുന്നത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ജീവിതത്തിന് അർത്ഥമേകുന്നത് പ്രതിസന്ധികളെ അതിജീവിക്കാൻ പ്രചോദനമേകുന്നത് തങ്ങളെ കാത്തിരിക്കാൻ ആരെങ്കിലുമുണ്ടെന്ന ചിന്തയാണ്.

ഡിസംബർ മാസത്തെ ആഗമന കാലവും തിരുപ്പിറവിക്കാലവും നമു

ക്ക് നൽകുന്ന സന്ദേശവും മറ്റൊന്നല്ല. നമ്മുടെ ജീവിതത്തിന് അർത്ഥമുണ്ടാകണമെങ്കിൽ കുടുംബത്തിൽ സന്തോഷവും സമാധാനവും ലഭിക്കണമെങ്കിൽ രക്ഷകന്റെ ജനനമഹോത്സവത്തിനായി പ്രത്യാശയോടെ നാം കാത്തിരിക്കണം. വേണ്ട ഒരുക്കത്തോടെ, ആദരവോടെ ദിവ്യസുതന്റെ പിറവി തിരുനാൾ അർത്ഥവത്തായി നാം ആഘോഷിക്കണം. നമ്മുടെ ഈ മാസത്തെ കൂട്ടായ്മ യോഗത്തിൽ ക്രിസ്തുമസ് എങ്ങനെ അർത്ഥവത്തായി ആഘോഷിക്കാമെന്നും ക്രിസ്തുമസിന്റെ സന്തോഷവും സമാധാനവും എപ്രകാരം അയൽക്കാരുമായി പങ്കുവയ്ക്കാമെന്നും ചിന്തിക്കാം..

## 4. യേശുവിനെ ക്ഷണിക്കൽ

നമ്മുടെ ജീവിതത്തിന് അർത്ഥവും ദിശാബോധവും നൽകുവാനായി സമാധാനവും സന്തോഷവുമേകി നമ്മുടെ കൂടെ വസിക്കുവാനായി മനുഷ്യാവതാരം ചെയ്ത ഇമ്മാനുവേലിനെ, രക്ഷകനായ യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**(ലൂക്കാ. 1:26–38)**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

1. പ്രത്യാശയുടെയും സമാധാനത്തിന്റെ സന്തോഷത്തിന്റെയും ഉത്സവമായ ക്രിസ്തുമസിന്റെ ആദ്യാനുഭവമാണ് മംഗളവാർത്ത.

2. എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് ഞാൻ കേൾക്കുന്നതും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതുമായ വാർത്ത എപ്പോഴും മംഗളകരമായിരിക്കണം എന്നാണ്.

3. ഗബ്രിയേൽ ദൂതൻ മറിയത്തോട് പങ്കുവച്ചത് വെറും ഭൗതിക വാർത്തയല്ല; ലോകത്തിന്റെ ദൃഷ്ടിയിലുള്ള മംഗളവാർത്തയുമല്ല. പ്രത്യുത ആത്മീയാനന്ദം നൽകുന്ന, സ്വാർത്ഥത വെടിഞ്ഞുകൊണ്ട് അപരന് മംഗളമേകുന്ന വാർത്തയാണ്.

അതുകൊണ്ട് തന്നെ ദൈവദൂതൻ ദിവ്യജനനിയോടറിയിച്ച മംഗളവാർത്ത, സദ് വാർത്തയായി. സുവിശേഷമായി മാറണമെങ്കിൽ പലരുടെയും സഹകരണവും ത്യാഗവും ആവശ്യമായിരുന്നു.

4. ഒന്നാമതായി മറിയത്തോടും യൗസേപ്പിനോടും തങ്ങളുടെ ദാമ്പത്യത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള കൊച്ചു സ്വപ്നങ്ങൾ, സ്വയം പദ്ധതികൾ ഉപേക്ഷിച്ചുകൊണ്ട് മാനവകുലത്തിന് മുഴുവൻ രക്ഷ പ്രദാനം ചെയ്യാൻ കഴിയുന്ന – ദൈവത്തിന്റെ വലിയ പദ്ധതിയോടാത്ത് സഹകരിക്കുവാൻ ആവശ്യപ്പെടുന്നു.

ദൈവിക പദ്ധതിയോട് സഹകരിക്കുമ്പോൾ, അപരന്റെ ക്ഷേമത്തിനായി യത്നിക്കുമ്പോൾ ചില അസ്വസ്ഥതകളും ആശങ്കകളും സ്വാഭാവികം. പ്രത്യക്ഷത്തിൽ തടസങ്ങൾ ഏറെയെന്നും ഇത് അസാധ്യമെന്നും തോന്നിയേക്കാം. എന്നാൽ നാം സഹകരിക്കുന്നത് ദൈവീക പദ്ധതിയോടാണെങ്കിൽ എല്ലാ തടസങ്ങളും ദൈവം നീക്കും. കാരണം ദൈവത്തിന് അസാധ്യമായി ഒന്നുമില്ല.

5 ദൈവിക പദ്ധതിയോട് സഹകരിച്ചപ്പോൾ, രക്ഷകന് ജന്മമേകുന്ന, ഉണ്ണിയെ പക്വതയിലും ദൈവിക ജ്ഞാനത്തിലും വളർത്തുന്ന, സംരക്ഷിക്കുന്ന പ്രക്രിയയിൽ മറിയവും യൗസേപ്പും നിരവധിയായ ത്യാഗം അനുഭവിക്കുന്നു, വെല്ലുവിളികൾ നേരിടുന്നു.

i) ഉണ്ണിയ്ക്ക് ജന്മമേകുവാൻ സ്ഥലം ലഭിക്കുന്നില്ല. സത്രങ്ങളിൽ നിന്നും പരിഹാസിതരായി ആട്ടിയിറക്കുന്നു.

ii) പിഞ്ചുപൈതലുമായി ഈജിപ്തിലേക്ക് പലായനം ചെയ്യപ്പെടുന്നു.

iii) മരണഭയത്തിൽ കഴിയേണ്ടിവരുന്ന അവസ്ഥ

12–ാമത്തെ വയസ്സിൽ കാണാതാകുമ്പോഴുണ്ടാകുന്ന അസ്വസ്ഥതയും വേദനയും.

– യേശുവിനെ സമൂഹം തെറ്റിദ്ധരിക്കുമ്പോൾ, അവൻ ചെയ്ത നന്മയുടെയും സുകൃതങ്ങളുടെയും പ്രബോധനങ്ങളുടെയും പേരിൽ ക്രൂശിക്കപ്പെടുമ്പോഴും ഉണ്ടാകുന്ന വേദനയും സംഘർഷങ്ങളും.

– പരാജയങ്ങളുടെയും വേദനകളുടെയും സന്ദർഭങ്ങളിൽ പരസ്പരം കുറ്റപ്പെടുത്തുന്നില്ല. പരസ്പരം മനസ്സിലാക്കി പക്വതയോടും സമചിത്തതോടും കൂടി അവയെ ഒരുമിച്ചുനിന്ന് തരണം ചെയ്യുന്നു.

– ഇളയമ്മയായ എലിസബത്തിന്റെ ആവശ്യം അറിഞ്ഞ് അടുത്തുചെന്ന് ശുശ്രൂഷിക്കുന്ന മറിയം.

– തന്റെ സാന്നിധ്യവും വാക്കുകളും കൊണ്ട് കൂടെയുള്ളവർക്കും, ചുറ്റും വസിക്കുന്നവർക്കും സന്തോഷമേകുവാൻ, ആശ്വാസമേകുവാൻ ശ്രദ്ധിക്കുന്ന മറിയം.

– കൂടെ വസിക്കുവാൻ അപ്പമായി തീരുവാൻ ഭൂജാതനായ യേശുവിന്റെ പിറവിത്തിരുനാൾ ആഘോഷിക്കാനൊരുങ്ങുമ്പോൾ ദൈവത്തെ മാറ്റി നിർത്താതെ കൂടെ കൂട്ടാം. നമ്മുടെ ഭവനങ്ങളും കുടുംബ കൂട്ടായ്മയും ഇടവകയും പ്രത്യാശയുടെ സന്തോഷത്തിന്റെ സമാധാനത്തിന്റെ വേദികളാക്കാം.

## 8. ചർച്ച

1. മുൻകാലങ്ങളെ അപേക്ഷിച്ച് നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളിൽ വന്നിരിക്കുന്ന പ്രധാനപ്പെട്ട മാറ്റങ്ങൾ ഏവ? അവ ഗുണകരമാണോ, ദോഷകരമാണോ എന്ന് ചർച്ച ചെയ്യുക.

2. 2019 ലെ ക്രിസ്മസ് അർത്ഥവത്താക്കാൻ, സന്തോഷകരവും സമാധാനപൂർണവുമാക്കിത്തീർക്കാൻ കുടുംബം, ബിസിസി യൂണിറ്റ്, ഇടവക തലത്തിൽ നമുക്ക് എന്തു ചെയ്യാനാകും?

3. ക്രിസ്തുമസ് രാവിൽ പുൽക്കൂട് സന്ദർശിക്കുമ്പോൾ ഉണ്ണിയേശുവിന് ഞാൻ എന്ത് സമ്മാനമേകും.

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

അപ്പത്തിന്റെ നാട്ടിൽ (ബത്‌ലഹേമിൽ) ഭൂജാതനായി മനുഷ്യർക്ക് അപ്പമായി തീരുവാൻ സ്വന്തം ജീവൻ ഹോമിച്ച യേശുവിന്റെ പിറവിത്തിരുനാൾ അർത്ഥവത്തായി ആഘോഷിക്കുവാനും നമ്മുടെ വാക്കും സാന്നിധ്യവും മറ്റുള്ളവർക്ക് പ്രത്യാശയേകുന്നതുമാകുവാൻ വേണ്ടി നമുക്ക് പ്രാർഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**

# പുല്ലുവിള സെന്റ് ജൂഡ് ഇംഗ്ലീഷ് മീഡിയം








**'എളിയവന്റെ അപേക്ഷ മേഘങ്ങൾ തുളച്ചുകയറുന്നു'**

*- ദൈവദാസി മദർ ഏലീശ്വാ*

തെരേസ്യൻ കർമലീത്താ സന്യാസസഭയുടെ ഭാഗമായ സെന്റ് ജൂഡ് ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ 1987 മുതൽ പുല്ലുവിള ഇടവകയിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. നിർദ്ദനരും, പാവപ്പെട്ടവരുമായ കുഞ്ഞുങ്ങൾക്ക് സാമാന്യം ഭേദപ്പെട്ട വിദ്യാഭ്യാസം, ജീവിത മൂല്യങ്ങൾ, ദൈവസ്നേഹം, പരസ്നേഹം എന്നിവയിൽ വേരൂന്നി ജീവിക്കുവാൻ പ്രാപ്തരാക്കുകയാണ് ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ ലക്ഷ്യം.

ഈ കൊച്ചുവിദ്യാലയത്തിൽ പ്രീ-കെജി, എൽകെജി, യുകെജി ക്ലാസുകളിലായി നൂറ്റിയൻപത് കുട്ടികളും സിസ്റ്റേഴ്സും, അധ്യാപകരും, അനധ്യാപകരും ചേർന്നു ഏറെ സന്തോഷത്തോടെ അധ്യാപനം നടത്തിവരുന്നു. വിവിധങ്ങളായ സ്കോളർഷിപ്പ് പരീക്ഷകൾ സംഘടിപ്പിക്കുന്നതുവഴി കുഞ്ഞുങ്ങളിൽ പഠനമികവ് വളരുന്നു. കൂടാതെ കുഞ്ഞുങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന സർഗവാസനകളെ തൊട്ടുണർത്തും വിധം കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയേതാക്കൾക്ക് സമ്മാനങ്ങൾ നൽകി അനുമോദിക്കുകയും ചെയ്യുന്നു. വി.യുദാശ്ലീഹയുടെ നാമധേയത്താൽ അനുഗ്രഹീതമായ സ്ഥാപനത്തിൽ പുണ്യവാന്റെ തിരുന്നാൾ ദിനത്തിൽ പുഷ്പങ്ങളും തിരികളുമായി എത്തുന്ന കുഞ്ഞുങ്ങൾ പ്രാർഥിക്കുന്ന കാഴ്ച ഏറെ ഭക്തിനിർഭരമാണ്. ഇവയ്ക്ക് പുറമെ ഓണം, ശിശുദിനം, ക്രിസ്മസ്, സ്വാതന്ത്ര്യ ദിനം എന്നിവ ഏറെ ഹൃദ്യമായി ആഘോഷിക്കപ്പെടുന്നു. കേരളത്തിലാദ്യമായി സ്ത്രീ വിദ്യാഭ്യാസത്തിന് നാന്നി കുറിച്ച സിറ്റിസി സഭയുടെ സഹസ്ഥാപകയായ മദർ ട്രീസയുടെ ആത്മീയ ചൈതന്യവും, സ്ഥാപകയായ മദർ ഏലീശ്വായിൽ നിന്നു ലഭിച്ച സിദ്ധിയും ഉൾക്കൊണ്ടു കുഞ്ഞുമക്കളിലേക്ക് ദൈവീക വെളിച്ചവും അറിവിന്റെ അനന്തതയും തുറന്നുകൊടുത്ത് വി. യൂദാ ശ്ലീഹയുടെ മധ്യസ്ഥതയാൽ ഈ കൊച്ചുവിദ്യാലയം പ്രശാന്തമായ് മുന്നേറുകയാണ്. ■

കഥ

# മിലോവ്

**വ**ണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്.

മിലോവിന്റെ സമപ്രായക്കാരെല്ലാം സൈന്യത്തിൽ ചേരാൻ പോയിട്ടും മിലോവ് ആടുകൾക്കൊപ്പം കഴിഞ്ഞു. മിലോവിനെ മറ്റുള്ളവർ എപ്പോഴും കളിയാക്കും.

'നല്ല തടിമിടുക്കുണ്ടല്ലോ. നാടിന് ഉപകാരമുള്ള വല്ല കാര്യത്തിനും പൊയ്ക്കൂടേ? പേടിത്തൊണ്ടൻ ..... ആടുകളെ മേച്ചു നടക്കുന്നു!.'

കളിയാക്കൽ കേട്ടാലും മിലോവ് ഒന്നും മിണ്ടില്ല. അവൻ ഉണ്ണുന്നതും ഉറങ്ങുന്നതുമൊക്കെ ആടുകൾക്കൊപ്പമാണ്. ചിലപ്പോൾ മിലോവ് ആടുകളോട് സംസാരിക്കുക പോലും ചെയ്യും! മിലോവ് ഒന്ന് തലയാട്ടിയാൽ പ്പോലും അതെന്തിനുവേണ്ടിയാണെന്ന് ആടുകൾക്ക് മനസ്സിലാകും . അത്ര ഇണക്കമാണ് മിലോവിനോട്.

നാളുകൾ കടന്നുപോയി. ഒരു രാത്രി മിലോവിന്റെ നാട്ടിൽ കൊള്ളക്കാരെത്തി. കരുത്തുള്ള യുവാക്കളെല്ലാം സൈന്യത്തിലായതു കാരണം മറ്റുള്ളവരെ കൊള്ളക്കാർ എളുപ്പത്തിൽ കീഴടക്കി. അക്കൂട്ടത്തിൽ മിലോവുമുണ്ടായിരുന്നു.കണ്ണിൽ കണ്ടതെല്ലാം കൊള്ളക്കാർ കവർച്ച ചെയ്തു. കൂടു തുറന്ന് ആടുകളെയും കൊള്ളക്കാർ തെളിച്ചു നടത്തി.

പിടികൂടിയവരെയും കൊണ്ട് കൊള്ളക്കാർ മല കയറാൻ തുടങ്ങി. ഒപ്പം ആടുകളുമുണ്ട്. ചെങ്കുത്തായ മലയുടെ ഒരു വശത്തൂടെ വരിവരിയായി പോകുകയായാണവർ.

പെട്ടെന്ന് മിലോവ് ഒരു പ്രത്യേക തരം ശബ്ദമുണ്ടാക്കി.അടുത്ത നിമിഷം ആട്ടിൻകൂട്ടത്തിലെ മുട്ടനാടുകൾ മുന്നോട്ടു കുതിച്ച് കൊള്ളക്കാരെ ഒറ്റയിടി! വിചാരിച്ചിരിക്കാതെ ഇടികൊണ്ട കൊള്ളക്കാർ മലയിൽ നിന്ന് താഴേക്ക് വീണു. ബാക്കിയുള്ളവരെ മിലോവും സംഘവും എളുപ്പത്തിൽ കീഴടക്കി.

'ആടുകളെ മേച്ചു നടന്നാലും നാടിന് ഉപകാരം ചെയ്യാമെന്ന് മനസിലായില്ലേ?' തിരികെ മലയിറങ്ങുമ്പോൾ മിലോവ് ചോദിച്ചത് കേട്ട് മറ്റുള്ളവർ ഒന്നും മിണ്ടിയില്ല.

**ഗുണപാഠം ::** *ഏതു ജോലിക്കും അതിന്റേതായ മഹത്വം ഉണ്ട്. ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത്...*





**ആ**നയ്ക്കൊത്തിരി വയറുണ്ടേ
നീളൻ തുമ്പിക്കൈയ്യുണ്ടേ
തുമ്പ പൂവിൻ നിറമുള്ള
കൂർത്ത കൊമ്പുകൾ രണ്ടുണ്ടേ.
പുറകുവശത്തൊരു വാലുണ്ടേ
വീശി നടക്കാൻ ചെവിയുണ്ടേ
അടിവച്ചങ്ങനെ ഗമയിൽ
പോകാൻ
തടിച്ച കാലുകൾ നാലുണ്ടേ.
കറു കറുത്തൊരു നിറമാണേലും
വെളുവെളുത്തൊരു മനസുണ്ടേ.

**പ്രാർഥിക്കുന്നതിന് മുൻപ് ക്ഷമിക്കുക**
*– ആവിലായിലെ വി. ത്രേസ്യ*



● ജെ.സി



# കാലാവസ്ഥ വ്യതിയാനത്തിനെതിരെ ഗ്രേറ്റട്യുൻബെർഗ്

യു.എൻ. കാലാവസ്ഥ ഉച്ചകോടിയിൽ ലോകനേതാക്കളെ രൂക്ഷമായി വിമർശിച്ച് ഗ്രേറ്റട്യുൻ സർഗ് എന്ന 16 വയസ്സുകാരി സ്വീഡിഷ് വിദ്യാർഥിനി ഇപ്രകാരം പറഞ്ഞു: "പൊള്ളയായ വാക്കുകളിലൂടെ നിങ്ങൾ എന്റെ സ്വപ്നങ്ങളും ബാല്യവും കവർന്നു. എന്നിട്ടും പ്രതീക്ഷയോടെ ഞങ്ങളുടെയടുത്തു വരാൻ നിങ്ങൾക്ക് എങ്ങനെ ധൈര്യം വന്നു?" ഈ ചോദ്യം ലോകമനസാക്ഷിയെ പൊള്ളിക്കുകയാണ്. മനുഷ്യവംശം കൂട്ടത്തോടെ നശിച്ചു പോകുമെന്ന് ഭയപ്പെടുന്നഘട്ടത്തിലെത്തിയിട്ടും കാലാവസ്ഥ വ്യതിയാനത്തിനെതിരെ കാര്യമായി ഒന്നും ചെയ്യാത്ത ലോകരാഷ്ട്രങ്ങളുടെ നേർക്കാണ് ഗ്രേറ്റയും ലോകത്താകമാനമുള്ള യുവതലമുറയും വിരൽ ചൂണ്ടുന്നത്. ആസന്നമൃതിയോടടുക്കുന്ന ഭൂമിയുടെ രക്ഷയ്ക്ക് ഒടുവിൽ ഒരാൾ വരിക തന്നെ ചെയ്തു. കാലാവസ്ഥ മാറ്റത്തോട് നിസംഗത പുലർത്തുന്ന ഭരണാധികാരികളെയും പൊതുസമൂഹത്തെയും അവൾ തട്ടിയുണർത്തി. തുടർച്ചയായ ഉരുൾപൊട്ടലും പ്രളയങ്ങളും ചുഴലിക്കാറ്റും ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾക്ക് മുന്നിൽ പകച്ചുനിൽക്കുന്ന കേരളത്തിൽ ഈ ചോദ്യത്തിന് പ്രസക്തിയേറെയാണ്. ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് ഐക്യരാഷ്ട്രസംഘടന തന്നെ വിലയിരുത്തിയ കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുവാനുള്ള ശ്രമങ്ങൾക്ക് പുറംതിരിഞ്ഞ് നിൽക്കുകയാണ് അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങൾ.

മലിനീകരണമില്ലാത്ത ഊർജ്ജ സ്രോതസ്സുകളും പോഷഷകാഹാരവും മറ്റ് ......... ജീവിതസൗകര്യങ്ങളും ഉറപ്പാക്കുന്ന ജീവിതക്രമമാണ് നാളെയുടെ ആവശ്യം. ഏറ്റവും ഉയർന്ന കാർബൺ ബഹിർഗമനത്തിലൂടെ ലോകത്തിന്റെ മൊത്തം കാലാവസ്ഥയുടെ താളം തെറ്റിയ്ക്കുന്ന രാജ്യങ്ങളാണ് പ്രതിരോധ പ്രവർത്തനങ്ങളോട് മുഖം തിരിഞ്ഞുനിൽക്കുന്നത്. 30 വർഷം പഴക്കമുള്ള മനുഷ്യാവകാശ ഉടമ്പടി നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിൽ ഈ രാജ്യങ്ങൾ പരാജയപ്പെട്ടുവെന്ന് പറഞ്ഞുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തിന് മനുഷ്യാവകാശമാനം കൂടി നൽകിയിരിക്കുകയാണ് ഈ കുട്ടികൾ. ഗ്രേറ്റ കഴിഞ്ഞവർഷം സ്വീഡനിൽ തുടക്കമിട്ട വെള്ളിയാഴ്ചകളിലെ പഠിപ്പുമുടക്കിയുള്ള സമരമാണ്. ഫ്രൈഡേയ്‌സ് ഫോർഫ്യൂച്ചർ എന്ന പേരിൽ പിന്നീട് വളർന്ന ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ കഴിഞ്ഞയാഴ്ച ലോകമെമ്പാടും കാലാവസ്ഥ സമരം നടന്നു. 40 ലക്ഷം കുട്ടികളാണ് ഇതിൽ പങ്കെടുത്തത്.

കേരളവും അതീവ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നാണ് തുടർച്ചയായി ഉണ്ടായ പ്രകൃതിക്ഷോഭങ്ങൾ, കഴിഞ്ഞ രണ്ടുവർഷങ്ങളിലെ പ്രളയ, ചുഴലിക്കാറ്റും കടലേറ്റവും പകർച്ചവ്യാധിയുമെല്ലാം നമ്മുടെ നാടിന്റെ സുരക്ഷ ഭാവിയെ കുറിച്ചുള്ള ആശങ്ക വർധിപ്പിച്ചിരിക്കുന്നു. പശ്ചിമഘട്ടമേഖലയുൾപ്പെടെയുള്ള അനധികൃത ഖനനവും തണ്ണീർ തടങ്ങളുടെ നശീകരണവും തീര സംരക്ഷണ നിയമലംഘനങ്ങളുമെല്ലാം ദുരന്തങ്ങളുടെ വ്യാപ്തി വർധിപ്പിക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണം പ്രകൃതി സംരക്ഷണം, മുന്നിൽ കണ്ടുകൊണ്ടുള്ളതാകണമെന്ന യുഎൻ റിപ്പോർട്ട് സർക്കാർ ഗൗരവപൂർവം കാണണം. കാർബൺ പുറംതള്ളുന്നതിന്റെ അളവ് കുറയ്ക്കാനും വികസന പ്രവർത്തനങ്ങൾ പ്രകൃതി സൗഹൃദമാക്കാനും ലക്ഷ്യബോധമുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകാനും നമുക്ക് കഴിയണം. ■

# വെട്ടുകാട് ക്രിസ്തുരാജത്വ തിരുനാൾ

2019 നവംബർ 15 മുതൽ 24 വരെ

## തിരുനാൾ തിരുക്കർമങ്ങൾ

### നവംബർ 15 വെള്ളി

6.15 am സമൂഹദിവ്യബലി : മുഖ്യകാർമികൻ: **ഫാ. ഷിജിൻ**

വചന പ്രഘോഷണം : **ഫാ. ഡാർവിൻ**

11.00 am സമൂഹദിവ്യബലി : മുഖ്യകാർമികൻ : **ഫാ. ആന്റണി എസ്.ബി**

വചന പ്രഘോഷണം : ഫാ. ബിനു അലക്സ്

4.00 pm ജപമാല, ലിറ്റിനി

4.30 pm സമൂഹദിവ്യബലി : മുഖ്യകാർമികൻ:

**ഡോ. ക്രിസ്തുദാസ് ആർ** : (അതിരൂപതാ സഹായ മെത്രാൻ)

7.00 pm ആഘോഷമായ തിരുനാൾ കൊടിയേറ്റ്

**ഫാ. ജോസഫ് ബാസ്റ്റിൻ** (ഇടവക വികാരി)

8.30 pm ക്രിസ്തുരാജ പാദപൂജ

### നവംബർ 16 മുതൽ 22 വരെ

5.15 am പ്രഭാത പ്രാർഥന, ദിവ്യകാരുണ്യ ആരാധന

രാവിലെ 6.15, 8.30, 11, വൈകിട്ട് 5.30 – ദിവ്യബലി

വൈകിട്ട് 5.00 – ജപമാല, ലിറ്റിനി

വൈകിട്ട് 7.30 – ക്രിസ്തുരാജ പാദപൂജ

### നവംബർ 23 ശനി

5.45 am പ്രഭാത പ്രാർഥന, ദിവ്യകാരുണ്യ ആരാധന

രാവിലെ 6.15 മുതൽ – വിവിധ ഭാഷകളിലും റീത്തുകളിലുമുള്ള ദിവ്യബലി

5.00 pm – സന്ധ്യാവന്ദന പ്രാർഥന

6.30 pm – ക്രിസ്തുരാജ തിരു സ്വരൂപം വഹിച്ചുകൊണ്ടുള്ള വർണോജ്ജ്വലവും ഭക്തിനിർഭരവുമായ പ്രദക്ഷിണം

### നവംബർ 24 ഞായർ

5 am സമൂഹദിവ്യബലി : മുഖ്യകാർമികൻ: **ഫാ. സൈമൺ**

വചന പ്രഘോഷണം : **ഫാ. ടോം ജോൺ തന്നിയിൽ**

6.00 am സമൂഹദിവ്യബലി : മുഖ്യകാർമികൻ : **ഫാ. ജോസഫ് ബാസ്കർ**

7.30 am സമൂഹദിവ്യബലി : മുഖ്യകാർമികൻ : **ഫാ. ജോസ് വിരുപ്പേൽ**

9.30 am സമൂഹദിവ്യബലി : മുഖ്യകാർമികൻ : **ഡോ. ഗ്ലാഡിൻ അലക്സ്**

വചന പ്രഘോഷണം : ഡോ. ചാൾസ് ലിയോൺ

5.00 pm പൊന്തിഫിക്കൽ സമൂഹ ദിവ്യബലി

**മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.** (അതിരൂപതാ മെത്രാപ്പൊലീത്ത)

RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00







Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto